# വിശുദ്ധ ലൂക്കാ എഴുതിയ സുവിശേഷവും
# വിശുദ്ധ പൗലോസ്
# തെസലോനിക്കായിലെ സഭയ്ക്ക് എഴുതിക
# ഒന്നും രണ്ടും ലേഖനങ്ങളും

**ലഘുപഠനങ്ങൾ**
**മാതൃകാചോദ്യങ്ങളും**



**കുര്യൻ വാലുപറമ്പിൽ**
**(എഡിറ്റർ)**

പ്രസിദ്ധീകരണം
**ബൈബിൾ അപ്പോസ്റ്റലേറ്റ്**
**തിരുവനന്തപുരം മേജർ ആർക്കി എപ്പിസ്കോപ്പൽ ഭദ്രാസനം**
**2006**

## ഭാഗം ഒന്ന്

# വിശുദ്ധ ലൂക്കാ എഴുതിയ സുവിശേഷം

(ഫാദർ കുര്യൻ വാലുപറമ്പിൽ)

## ആമുഖവിവരങ്ങൾ

1 ഈ ലഘുപഠനത്തിന്റെ സ്വഭാവത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് ആമുഖവിവരങ്ങളിലേക്കു കടക്കാം. ഇതിൽ ലൂക്കായുടെ സുവിശേഷത്തിന്റെ ഓരോ ഭാഗവും / എപ്പിസോഡും പ്രത്യേകം വിശകലനം ചെയ്ത് ദൈവശാസ്ത്രചിന്തകളോ അവയിൽ നിന്നുരിത്തിരിയുന്ന വിചിന്തനങ്ങളോ അവതരിപ്പിക്കുകയില്ല. പുതിയ നിയമത്തിലെ മൂന്നാമത്തെ സുവിശേഷവും അപ്പോസ്തലപ്രവർത്തനങ്ങളും ഒരേ ഗ്രന്ഥകർത്താവ് ഒരേ അനുവാചകർക്ക് — സിറിയായിലെ അന്ത്യോഖ്യയിൽ ക്രിസ്തീയ വിശ്വാസം സ്വീകരിച്ച യഹൂദേതരർക്ക് (വിജാതീയ ക്രിസ്ത്യാനികൾക്ക്) — എഴുതിയതാണ് (ലൂക്കാ 1,1–14;അപ്പ 1,1–2). രണ്ടും ഒരു കൃതിയുടെ രണ്ട് വാല്യങ്ങളായാണ് ഗ്രന്ഥകർത്താവ് സംവിധാനം ചെയ്തിട്ടുള്ളത് (ലൂക്കാ 1,1–14;അപ്പ 1,1–2). അതിന് രണ്ടു വാല്യങ്ങളിലും വേണ്ടുവോളം സൂചനകളുമുണ്ട്. രണ്ടു വാല്യങ്ങളുടെയും രചയിതാവ് ലൂക്കാ ആണെന്ന് അവയുടെ ഗ്രന്ഥകർതൃത്വം സംബന്ധിച്ച് ലഭ്യമായ എല്ലാ പുരാതന സാക്ഷ്യങ്ങളും സ്ഥിരീകരിക്കുന്നു.

2 **രണ്ടു വാല്യങ്ങളിലും കൂടി ലൂക്കാ ഒരു കഥ** (ഇതിവൃത്തം) **ആവിഷ്കരിക്കുന്നു.** ''... *സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണും*''എന്ന ദൈവപദ്ധതി യേശുക്രിസ്തുവിൽ പൂർത്തിയായ കഥ (ഇതിവൃത്തം) ആണത് (ഏശ 40,3–5; ലൂക്കാ 3,4–6). യേശുക്രിസ്തുവാണ് കർത്താവും രക്ഷകനും (ലൂക്കാ 2, 11; അപ്പ 4,12;5,31) രക്ഷയും (ലൂക്കാ 2,31;3,6;അപ്പ 28,28–31). ''സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണും'' (ലൂക്കാ 3,6;ഏശ 40,5) എന്ന വാഗ്ദാനം അവനിൽ പൂർത്തീകരിച്ചുകൊണ്ട് ''നമ്മുടെയിടയിൽ നിറവേറ്റപ്പെട്ട കാര്യങ്ങൾ'' ഒന്നാം നൂറ്റാണ്ടിലെ യഹൂദരാജ്യമായിരുന്ന പലസ്തീനായുടെ വടക്കേയറ്റമായ ഗലീലിയിൽ തുടങ്ങി ജറുസലേമിലും അവിടെനിന്നു വിജാതിയപ്രദേശമായിരുന്ന യൂറോപ്പിലും (അതിന്റെ തലസ്ഥാനമായിരുന്ന റോമാ വരെ: *ഗലീലി മുതൽ റോമാ വരെ*) സംഭവിച്ചതിന്റെ വിവരണമാണ് ലൂക്കാ രണ്ട് വാല്യങ്ങളിൽ എഴുതിയിട്ടുള്ളത്. ''നമ്മുടെയിടയിൽ നിറവേറ്റപ്പെട്ട കാര്യങ്ങൾ''എന്ന് പറയുന്നതിനർത്ഥം *ദൈവം നമ്മുടെയിടയിൽ നിറവേറ്റിയ കാര്യങ്ങൾ* എന്നാണ്. (*നിറവേറിയ* എന്നാണ് ഇപ്പോഴത്തെ പി.ഒ.സി ബൈബിളിൽ). ഒന്നാം നൂറ്റാണ്ടിലെ യഹൂദരാജ്യമായിരുന്ന പലസ്തീനാ യേശുവിന്റെയും ലൂക്കായുടെയും കാലത്തെ പലസ്തീനായാണ്; (ഇന്നത്തെ *പാലസ്റ്റയിൻ* മാത്രമല്ല).

3 ലൂക്കായുടെ കഥാവിവരണം ലൂക്കാ ''വചന''ത്തിനു ചെയ്യുന്ന സാക്ഷ്യശുശ്രൂഷയാണ്. അത് ആസ്വദിച്ചനുഭവിക്കാൻ സഹായകമായ ചില അടിസ്ഥാന വിവരങ്ങൾ നൽകുകയാണ് ഈ ലഘുപഠനത്തിന്റെ ഉദ്ദേശം. ലൂക്കായുടെ കഥാവിവരണത്തിന്റെ ഒന്നാം വാല്യമാണ് ലൂക്കായുടെ സുവിശേഷം. കഥാവതരണത്തിൽ അതിന്റെ പങ്കും അവതരണരീതിയും കഥാഭാഗവും മനസിലാക്കാനും പ്രതികരിക്കാനും സഹായകമായ ഏതാനും അടിസ്ഥാന സംഗതികൾ ചൂണ്ടിക്കാട്ടാനാണ് ഈ ലഘുപഠനത്തിൽ പരിശ്രമിക്കുക. ഇതിന് ആമുഖം കൂടാതെ രണ്ട് പ്രധാന ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗത്ത് ലൂക്കായുടെ സുവിശേഷത്തിന്റെ രൂപരേഖയും, രണ്ടാം ഭാഗത്ത് ദൈവം യേശുക്രിസ്തുവിൽ പൂർത്തിയാക്കിയ രക്ഷയുടെ ചില മാനങ്ങളും അവതരിപ്പിക്കുന്നു.



### ഗ്രന്ഥകാരനെക്കുറിച്ച് ബൈബിളിൽ നിന്ന് ചില വിവരങ്ങൾ

4 രണ്ടു വാല്യങ്ങളുടെയും രചയിതാവ് ഒരാൾ ആണെന്ന് അവയിൽ നിന്നുതന്നെ മനസിലാക്കാം. ലൂക്കായെക്കുറിച്ച് ചില വിവരങ്ങൾ വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളിലുണ്ട് (കൊളോ 4,14;2തീമോ 4,11;ഫിലെ 23). വിശുദ്ധ പൗലോസിന്റെ രണ്ടാമത്തെയും മൂന്നാമത്തെയും പ്രേഷിതയാത്രകളിൽ താൻ കൂടെയുണ്ടായിരുന്നു എന്ന പ്രതീതി വായനക്കാരിൽ ജനിപ്പിക്കാൻ ലൂക്കാ അപ്പോസ്തലപ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രമിച്ചിട്ടുണ്ട് (അപ്പ 16,10–11; 20,5–8). രണ്ടു വാല്യങ്ങളുടെയും ഗ്രന്ഥകർതൃത്വം സംബന്ധിച്ച് ലഭ്യമായിട്ടുള്ള എല്ലാ പുരാതന സാക്ഷ്യങ്ങളും അവയുടെ രചയിതാവ് ലൂക്കാ ആണെന്ന് സ്ഥിരീകരിക്കുന്നു.

ലൂക്കായും വിശുദ്ധ പൗലോസും തമ്മിൽ ചിന്താതലത്തിൽ, അതായത് ദൈവശാസ്ത്രപരമായി, പല മേഖലകളിലും ശ്രദ്ധാർഹമായ വ്യത്യാസങ്ങളുണ്ട്. രണ്ട് കാര്യം മാത്രം ഉദാഹരണങ്ങളായി ചൂണ്ടിക്കാട്ടാം. (ഒന്ന്) ''*വിജാതിയരുടെ അപ്പോസ്തലൻ*'' *എന്ന ലേബൽ ലൂക്കാ ഒരിക്കലും പൗലോസിന് നൽകുന്നില്ല.* ലൂക്കായുടെ വിവരണത്തിൽ പൗലോസ് വിജാതിയരുടെ മാത്രം അപ്പോസ്തലനല്ല. *കർത്താവിന്റെ നാമം സ്വജാതിയരുടെയും വിജാതിയരുടെയും രാജാക്കന്മാരുടെയും (ഭരണകർത്താക്കളുടെയും) ഇടയിൽ വഹിക്കാനാണ് കർത്താവ് പൗലോസിനെ തെരഞ്ഞെടുത്തത്* എന്നാണ് ലൂക്കായുടെ ഉറച്ച നിലപാട് (അപ്പ 9,15; 26,16–17). പൗലോസ് വിജാതിയ പ്രദേശങ്ങളിൽ സാക്ഷ്യശുശ്രൂഷാദൗത്യം നിർവഹിച്ച കഥ വളരെ പ്രാധാന്യത്തോടെ വിവരിച്ചിട്ടുണ്ട് ലൂക്കാ (അപ്പ 12–20 &27–28). അത് വിവരിക്കാൻ ലൂക്കാ തന്റെ കൃതിയിൽ നൽകിയിട്ടുള്ളതിനെക്കാൾ കൂടുതൽ ഇടം പൗലോസ് യഹൂദരുടെ (സ്വജാതിയരുടെ) ഇടയിൽ സാക്ഷ്യശുശ്രൂഷാദൗത്യം നിർവഹിച്ചത് വിവരിക്കാനാണ് മാറ്റിവച്ചിട്ടുള്ളത് (പ്രത്യേകിച്ച് അപ്പ 21–26). മാത്രമല്ല, യേശുക്രിസ്തുവിന്റെ സ്വർഗാരോഹണത്തിനു ശേഷം വിജാതിയരുടെയിടയിലുള്ള സാക്ഷ്യശുശ്രൂഷ കർത്താവ് നിർബന്ധിച്ചതനുസരിച്ച് ഉദ്ഘാടനം ചെയ്തത് പത്രോസാണ് (അപ്പ 10–11). (രണ്ട്) *പത്രോസിന്റെ നേതൃത്വത്തിലുള്ള പന്ത്രണ്ട് അപ്പോസ്തലന്മാരുടെ സംഘത്തിന്റെ (അപ്പോസ്തോലസംഘത്തിന്റെ) അനന്യ സ്ഥാനവും നേതൃത്വവും.* ഈ ഭൂമിയിൽ (*നമ്മുടെയിടയിൽ*: ലൂക്കാ 1,1) ജീവിച്ച് തന്റെ പിതൃനിയുക്തമായ ശുശ്രൂഷ പൂർത്തിയാക്കി സ്വർഗത്തിലേക്ക് എടുക്കപ്പെട്ട ചരിത്രപുരുഷനായ യേശുവും അവന്റെ ചരിത്രപരമായ തുടർച്ചയായ സഭയും തമ്മിൽ ബന്ധിപ്പിക്കുന്ന ചരിത്രപരമായ കണ്ണിയാണ് പന്ത്രണ്ട് ശിഷ്യന്മാരുടെ അപ്പോസ്തോലസംഘം. ഈ സംഗതി വായന

ക്കാർക്കു ബോധ്യം വരത്തക്കവിധം ക്രമമായി ലൂക്കായെപ്പോലെ പുതിയ നിയമ ഗ്രന്ഥകർത്താക്കളിൽ ആരും എഴുതിയിട്ടില്ല. ഈ അപ്പോസ്തോലസംഘത്തിൽ പൗലോസ് ഉൾപ്പെടുന്നില്ല.

ഇത്രയും എടുത്തു പറഞ്ഞത് ലൂക്കായ്ക്ക് സ്വന്തമായൊരു ദൈവശാസ്ത്ര സരണിയുണ്ട് എന്നും, ലൂക്കായുടെ രചന സഭാശാസ്ത്രപരമായി അനന്യമായ വിധം പ്രാധാന്യമുള്ളതാണ് എന്നും ചൂണ്ടിക്കാട്ടുവാൻ കൂടിയാണ്. ലൂക്കായുടെ രണ്ടു വാല്യങ്ങളും കൂടി പുതിയ നിയമത്തിന്റെ മൂന്നിലൊന്നുണ്ട് എന്ന വസ്തു തയും ലൂക്കായുടെ രചനയുടെ പ്രാധാന്യത്തിലേക്കു വിരൽ ചൂണ്ടുന്നു.

## ലൂക്കായുടെ രചന — വിവരണം; വചനത്തിനു സാക്ഷ്യശുശ്രൂഷ; രക്ഷാചരിത്രം

5 ലൂക്കാ തന്റെ കൃതിയെ ''വിവരണം'' (*ഡിയേഗേസിസ്*) എന്നും (ലൂക്കാ 1,1) ''വചനം'' എന്നും (അപ്പ 1,1: പി.ഒ.സി: *ഗ്രന്ഥം*) അനുവാചകർക്കു പരിചയപ്പെടു ത്തുന്നു. ''വിവരണം'' എന്ന പദം സൂചിപ്പിക്കുന്നത് ക്രമവും ചിട്ടയും തുടർച്ചയും, ഉപകഥകൾ തമ്മിലും അവയും കേന്ദ്രകഥയും തമ്മിലും ഉറ്റബന്ധവുമുള്ള ക്രമാനുഗതമായ കഥാരചനയെയാണ് (ലൂക്കാ 1,1-4). അതായത്, ചരിത്രത്തിന്റെ രൂപത്തിലുള്ള ഒരു ആഖ്യാനം. ലൂക്കായുടെ കാലത്ത് നിലവിലുണ്ടായിരുന്ന യവന (ഹെല്ലെനിസ്റ്റിക് / ഗ്രേക്കോ- റോമൻ) ചരിത്രരചനകളുടെ രൂപത്തിലുള്ള ഒരു വിവ രണം. യവനസാഹിത്യത്തിൽ പ്രഗത്ഭരായ ഗുരുക്കന്മാരുടെ ജീവചരിത്രത്തിൽ അവരുടെ പ്രഗത്ഭരായ ശിഷ്യരുടെ നേട്ടങ്ങളും ഉൾപ്പെടുത്തിയിരുന്നു. അത്തരം ജീവചരിത്രത്തിന്റെ രൂപവുണ്ട് ലൂക്കായുടെ ഇരുവാല്യരചനയ്ക്ക്.

6 ലൂക്കായുടെ രചന വചനശുശ്രൂഷയാണ്. ''വചനം'' എന്നും തന്റെ കൃതി യെ ലൂക്കാ വർണിക്കുന്നുണ്ടല്ലോ. ''... സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണും'' എന്ന ദൈവപദ്ധതി (ദൈവത്തിന്റെ വാക്ക്) തിരുഗ്രന്ഥത്തിൽ സാക്ഷ്യ പ്പെടുത്തിയിട്ടുണ്ട് (ഏശ 40,3-5; ലൂക്കാ 3,4-6). ദൈവത്തിന്റെ പദ്ധതി (ദൈവ)വച നമായി എഴുതപ്പെട്ടിട്ടുണ്ട്: തിരുവെഴുത്ത് / തിരുഗ്രന്ഥം / വചനം. തിരുഗ്രന്ഥം / വചനം ദൈവത്തിന്റെ സാർവജനീന രക്ഷാപദ്ധതിയുടെ വരമൊഴിസാക്ഷ്യമാണ്. വചനത്തിനു ശുശ്രൂഷ ചെയ്തുകൊണ്ടാണ് യേശുക്രിസ്തു സർവാശ്ലേഷിയായ ദൈവപദ്ധതി പൂർത്തിയാക്കിയത്. ദൈവം യേശുക്രിസ്തുവിൽ പൂർത്തിയാക്കിയ രക്ഷാപദ്ധതി യേശുവും അവന്റെ തുടർച്ചയായ സഭയും വചനത്തിനു ചെയ്യുന്ന ശുശ്രൂഷയിലൂടെ സകല മനുഷ്യർക്കും അനുഭവയാഥാർത്ഥ്യമായിത്തീരുന്നു (അപ്പ 10,36-43). ദൈവത്തിന്റെ സാർവജനീനരക്ഷാപദ്ധതി യേശുക്രിസ്തുവിൽ പൂർത്തിയായതിന്റെ (''നമ്മുടെയിടയിൽ നിറവേറ്റപ്പെട്ട''തിന്റെ: ലൂക്കാ 1,1) ചരി ത്രമാണ് രണ്ട് വാല്യങ്ങളിൽ ലൂക്കാ രചിച്ചിട്ടുള്ളത്. ലൂക്കായുടെ രചന രക്ഷാചരി ത്രമാണ്. ദൈവത്തിന്റെ വചനം വന്നതിന്റെയും വളർന്നതിന്റെയും ചരിത്രമാണ്.

''വചനം'' (*ലൊഗൊസ്*) എന്ന പദംകൊണ്ട് ലൂക്കാ എന്ത് വിഭാവനം ചെയ്യു ന്നു എന്ന സംഗതി വളരെ പ്രധാനമാണിവിടെ. സകല മനുഷ്യർക്കും വേണ്ടിയു ള്ള തന്റെ രക്ഷാപദ്ധതി ദൈവം യേശുക്രിസ്തുവിൽ പൂർത്തിയാക്കിയ ചരിത്രം



ലൂക്കാ തുടങ്ങുന്നത് ''... യോഹന്നാന് മരുഭൂമിയിൽ ദൈവത്തിന്റെ അരുളപ്പാട് വന്ന'' (പി.ഒ.സി: *അരുളപ്പാടുണ്ടായി*) കഥ പറഞ്ഞുകൊണ്ടാണ് (ലൂക്കാ 1,1-3). ദൈവവചനത്തിന് യേശുവും ശുശ്രൂഷ ചെയ്തു (ലൂക്കാ 4,18-27; 24,13-27.44-46; അപ്പ 10,36-37). (ലിഖിത)വചനത്തിന്റെ പൂർത്തീകരണവും വ്യാഖ്യാതാവും വ്യാ ഖ്യാനവും യേശുക്രിസ്തുവാണ് (ലൂക്കാ 4,18-20;24,25-27.44-46). ''വചനം'' കണ്ണി നു കാണപ്പെട്ട ഒരു യാഥാർത്ഥ്യമാണ് എന്ന് ദൃക്സാക്ഷികളെക്കുറിച്ചുള്ള പരാ മർശത്തിൽ (ലൂക്കാ 1,2) അന്തർഭവിച്ചിട്ടുണ്ട്. അത് യേശുക്രിസ്തുവത്രേ. അവനെ ശാരീരിക കണ്ണുകളാൽ കണ്ടവർക്ക് അനന്യമായ സ്ഥാനമുണ്ട് (അപ്പ 1,12-26). ബാഹ്യമായ ശാരീരിക കണ്ണുകൾ കൊണ്ട് കണ്ടവർ മാത്രം ദൃക്സാക്ഷികൾ എന്ന് ലൂക്കാ വിവക്ഷിക്കുന്നില്ല. കണ്ണുകൾകൊണ്ട് അവനെ കണ്ടില്ലെങ്കിലും (അപ്പ 9,3.8) പൗലോസും അവനെ ''കണ്ട്'' സാക്ഷ്യപ്പെടുത്തി (അപ്പ 26,16;2,32). അങ്ങനെ തന്നെ പ്രവാചകന്മാരും അവനെക്കുറിച്ചു സാക്ഷ്യപ്പെടുത്തി (അപ്പ 10,43;ലൂക്കാ 24,25-27.44-46). ലൂക്കായുടെ വിവരണത്തിൽ ''വചനം'' (*ലൊഗൊസ്*) എന്ന പദം യേശുക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തുന്ന തിരുഗ്രന്ഥത്തെയും യേശുക്രിസ്തുവിനെയും അവനെക്കുറിച്ചുള്ള പ്രഘോഷണത്തെയും സഭയെയും ഉൾക്കൊള്ളുന്നു.

നാലാം സുവിശേഷത്തിലെപ്പോലെ ദൈവപുത്രനായ യേശുക്രിസ്തുവിനെ യും വചനത്തെയും തമ്മിൽ നേരിട്ടു താദാത്മ്യപ്പെടുത്തുന്നില്ല ലൂക്കാ. എങ്കിലും താദാത്മ്യത്തോളം പോരുന്ന ഗാഢബന്ധം അവർ തമ്മിൽ ലൂക്കാ കാണുന്നു. അത് ''യേശു ... വളരുകയായിരുന്നു'' (ലൂക്കാ 2,52; പി.ഒ.സി: *വളർന്നുവന്നു*) എന്നതിനു സമാന്തരമായി ''(കർത്താവിന്റെ) വചനം വളർന്നു'' (അപ്പ 12,24;19,20; 6,7&13,49ഉം കാണുക) എന്ന വിവരണത്തിൽ സ്പഷ്ടമാണ്. അതുപോലെ തന്നെ ''... എനിക്കു സാക്ഷികളായിരിക്കണം'' എന്നു ഉയർത്തെഴുന്നേറ്റ കർത്താവേശുക്രിസ്തു നൽ കിയ കല്പനയുടെ നിർവഹണം (അപ്പ 1,6-8;അപ്പ 26,16) ''ക്രിസ്തുവിനെ / യേശുവിനെ വിളംബരം ചെയ്തു'' (അപ്പ 8,5;9,20), ''കർത്താവിന്റെ വചനം വിളംബരം ചെയ്തു'' (അപ്പ 15,36) എന്നിങ്ങനെ സമാന്തരങ്ങളായി വിവരിക്കുന്ന തിലും. വചനത്തിന്റെ വളർച്ചയുടെ സുപ്രധാനവും പ്രകടവുമായൊരു മാനമായി ശിഷ്യരുടെ സംഖ്യയുടെ (സഭയുടെ) വളർച്ചയും ലൂക്കാ അവതരിപ്പിക്കുന്നു. ''വചനം വളർന്നു'' എന്ന് രണ്ടാം വാല്യത്തിൽ പലവുരു ആവർത്തിക്കുന്നു (ഉദാ: അപ്പ 6,7;12,24;1 9,20). വചനത്തിന്റെ വളർച്ച സഭയുടെ വളർച്ചയാണ് (അപ്പ 6,7). യേശുക്രിസ്തുവിന്റെ വളർച്ചയുടെ (ലൂക്കാ 2,52) തുടർച്ചയും അതിനു സമാന്തര വുമാണ് വചനത്തിന്റെയും സഭയുടെയും വളർച്ച (ലൂക്കാ 2,52;അപ്പ 9,31;6,7). വചനത്തിന്റെ വളർച്ച സുവിശേഷപ്രവർത്തനത്തിലാണ്. വചനത്തിന്റെ വളർച്ചയിലാണ് രക്ഷ(യായ യേശുക്രിസ്തു) പുതിയ മേഖലകളിലേക്ക് അയയ്ക്ക പ്പെടുക. വചനത്തിന്റെ വളർച്ച, സുവിശേഷപ്രവർത്തനത്തിൻെറ വളർച്ച, രക്ഷയുടെ അയയ്ക്കപ്പെടൽ, സഭയുടെ വളർച്ചയിൽ ഫലപ്രാപ്തിയിലെത്തുന്നു (അപ്പ 2,47;14,22). രക്ഷാചരിത്രം സുവിശേഷപ്രവർത്തനത്തിന്റെയും സഭാവളർച്ചയുടെയും ചരിത്രം കൂടിയാകുന്നു.

## ഗ്രീക്ക്-യഹൂദചിത്രങ്ങളുടെ സമ്മേളനം

7 "... സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണും" എന്ന ദൈവപദ്ധതി / ദൈവത്തിന്റെ വചനം (ഏശ 40,3-5; ലൂക്കാ 3,4-6) യേശുക്രിസ്തുവിൽ പൂർത്തിയായ ചരിത്രം (കഥ) രചിക്കാൻ ലൂക്കാ പഴയ നിയമത്തിലെ (തിരുഗ്രന്ഥത്തിലെ) രക്ഷാചരിത്രവിവരണങ്ങളുടെയും തന്റെ കാലത്തെ യവന ചരിത്രരചനകളുടെയും രചനാസവിശേഷതകൾ സമഞ്ജസമായി സമ്മേളിപ്പിച്ചു. ഗ്രീക്കുകാരുടെ മതസങ്കല്പങ്ങളുടെയും ഗ്രീക്കുദൈവശാസ്ത്രജ്ഞന്മാരായ കവികൾ പറഞ്ഞിട്ടുള്ളതിന്റെയും പൂർത്തീകരണമായി യേശുക്രിസ്തുവിനെ അവതരിപ്പിക്കാനും ശ്രദ്ധിച്ചു (അപ്പ 17,22-28). ദൈവം നിറവേറ്റിയ രക്ഷയുടെ ചരിത്രം ലൂക്കാ തന്റെ കാലത്തെ യവന ചരിത്രരചനകൾക്കു സമാനമായ ഒരു ചരിത്രരചനയായി എഴുതി. വചനസാക്ഷ്യശുശ്രൂഷയ്ക്ക് ലൂക്കാ സ്വീകരിച്ച ഈ സമീപനരീതി ലോകത്തിലെ വ്യത്യസ്തങ്ങളായ സംസ്കാരങ്ങളുടെയും മനുഷ്യസമൂഹങ്ങളുടെയും മതാനുയായികളുടെയും ഇടയിൽ വചനത്തിനു സാക്ഷ്യശുശ്രൂഷ നിർവഹിക്കുന്നതിൽ സദാ വ്യാപൃതയായിരിക്കുന്ന ക്രിസ്തീയ സഭ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സകല മനുഷ്യരുടെയും രക്ഷയ്ക്കുള്ള തന്റെ പദ്ധതി ദൈവം യേശുക്രിസ്തുവിൽ പൂർത്തിയാക്കിയ ചരിത്രം ലോകചരിത്രത്തിന്റേതാണെന്ന് ലൂക്കാ രചനവഴി സമർത്ഥിക്കുന്നു. യേശുക്രിസ്തുവിന്റെയും സഭയുടെയും രക്ഷാകരശുശ്രൂഷയുടെ ചരിത്രം ലോകചരിത്രത്തിന്റെ ഭാഗമാണ്. ലോകവും അതിലെ സകല സമ്പന്നതകളും മൂല്യങ്ങളും ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ പൂർത്തീകരണത്തിന്റെ മേഖലയിൽപ്പെടുന്നവയാണ്. അതിൽ യേശുക്രിസ്തുവിന്റെയും അവന്റെ തുടർച്ചയായ സഭയുടെയും രക്ഷാകരശുശ്രൂഷയുടെ അർത്ഥവും പ്രാധാന്യവും മനസിലാക്കി സഭയും സഭാംഗങ്ങളും സാക്ഷ്യശുശ്രൂഷ നിർവഹിക്കണം. സഭ വചനത്തിനു സാക്ഷ്യശുശ്രൂഷ നിർവഹിക്കുന്ന സംസ്കാരങ്ങളുടെയും മനുഷ്യസമൂഹങ്ങളുടെയും മതാനുയായികളുടെയും ശൈലികളിൽ സ്വീകാര്യമായവയെല്ലാം പ്രയോജനപ്പെടുത്തി തന്റെ ദൗത്യം നിറവേറ്റണം. അവയിലൂടെയുള്ള ദൈവസംസാരം ശ്രവിക്കയും അതെപ്രതി അവയെ വിലമതിക്കയും ചെയ്തുകൊണ്ട് തന്റെ സാക്ഷ്യശുശ്രൂഷ നിർവഹിക്കണം.

8 "... സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണും" എന്ന ദൈവപദ്ധതി (ഏശ 40,3-5; ലൂക്കാ 3,4-6) യേശുക്രിസ്തുവിൽ പൂർത്തിയായി എന്ന ഇതിവൃത്തം (കഥ) അനാവരണം ചെയ്യുവാൻ ലൂക്കാ അനേകം സാഹിത്യസങ്കേതങ്ങളും സാഹിത്യരൂപങ്ങളും രംഗങ്ങളും കഥാപാത്രങ്ങളെയും ദൈവശാസ്ത്രപ്രമേയങ്ങളും പ്രയോജനപ്പെടുത്തുന്നുണ്ട്. (2002ലെ ലോഗോസ്ക്വിസിന് നൽകിയ ലൂക്കായുടെ സുവിശേഷത്തെക്കുറിച്ചുള്ള *ലഘുപഠന*ത്തിൽ ചില പ്രധാന പ്രമേയങ്ങൾ ചർച്ച ചെയ്തിരുന്നത് ഓർക്കുമല്ലോ). നാടകീയത ലൂക്കായുടെ രചനയുടെ ഒരു പൊതുരീതിയാണ്. നാടകീയത മുറ്റിനിൽക്കുന്ന എപ്പിസോഡുകൾ കോർത്തിണക്കിയാണ് ലൂക്കാ കേന്ദ്രകഥ അവതരിപ്പിക്കുക. അന്യോന്യം കൊരുത്തിട്ട അനേകം കഥകളിലൂടെയാണ് കേന്ദ്രകഥ (ഇതിവൃത്തം) ആവിഷ്കരിക്കുക. കഥ



വായിക്കുന്നവരെല്ലാം അതിലെ കഥാപാത്രങ്ങളായി പ്രതികരിക്കാൻ പ്രേരിപ്പിക്കുന്ന രചനയാണ് ലൂക്കായുടേത്. "ഞങ്ങൾ / ഞാൻ എന്തു ചെയ്യണം" എന്ന് ചോദിക്കുന്നവരെ കഥാവിവരണത്തിന്റെ ആരംഭം മുതൽ (ലൂക്കാ 3,10-14; അപ്പ 16,30) കാണാം. ലൂക്കായുടെ സുവിശേഷത്തിലെയും അപ്പോസ്തലപ്രവർത്തനങ്ങളിലെയും ഓരോ ഉപകഥയും വാക്യവും വായിക്കുമ്പോൾ വായിക്കുന്നവർ "ഞങ്ങൾ / ഞാൻ എന്തു ചെയ്യണം"എന്ന ചോദ്യം തങ്ങളോടുതന്നെ ആവർത്തിക്കണം. കേന്ദ്രകഥയും ഉപകഥകളും "നമ്മുടെയിടയിൽ നിറവേറ്റപ്പെട്ട കാര്യങ്ങളാണ്" (ലൂക്കാ 1,1). വിശ്വാസപ്രബോധനം ലഭിച്ചവർ അവയ്ക്ക് അന്യരായി നിന്നുകൊണ്ട് വായിച്ചാൽ ലൂക്കാ പറയുന്ന സുവിശേഷകഥ അവർക്ക് ഫലപ്രദമാകില്ല.

## രണ്ടു വാല്യങ്ങളുടെ ഉള്ളടക്കവും മുഖ്യകഥാപാത്രവും

9 കർത്താവും രക്ഷകനും രക്ഷയുമായ യേശുക്രിസ്തുവിൽ ദൈവം പൂർത്തിയാക്കിയ രക്ഷ യേശുക്രിസ്തുവിന്റെ കാലത്തെ (യഹൂദരാജ്യമായിരുന്ന) പലസ്തീനായുടെ വടക്കേയറ്റമായ ഗലീലി മുതൽ (ലൂക്കാ 4,14-15.16-30) അയഹൂദരുടെ (വിജാതിയരുടെ) കേന്ദ്രമായിരുന്ന റോമാ വരെ (അപ്പ 28,11-31) എത്തിയ കഥയാണ് രണ്ടു വാല്യങ്ങളിലായി ലൂക്കാ വിവരിക്കുകയെന്നു മുകളിൽ പറഞ്ഞുവല്ലോ. ദൈവത്തിന്റെ സാർവജനീന രക്ഷാപദ്ധതി പൂർത്തിയാക്കിയ യേശുക്രിസ്തുവിന്റെ ശുശ്രൂഷ മുതൽ രണ്ട് ഘട്ടങ്ങളുണ്ട് രക്ഷാവചനത്തിന് ലൂക്കാ ചെയ്യുന്ന സാക്ഷ്യശുശ്രൂഷയ്ക്ക്. ഒന്നാമത്തേത് യേശുക്രിസ്തു നേരിട്ട് ഈ ലോകത്തിൽ (തന്റെ കാലത്തെ പലസ്തീനായിൽ) ശുശ്രൂഷ ചെയ്ത ഘട്ടം. ശുശ്രൂഷ പൂർത്തിയാക്കി സ്വർഗാരോഹണം ചെയ്ത അവൻ പരിശുദ്ധാത്മാവിൽ സഭയിൽ സന്നിഹിതനായിരുന്ന് സഭയിലൂടെ ശുശ്രൂഷ ചെയ്യുന്നത് രണ്ടാം ഘട്ടം. ഉത്ഥിതനായ കർത്താവായ യേശുക്രിസ്തു താൻ പൂർത്തിയാക്കിയ ദൈവരക്ഷാപദ്ധതി തുടരുവാൻ അപ്പസ്തോലിക നേതൃത്വമുള്ള സഭയ്ക്ക് ദൗത്യമേല്പിച്ചു. തനിക്ക് ലോകാതിർത്തികളോളം (= അയഹൂദരുടെ നാട്ടിൽ) സാക്ഷികളാകണമെന്ന് ഉയർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തു അപ്പോസ്തലന്മാർക്ക് കല്പന നൽകി (ലൂക്കാ 24,47-49;അപ്പ 1,6-8). അതനുസരിച്ച് സഭ സാക്ഷ്യശുശ്രൂഷ തുടർന്നുകൊണ്ടിരിക്കുന്നു. അങ്ങനെ "... സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണും" എന്ന ദൈവപദ്ധതി (ഏശ 40,3-5; ലൂക്കാ 3,4-6) യേശുക്രിസ്തുവിൽ പൂർത്തിയായത് തുടർന്നുകൊണ്ടിരിക്കുന്നു (അപ്പ 28,16-31). ഒന്നാംഘട്ട ശുശ്രൂഷയുടെ, അതായത് യേശു നേരിട്ട് ശുശ്രൂഷ പൂർത്തിയാക്കിയതിന്റെ, വിവരണമാണ് ഒന്നാം വാല്യമായി ലൂക്കാ എഴുതിയ സുവിശേഷം. രണ്ടാം ഘട്ടത്തിലെ ശുശ്രൂഷയുടെ, അതായത് ഉയർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തു പരിശുദ്ധാത്മാവിനെ നൽകിയ സഭയിലൂടെ ശുശ്രൂഷ തുടരുന്നതിന്റെ, വിവരണമാണ് രണ്ടാം വാല്യം — അപ്പോസ്തലപ്രവർത്തനങ്ങൾ. രണ്ട് ഘട്ടത്തിലും യേശു ക്രിസ്തുവാണ് മുഖ്യ പ്രവർത്തകൻ. ഒന്നാം ഘട്ടത്തിൽ യേശു ഈ ലോകത്തിൽ മനുഷ്യർക്ക് നേരിട്ട് ദൃശ്യനായ വിധം. രണ്ടാം ഘട്ടത്തിൽ ഈ ലോകത്തിന് അദൃശ്യനായി സ്വർഗത്തിൽ പിതാവിന്റെ വലതുഭാഗത്തായിരുന്നുകൊണ്ട് പരിശുദ്ധാത്മാവിൽ സഭയിലൂടെ പ്രവർത്തിക്കുന്നു.

# ലൂക്കായുടെ സുവിശേഷത്തിന്റെ രൂപരേഖ

## സുവിശേഷത്തിന്റെ പൊതുവായ ഉള്ളടക്കം

10 രക്ഷയും രക്ഷകനുമായ യേശുക്രിസ്തുവിൽ ദൈവം പൂർത്തിയാക്കിയ രക്ഷ യേശുക്രിസ്തുവിന്റെ കാലത്തെ പലസ്തീനായുടെ വടക്കേയറ്റമായ ഗലീലി മുതൽ (ലൂക്കാ 4,14–15. 16–30) അയഹൂദരുടെ (വിജാതിയരുടെ) കേന്ദ്രമായിരുന്ന റോമാ വരെ (അപ്പ 28,11–31) എത്തിയ കഥയാണ് രണ്ടു വാല്യങ്ങളിലായി ലൂക്കാ വിവരിക്കുകയെന്നു പറഞ്ഞുവല്ലോ. കർത്താവും രക്ഷകനും രക്ഷയുമായ യേശുക്രിസ്തു തന്റെ കാലത്തെ പലസ്തീനായിൽ — വടക്ക് ഗലീലിയിൽ തുടങ്ങി ഗലീലിയിലും തൊട്ടടുത്തുള്ള ഏതാനും വിജാതിയ പ്രദേശങ്ങളിലും തെക്ക് യൂദയായുടെ തലസ്ഥാനമായ ജറുസലേമിൽ വരെ (ലൂക്കാ 4,1424,53;അപ്പ 10,36 42) — നേരിട്ട് പരസ്യമായി ദരിദ്രരോടു സുവിശേഷം അറിയിച്ച് ദൈവരാജ്യശുശ്രൂഷ (ദൈവികരക്ഷാപദ്ധതിക്ക് ശുശ്രൂഷ) ചെയ്ത കഥയാണ് ഒന്നാം വാല്യമായ സുവിശേഷത്തിൽ വിവരിക്കുക. യേശു ശുശ്രൂഷ മരണോത്ഥാനത്തിൽ പൂർത്തിയാക്കി സ്വർഗാരോഹണം ചെയ്തു. താൻ പൂർത്തിയാക്കിയ രക്ഷാപദ്ധതി തന്റെ സ്വർഗാരോഹണത്തിനു ശേഷം തുടരുവാനുള്ള ദൗത്യം അവൻ ജറുസലേമിൽ വച്ച് അപ്പോസ്തലസംഘത്തിന്റെ നേതൃത്വമുള്ള ശിഷ്യഗണത്തെ ഭരമേല്പിക്കുകയും, അവർക്ക് പ്രവർത്തനശക്തിയായി പരിശുദ്ധാത്മാവിനെ നൽകുകയും ചെയ്തു (ലൂക്കാ 22,47–49;അപ്പ 1,6–8;2,1–3). യേശുക്രിസ്തു നേരിട്ടു ചെയ്ത സുവിശേഷവേലയുടെ ഒരു പൊതു ചിത്രം നൽകുന്നു ലൂക്കായുടെ സുവിശേഷം (സുവിശേഷവിവരണം — ഒന്നാം വാല്യം). അതിലെ കഥകളെല്ലാം ''നമ്മുടെയിടയിൽ നിറവേറ്റപ്പെട്ട കാര്യങ്ങൾ'' ആകുന്നു.

## സുവിശേഷത്തിന്റെ പൊതു ഘടനയും അതിന്റെ വിശകലനവും

സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണുവാനുള്ള രക്ഷാകരപദ്ധതി യേശുക്രിസ്തുവിൽ പൂർത്തിയായതിനെക്കുറിച്ചുള്ള ലൂക്കായുടെ വിവരണത്തിന്റെ ഒന്നാം വാല്യം ആമുഖപ്രസ്താവന(1,1–4)യൊഴികെ മുഖ്യമായി രണ്ടു ഭാഗങ്ങളായി തിരിക്കാം: യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയ്ക്ക് പശ്ചാത്തലവും ഒരുക്കവും (1,5–4,13) എന്നും, അവൻ യൂദയാദേശം (യഹൂദരുടെ ദേശം) മുഴുവൻ നിറവേറ്റിയ ശുശ്രൂഷയുടെ വിവരണം എന്നും. ഓരോന്നും വീണ്ടും പല ഉപവിഭാഗങ്ങളാക്കാവുന്നതുമാണ്.

1,1–4: ആമുഖപ്രസ്താവന (രണ്ടു വാല്യത്തിനും പൊതുവാണ്).

1) 1,5–4,13: യേശുക്രിസ്തുവിന്റെ പരസ്യ ജീവിതത്തിന്റെ പശ്ചാത്തലവും ഒരുക്കവും

2) 4,14–24,53: രക്ഷയും രക്ഷകനുമായ യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷ യൂദയാദേശം (യഹൂദരുടെ ദേശം) മുഴുവൻ



## സുവിശേഷത്തിന്റെ ആമുഖപ്രസ്താവന (1,1–4)

11 ലൂക്കാ എന്ത് എഴുതുന്നു, വിവരങ്ങളുടെ ഉറവിടം (അവ എവിടെ നിന്നു ലഭിച്ചു), ആർക്ക് എഴുതുന്നു (രചനയുടെ ലക്ഷ്യം), രചന നിർവഹിക്കാൻ ലൂക്കാ എന്തു ചെയ്തു, രചനയുടെ ഉദ്ദേശം എന്നിവയെല്ലാം ആമുഖപ്രസ്താവനയിലുണ്ട്.

**രചനയുടെ ഉള്ളടക്കം**: ''നമ്മുടെയിടയിൽ നിറവേറ്റപ്പെട്ട (= ദൈവം നിറവേറ്റിയ; പി.ഒ.സി: *നിറവേറിയ*) കാര്യങ്ങളുടെ വിവരണമാണ് രണ്ടു വാല്യങ്ങളിൽ ലൂക്കാ എഴുതിയിട്ടുള്ളത്. കേന്ദ്രകഥയും അതാവിഷ്കരിക്കുന്ന ഉപകഥകളുമാണ് ''നമ്മുടെയിടയിൽ നിറവേറ്റപ്പെട്ട കാര്യങ്ങൾ.'' അവ ''... സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണും''(ലൂക്കാ 3,4–6) എന്നുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ പൂർത്തീകരണത്തിന്റെ വിശദീകരണങ്ങളാണ്.

**ഈ വിവരങ്ങളുടെ ഉറവിടം**: വിവരണമെഴുതാൻ തനിക്കു വിവരങ്ങൾ നൽകിയ ഉറവിടങ്ങളെക്കുറിച്ച് തുടക്കവാചകത്തിൽ ലൂക്കാ ഇങ്ങനെ പറയുന്നു: ''*നമ്മുടെയിടയിൽ നിറവേറ്റപ്പെട്ട കാര്യങ്ങളുടെ വിവരണമെഴുതാൻ അനേകം പേർ ശ്രമിച്ചിട്ടുണ്ടല്ലോ. അതാകട്ടെ, ആദിമുതൽതന്നെ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകരും ആയിക്കൊണ്ടിരുന്നവർ (പി.ഒ.സി: ആയിരുന്നവർ) നമുക്ക് ഏല്പിച്ചു തന്നിട്ടുള്ളതനുസരിച്ചാണ്...*'' ലൂക്കായ്ക്ക് വിവരങ്ങൾ ലഭിച്ചത് ''*നമ്മുടെയിടയിൽ നിറവേറ്റപ്പെട്ട കാര്യങ്ങളുടെ വിവരണമെഴുതാൻ അനേകം പേർ ശ്രമിച്ചിട്ടുള്ള*''തിൽ നിന്നും, അങ്ങനെയെഴുതാൻ അവർക്കുപോലും വിവരങ്ങൾ നൽകിയ സ്രോതസുകളിൽ നിന്നുമാണ്. ഇപ്പറഞ്ഞ സ്രോതസുകളെക്കുറിച്ചാണ് ''*അതാകട്ടെ, ആദിമുതൽതന്നെ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകരും ആയിക്കൊണ്ടിരുന്നവർ നമുക്ക് ഏല്പിച്ചു തന്നിട്ടുള്ളതനുസരിച്ചാണ്...*''എന്ന് പറഞ്ഞിട്ടുള്ളത്. ''ആദിമുതൽ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകരും ആയിക്കൊണ്ടിരുന്നവർ'' (ലൂക്കാ 1,2) ആരാണ് എന്ന് ലൂക്കാ വേറൊരിടത്ത് പറയുന്നു. പ്രവാചകന്മാർ, യോഹന്നാൻ, നസ്രയനായ യേശുക്രിസ്തു, അവന്റെ അപ്പോസ്തലന്മാർ എന്നിവരെല്ലാം അക്കൂട്ടത്തിൽപ്പെടും (അപ്പ 10,36–43). ''*ഏല്പിച്ചുതന്നിട്ടുള്ളത്*''എന്നതിനുപയോഗിച്ചിട്ടുള്ള ഗ്രീക്കുവാക്ക് *കൈമാറ്റത്തെ*, അതായത് *പാരമ്പര്യത്തെ*, സൂചിപ്പിക്കുന്നു. ആദിമുതൽ വചനത്തെ കണ്ടവർ അതിനു നൽകിക്കൊണ്ടിരുന്ന സാക്ഷ്യശുശ്രൂഷയിലൂടെ ലഭിച്ചതാണ് പാരമ്പര്യം. അതായത് ആദിമുതലുള്ള വചനശുശ്രൂഷാപാരമ്പര്യത്തിൽ നിന്നും ലൂക്കായ്ക്ക് വിവരങ്ങൾ ലഭിച്ചു.

''നമ്മുടെയിടയിൽ നിറവേറ്റപ്പെട്ട കാര്യങ്ങളുടെ വിവരണമെഴുതാൻ...'' ലൂക്കായ്ക്കു വിവരങ്ങൾ ലഭിച്ച സ്രോതസുകളിൽ മർക്കോസിന്റെ സുവിശേഷം, സുവിശേഷമെഴുതാൻ മത്തായിക്ക് സഹായകമായ ഉറവിടം, ലൂക്കായ്ക്കു മാത്രം ലഭ്യമായ വാമൊഴിയോ വരമൊഴിയോ ആയ ചില ഉറവിടങ്ങൾ എന്നിവയെല്ലാമുണ്ട്. പ്രവാചകഗ്രന്ഥങ്ങളും (പഴയ നിയമവും) ഉണ്ട്. യോഹന്നാൻ, നസ്രയനായ യേശുക്രിസ്തു, അവന്റെ അപ്പോസ്തലന്മാർ എന്നിവരുടെ വചനശുശ്രൂഷ

യുൾപ്പെടുന്ന അലിഖിതപാരമ്പര്യമുണ്ട്. ലൂക്കായക്ക് തന്റെ മാതൃസഭയിലൂടെ കൈവന്ന സഭാപാരമ്പര്യവും തീർച്ചയായുമുണ്ട്. അപ്രകാരം ലഭിച്ച കാര്യങ്ങളെല്ലാം പ്രയോജനപ്പെടുത്തി ലൂക്കാ ''നമ്മുടെയിടയിൽ നിറവേറ്റപ്പെട്ട കാര്യങ്ങളുടെ വിവരണം'' തന്റേതായ രീതിയിൽ പുനരവതരിപ്പിക്കുന്നു.

''വചനം'' എന്ന പദത്തിന് ലൂക്കായുടെ രചനയിലുള്ള അർത്ഥം മുകളിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ലൂക്കാ വചനത്തിനു സാക്ഷ്യശുശ്രൂഷ ചെയ്യുന്നത് തനിക്ക് ദൈവത്തിന്റെ രക്ഷാകരപദ്ധതിയെക്കുറിച്ചും, അതിൽ യേശുക്രിസ്തുവിന്റെ കേന്ദ്രസ്ഥാനക്കെുറിച്ചും, വരമൊഴിയായും വാമൊഴിയായും ലഭിച്ച സഭാപാരമ്പര്യത്തിൽ കാലുറപ്പിച്ചുകൊണ്ടാണ്. അതിൽ ലൂക്കായുടെ സഭയുടെ വചനശുശ്രൂഷാപാരമ്പര്യത്തിന് പ്രത്യേക സ്ഥാനമുണ്ട്. ലൂക്കാ വിവരിക്കുന്ന സംഭവങ്ങൾ പലതും തന്റെ സഭയിലും കണ്ടതാണ്. സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണാനുള്ള പദ്ധതി ദൈവം യേശുക്രിസ്തുവിൽ പൂർത്തിയാക്കിയെന്ന് തങ്ങളുടെ സമകാലീന മനുഷ്യസമൂഹങ്ങളോടു സാക്ഷിക്കുവാൻ സഭാവിശ്വാസികളെ പ്രചോദിപ്പിക്കുവാൻ പര്യാപ്തമായ സാക്ഷ്യശുശ്രൂഷ സഭയൊന്നാകെയും പ്രത്യേകം നിയുക്തരായവരും നിർവഹിക്കണമെന്ന് ലൂക്കാ വചനത്തിനു ചെയ്യുന്ന സാക്ഷ്യശുശ്രൂഷയിലൂടെ ആഹ്വാനം ചെയ്യുന്നു.

**ലൂക്കായുടെ സംഭാവന**: ''എല്ലാ കാര്യങ്ങളും പ്രാരംഭം മുതൽക്കേ സൂക്ഷ്മമായി പരിശോധിച്ചതിനു ശേഷം എല്ലാം ക്രമമായി എഴുതുന്നു.'' ഉറവിടങ്ങളിൽ നിന്നു ലഭിച്ച വിവരങ്ങളെല്ലാം തിരുവെഴുത്തുമായി (പഴയ നിയമത്തോട്) ഒത്തുനോക്കി പരിശോധിച്ചു (അപ്പ 17,11). തിരുഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളതനുസരിച്ചാണ് എല്ലാ കാര്യങ്ങളും നിറവേറ്റപ്പെട്ടതെന്ന് തീർച്ചയാക്കി. ''എല്ലാം ക്രമമായി'' എഴുതുന്നു. സംഭവങ്ങൾക്ക് പരസ്പരവും തിരുഗ്രന്ഥത്തോടുമുള്ള ബന്ധം സ്ഥാപിച്ചും, ദൈവപദ്ധതിക്കനുസൃതമായാണ് എല്ലാ കാര്യങ്ങളും നിറവേറിയതെന്നു സ്പഷ്ടമാക്കിയും ലൂക്കാ എഴുതുന്നു. ദൈവവചനത്തോടു വിശ്വസ്തമായും ദൈവപദ്ധതിക്കനുസരിച്ചും കാര്യങ്ങൾ നടക്കുന്നതിലാണ് ക്രമം.

**ആർക്ക് എഴുതുന്നു?** ''ശ്രേഷ്ഠനായ തെയോഫിലോസ്'' എന്ന് ലൂക്കാ തന്റെ അനുവാചകനെ സംബോധന ചെയ്യുന്നു. സമൂഹത്തിൽ ഉന്നത സ്ഥാനീയനായ ഒരാളായിരിക്കണം *തെയോഫിലോസ്*. യവനപാരമ്പര്യത്തിൽ പെട്ടവനായിരിക്കണം. ക്രിസ്തീയ വിശ്വാസപ്രബോധനം സ്വീകരിച്ച അയഹൂദരിൽപ്പെട്ടവരുടെ പ്രതിനിധിയാണ്. *തെയോഫിലോസ്* എന്ന വാക്കിന്റെ അർത്ഥം ദൈവത്തിന്റെ സ്നേഹിതൻ എന്നാണ്. ദൈവം സ്നേഹിക്കുന്നവനും ദൈവത്തെ സ്നേഹിക്കുന്നവനും. ദൈവം സ്നേഹിക്കുന്നു എന്നറിഞ്ഞ് ദൈവത്തെ സ്നേഹിക്കുന്നവരെ ലക്ഷ്യമാക്കി ലൂക്കാ ''വിവരണം'' എഴുതുന്നു. സീമാതീതമാണ് ലൂക്കാ ലക്ഷ്യമാക്കുന്ന അനുവാചകസമൂഹം. എന്നെ / നമ്മെ ദൈവം സ്നേഹിക്കുന്നു എന്നറിഞ്ഞ് ദൈവത്തോടുള്ള സ്നേഹത്താൽ പ്രേരിതരായി വായിച്ചാലേ ലൂക്കാ വചനത്തിന് വരമൊഴിയിൽ ചെയ്തിട്ടുള്ള സാക്ഷ്യശുശ്രൂഷ ശരിയായി ആസ്വദിക്കാൻ സാധിക്കൂ.



**രചനയുടെ ഉദ്ദേശം**: ''നിന്നെപഠിപ്പിച്ചിട്ടുള്ള വചനങ്ങളുടെ വിശ്വസ്തയെക്കുറിച്ചു നിനക്കു ബോദ്ധ്യം വരാനാണ്.'' (1,4). സകല മനുഷ്യർക്കും വേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതി യേശുക്രിസ്തുവിൽ പൂർത്തിയായി, അപ്പസ്തോലികസംഘത്തിൽ അടിസ്ഥാനമിടപ്പെട്ട സഭ അതു തുടർന്നുകൊണ്ടിരിക്കുന്നു; അയഹൂദരെയും (വിജാതിയരെയും) ദൈവം അതിലുൾപ്പെടുത്തിയിട്ടുണ്ട്; അവരെയും ദൈവം തന്റെ സാക്ഷാൽ ഇസ്രായേലിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നിവയെല്ലാമുൾപ്പെടുന്ന ക്രിസ്തീയ വിശ്വാസകാര്യങ്ങളിൽ പ്രബോധനം ലഭിച്ച യഹൂദേതരക്രിസ്ത്യാനികളെ വിശ്വാസത്തിൽ സ്ഥിരീകരിച്ച് സുവിശേഷപ്രവർത്തനത്തിനു പ്രചോദിപ്പിക്കാനാണ് ലൂക്കാ തന്റെ രചന നടത്തിയത്. തിരുഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളതനുസരിച്ചും ദൈവപദ്ധതിക്കനുസൃതമായുമാണ് എല്ലാ കാര്യങ്ങളും നിറവേറിയതെന്നു സ്പഷ്ടമാക്കുക. പ്രബോധിപ്പിക്കപ്പെട്ട കാര്യങ്ങളെല്ലാം വിശ്വസനീയമെന്ന് ഉറപ്പു നൽകുക. സകല മനുഷ്യർക്കും വേണ്ടിയുള്ള തന്റെ പദ്ധതി ദൈവം യേശുക്രിസ്തുവിൽ പൂർത്തിയാക്കിയത് എല്ലാ മനുഷ്യരും കാണുന്നത് തുടർന്നുകൊണ്ടിരിക്കണം. അതിന് വിശ്വാസിസമൂഹം എല്ലാവരോടും ദൈവരാജ്യം പ്രസംഗിക്കുകയും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് നിർബാധം ധൈര്യപൂർവം പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കണം (അപ്പ 28,23-31). ലൂക്കാ വിവരിക്കുന്ന സംഭവങ്ങൾ നമ്മുടെയിടയിലും നിറവേറ്റപെട്ടവയും ഇന്നും ഇനിയും തുടർന്നുകൊണ്ടിരിക്കേണ്ടവയുമാണ് (അപ്പ 28,30-31). നമുക്കു ലഭിച്ചിട്ടുള്ള വിശ്വാസപ്രബോധനത്തിൽ സ്ഥിരീകൃതരാകാനും വർദ്ധിതോത്സാഹത്തോടെ സുവിശേഷപ്രവർത്തനം തുടർന്നുകൊണ്ടിരിക്കാനും ലൂക്കായുടെ സുവിശേഷത്തിന്റെയും അപ്പോസ്തലപ്രവർത്തനങ്ങളുടെയും വായന നമ്മെ പ്രചോദിപ്പിക്കും.

12 **യേശുക്രിസ്തുവിന്റെ പരസ്യ ജീവിതത്തിന്റെ പശ്ചാത്തലവും ഒരുക്കവും (1,5-4,13)**: ഈ ഭാഗം വീണ്ടും രണ്ട് പ്രധാന ഉപവിഭാഗങ്ങളായി തിരിക്കാം (1) 1,5-2,52: ദൈവികവാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിന്റെ ആരംഭവിവരണം; (2) 3,1-4,13: യേശുവിന്റെ പരസ്യജീവിതത്തിനു (പരസ്യശുശ്രൂഷയ്ക്കു) വേണ്ടിയുള്ള അടുത്ത ഒരുക്കം.

13 **ദൈവികവാഗ്ദാനപൂർത്തീകരണത്തിന്റെ ആരംഭ സംഭവങ്ങൾ (1,5-2,52)**

മാനുഷികമായ എന്തെല്ലാം തടസങ്ങളുണ്ടായാലും, ദൈവഹിതം നിറവേറ്റുന്നവരെങ്കിലും പീഡിപ്പിക്കപ്പെടുന്ന തന്റെ നീതിനിഷ്ഠരിലൂടെ (= ധർമനിഷ്ഠരിലൂടെ) ദൈവം സകല മനുഷ്യർക്കും വേണ്ടിയുള്ള തന്റെ രക്ഷാകരവാഗ്ദാനം നിറവേറ്റുമെന്നതിന്റെ അടയാളങ്ങളും ആരംഭവുമായി ദൈവം നിറവേറ്റിയ ചില വാഗ്ദാനപൂർത്തീകരണങ്ങൾ വിവരിക്കുന്നു. അത്തരം സംഭവങ്ങളാണ് യേശുക്രിസ്തുവിന്റെ മുന്നോടിയും വഴിയൊരുക്കുകാരനുമായ യോഹന്നാന്റെയും യേശുക്രിസ്തുവിന്റെയും ജനനങ്ങളും ബാല്യകാലവളർച്ചയും.

യോഹന്നാന്റെ മാതാപിതാക്കന്മാരായ സഖറിയയും എലിസബേത്തും പുരോഹിത കുടുംബങ്ങളിൽപ്പെട്ടവരായിരുന്നു. ദൈവത്തിന്റെ മുമ്പിൽ നീതി

ഷ്ഠരും (= ധർമിഷ്ഠരും) കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും പാലിക്കുന്നവരും. പക്ഷേ മക്കളില്ലായ്മ നിമിത്തം വേദനിക്കുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തവരായിരുന്നു (ലൂക്കാ 1,25). എന്നിട്ടും തങ്ങളുടെ ധർമം നിറവേറ്റുന്നതിൽ അവർ വീഴ്ച വരുത്തിയില്ല. മാനുഷികമായി അസാദ്ധ്യമായിരുന്ന കാര്യം ദൈവം പ്രത്യേകം ഇടപെട്ട് അവർക്ക് സാധിച്ചുകൊടുത്തു (ലൂക്കാ 1,7.30). മറിയം കന്യകയും പുരുഷനെ അറിയാത്തവളുമായിരുന്ന അവസ്ഥയിൽ ഗർഭം ധരിക്കുക തീർത്തും അസാദ്ധ്യമാണ്. അവൾ കർത്താവ് പറയുന്നതു അക്ഷരംപ്രതി വിശ്വസിക്കുകയും ഓരോ സന്ദർഭത്തിലും അവൻ പറയുന്നതു (കർത്താവിന്റെ വാക്കു) മാത്രം തന്നിൽ നിറവേറാൻ ആഗ്രഹിക്കുകയും ചെയ്ത കർതൃദാസിയാണ്. അവൾ വലിയവനും അത്യുന്നതന്റെ പുത്രനും ദാവീദിന്റെ സിംഹാസനത്തിന്റെ നിത്യ ഭരണാധിപനുമായവനെ ഗർഭം ധരിച്ചു പ്രസവിക്കുന്നതിന് അവളിൽ ദൈവം യോഹന്നാന്റെ മാതാപിതാക്കന്മാരിൽ പ്രവർത്തിച്ചതിനെക്കാൾ വലിയ കാര്യം ചെയ്തു (ലൂക്കാ 1,28-38-56). അവ ദൈവം '' തന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് തന്റെ ദാസനായ ഇസ്രായേലിനെ സഹായിച്ചതിന്റെ തുടർച്ചയാണ്. ഇസ്രായേലിന്റെ പിതാക്കന്മാരായ അബ്രഹാമിനോടും സന്തതികളോടും എന്നേക്കുമായി ചെയ്ത വാഗ്ദാനം അനുസ്മരിക്കുന്നതാണ് (= പ്രവർത്തിക്കുന്നതാണ്)'' (ലൂക്കാ 1,54-55.72-73). സകല ജനതകൾക്കും വേണ്ടി രക്ഷയൊരുക്കും എന്നുള്ള വാഗ്ദാനം കർത്താവ് നിറവേറ്റുന്നത് അവന്റെ ഭക്തരായ ദാസർക്ക് കാണാനിടയാകുന്നതിന്റെ ഭാഗവും ആരംഭവുമാണ് (ലൂക്കാ 2,29-32).

വാഗ്ദാനപൂർത്തീകരണത്തിന്റെ ആരംഭസംഭവങ്ങൾ ഏഴ് പ്രധാന എപ്പിസോഡുകളിൽ അവതരിപ്പിക്കുന്നു: (1) കർത്താവിന്റെ (യേശുവിന്റെ) മുന്നോടിയും വഴിയൊരുക്കുകാരനുമായ യോഹന്നാന്റെ ജനനത്തെക്കുറിച്ച് അപ്പൻ സഖറിയായോടുള്ള ദൈവത്തിന്റെ വാഗ്ദാനം (ലൂക്കാ 1,5-25), (2) ദൈവം ദാവീദിനോടു ചെയ്തിരുന്ന വാഗ്ദാനം പൂർത്തീകരിച്ചുകൊണ്ട് യേശു ജനിക്കുമെന്ന് അമ്മ കന്യകമറിയമിനോടുള്ള വാഗ്ദാനം (ലൂക്കാ 1,26-38), (3) ഗർഭിണികളായ രണ്ട് അമ്മമാരുടെയും അഭിമുഖത്തിലൂടെ ഗർഭസ്ഥശിശുക്കളുടെ അഭിമുഖം (ലൂക്കാ 1,39-56), (4) യോഹന്നാന്റെ ജനനത്തിന്റെ എട്ടാം ദിവസത്തെ നാമകരണവും (ലൂക്കാ 1,57-79; ശുശ്രൂഷയ്ക്കു പ്രാപ്തനാകാൻ വേണ്ടിയുള്ള ശിശുവിന്റെ വളർച്ചയും (ലൂക്കാ 1,80), (5) യേശുവിന്റെ ജനനം (ലൂക്കാ 2,1-20), (6) യേശുവിന്റെ പരിച്ഛേദനം-സമർപ്പണം (ലൂക്കാ 2,21-38), (7) തന്റെ (സ്വർഗീയ)പിതാവിന്റെ ഭവനത്തിൽ ആയിരിക്കാനുള്ളവനാണ് താനെന്ന് തന്റെ ഭൗമിക മാതാപിതാക്കന്മാരെയും മറ്റുള്ളവരെയും പഠിപ്പിക്കാൻ യേശു യുവത്വത്തിലേക്കു പ്രവേശിച്ചപ്പോൾ പെസഹാപ്പെരുനാളിന് പിതാവിന്റെ ഭൗമികഭവനമായ ജറുസലേംദേവാവാലയത്തിലേക്കു തീർത്ഥാടനം പോയി അവിടെയായിരുന്നതും (ലൂക്കാ 2,39-55), ശുശ്രൂഷയ്ക്കു പ്രാപ്തനാകാൻ യേശുവിന്റെ വളർച്ചയും (ലൂക്കാ 2,52-53).

14 ലൂക്കാ 1,5-2,53ലെ കഥാക്രമീകരണത്തിന്റെ മുഖ്യമായ ഉദ്ദേശം *സകല മനുഷ്യർക്കും വേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ പൂർത്തീകരണത്തിൽ യേശുക്രിസ്തുവിന്റെ അതുല്യമായ വ്യക്തിത്വത്തിന്റെയും പരസ്യജീവിതത്തിന്റെയും (= ശുശ്രൂഷയുടെയും) അനന്യമായ കേന്ദ്രസ്ഥാനം അവതരിപ്പിക്കുകയാണ്.* സകല മനുഷ്യർക്കും വേണ്ടിയുള്ള തന്റെ രക്ഷാകര പദ്ധതി യേശുക്രിസ്തുവിൽ പൂർത്തിയാക്കുന്നതിൽ ദൈവം അനേകരെ സഹകരിപ്പിക്കുന്നു. അങ്ങനെ യോഹന്നാനും മാതാപിതാക്കന്മാരും, യേശുവിന്റെ അമ്മ മറിയം, അഗസ്റ്റസ് സീസർ, ആട്ടിടയന്മാർ, മാലാഖമാർ, ജറുസലേംദേവാലയം, ഭക്തരായ ശിമയോനും ഹന്നയും ജറുസലേംദേവാലയത്തിൽ യേശുവിനോടു തർക്കിക്കുന്നവർ എന്നിങ്ങനെ അനേകർ. യേശുവിന്റെ പരസ്യ ശുശ്രൂഷക്കാലത്തു അപ്പോസ്തലന്മാരും ശിഷ്യസമൂഹവും ജനവും യഹൂദരും അയഹൂദരുമായ മറ്റനേകം വ്യക്തികളും വിജാതിയരും. ഉത്ഥാനാന്തര ഘട്ടത്തിൽ പൗലോസിനെപ്പോലുള്ള സാക്ഷികളും, അവരെ തുടർന്ന് അനേകരും ഇന്ന് നമ്മളും ഉണ്ട്. യേശുവിന്റെയും അവന്റെ സാക്ഷികളുടെയും ശത്രുക്കളെയും അവതരിപ്പിച്ചിട്ടുണ്ട്. എല്ലാ കഥാപാത്രങ്ങൾക്കും അവരുടെ പ്രവർത്തനങ്ങൾക്കും അതാതിന്റെ പങ്കും പ്രാധാന്യവുമുണ്ട്. അക്കൂട്ടത്തിൽ യോഹന്നാന്റെയും, വിശേഷിച്ച് യേശുവിന്റെ അമ്മയുടെയും, റോളുകൾ അതുല്യങ്ങളാണ്. യേശുവിന്റെ അമ്മയെക്കുറിച്ച് വളരെ പ്രധാനപ്പെട്ട വിവരങ്ങൾ ലൂക്കാ നൽകിയിട്ടുണ്ട്. എലിസബേത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അവളെ ''എന്റെ കർത്താവിന്റെ അമ്മ'' എന്നു വിളിച്ചു; അവൾ തന്റെയടുക്കലേക്കു വരാൻ തനുക്കു യോഗ്യതയില്ലെന്നും, കർത്താവിന്റെ പ്രത്യേക കാരുണ്യംകൊണ്ടാണ് അവൾ തന്റെ പക്കലേക്കു വരാനിടയായതെന്നും അർത്ഥമുള്ള വാക്കുകൾ പറഞ്ഞു. ഇതെല്ലാം ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ട്. എലിസബേത്തിനെ പ്രചോദിപ്പിച്ച പരിശുദ്ധാത്മാവ് നമ്മെയും പ്രചോദിപ്പിക്കുന്നതിനാലാണ് നമുക്ക് യേശുവിന്റെ അമ്മയെ ''കർത്താവിന്റെ അമ്മ'' എന്ന് വിളിക്കാൻ കഴിയുക. അവളെ അപ്രകാരം വിളിച്ച് ആദരിക്കാൻ പരിശുദ്ധാത്മാവിന്റെ കൃപ സ്വീകരിച്ചിട്ടില്ലാത്ത ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്ന അനേകരുണ്ട്. നിരവധി കഥാപാത്രങ്ങളെയും അവരെ ചുറ്റിപ്പറ്റിയുള്ള സംഭവങ്ങളും ലൂക്കാ അവതരിപ്പിക്കുന്നതിന്റെ പരമമായ ഉദ്ദേശം ഈ ഖണ്ഡികയുടെ ആരംഭ ത്തിൽ പറഞ്ഞതുതന്നെ. അവർക്കോ അവരുടെ റോളുകൾക്കോ യേശുക്രിസ്തുവിന്റെയോ അവന്റെ റോളിന്റെയോ സ്ഥാനമില്ല.

ദൈവം യേശുക്രിസ്തുവിൽ തന്റെ രക്ഷാകരപദ്ധതി പൂർത്തിയാക്കിയ കഥ ലൂക്കാ യേശുവിന്റെ മുന്നോടിയുടെ മാതാപിതാക്കന്മാരെ അവതരിപ്പിച്ചുകൊണ്ട് പറയുന്നതിന്റെ ധ്വനി മുകളിൽ സൂചിപ്പിച്ചു. അവരെ അപ്രകാരം അവതരിപ്പിക്കുന്നതുവഴി യേശുക്രിസ്തുവിനെ അവതരിപ്പിക്കുകയാണെന്നതിന് ഒരുദാഹരണം എടുത്തുകാട്ടട്ടെ: അവർ നീതിഷ്ഠർ (ധർമനിഷ്ഠർ) ആയിരുന്നു; പുരോഹി തകുടുംബത്തിൽ പെട്ടവരായിരുന്നു; സഖറിയ ജറുസലേംദേവാലയത്തിൽ (സന്ധ്യാ)ബലി അർപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു എന്നെല്ലാം പ്രത്യേകം വർ ണിക്കുന്നു. അപ്രകാരം വർണിക്കുന്നത് നീതിമാനായ (ധർമനിഷ്ഠനായ) യേശു (ലൂക്കാ 23,47) പിതാവിന്റെ ഹിതം മാത്രമനുസരിച്ച് തന്റെ ധർമം നിർവഹിക്കും; സന്ധ്യാബലിയായി സ്വയമർപ്പിച്ച് (ലൂക്കാ 23,44-47) പിതാവിന്റെ

ഭവനത്തിലേക്ക് ആരാധ്യനായ നിത്യപുരോഹിതനായി ആരോഹണം ചെയ്യും (ലൂക്കാ 23,44–47; 24,50–53.26;9,51;2,49) എന്ന് ധ്വനിപ്പിക്കാനാണ്. പഴയനിയമ പ്രകാരമുള്ള പുരോഹിതൻ സഖറിയായ്ക്ക് തന്റെ ശുശ്രൂഷ പൂർത്തിയാക്കാൻ സാധിച്ചില്ല. ശുശ്രൂഷയുടെ അവസാനം കൈകളുയർത്തി ആരാധകസംഘത്തെ അനുഗ്രഹിച്ച് പറഞ്ഞയയ്ക്കണമായിരുന്നു (കാണുക സംഖ്യ 6,24–26;ലേവ്യ 9,22;പ്രഭാ 50,20). പക്ഷേ സഖറിയായ്ക്ക് അത് ചെയ്യാൻ സാധിച്ചില്ല (ലൂക്കാ 1,21–22). എന്നാൽ യേശു തന്റെ ശുശ്രൂഷ പൂർത്തിയാക്കിയപ്പോൾ തന്റെ ആരാധകസംഘത്തെ കൈകളുയർത്തി അനുഗ്രഹിച്ചു (ലൂക്കാ 24,5–52). യേശുക്രിസ്തു പഴയ നിയമ പൗരോഹിത്യശുശ്രൂഷയെയും പൂർത്തീകരിച്ചു. സകല ജാതിമതസ്ഥർക്കും രക്ഷകനും കർത്താവും (ലൂക്കാ 2,11) രക്ഷയും (2,31–32) സമാധാനവുമായ (ലൂക്കാ 2,14) അവനിൽ ദൈവം രക്ഷാപദ്ധതി പൂർത്തിയാക്കിയിരിക്കുന്നു. ഈ പദ്ധതിയിൽ അവന്റെ സ്ഥാനം മറ്റാർക്കുമില്ല. പദ്ധതിയിൽ ദൈവത്തോടു സഹകരിക്കുന്നവരെല്ലാം യേശുക്രിസ്തുവിന്റെ സാക്ഷികളും ശുശ്രൂഷകരും മാത്രം. കർത്താവിന്റെ സന്നിധിയിൽ വലിയവനായ യോഹന്നാനെക്കാൾ വലിയവനും ശക്തനുമാണ് അവനു ശേഷം വരുന്ന കർത്താവായ യേശുക്രിസ്തു. അവനാണ് സകല ജാതിമതസ്ഥർക്കും സമാധാനവും രക്ഷയും രക്ഷകനുമായി ഇസ്രായേലിലെ യഥാർത്ഥ ഭക്തർ ദൈവത്തിന്റെ വാഗ്ദാനമനുസരിച്ച് പ്രതീക്ഷിച്ചിരിക്കുന്നത്. അവനെ കാണുന്നവർക്ക് സമാധാനം അനുഭവിക്കാം. അവർ അവനെ സകല മനുഷ്യർക്കും സമാധാനമായ രക്ഷയും രക്ഷകനുമെന്ന് വിളംബരം ചെയ്യും. ഇക്കാര്യങ്ങളെല്ലാം യേശുക്രിസ്തുവിനെക്കുറിച്ച് ലൂക്കാ (1,5–2,53) സാക്ഷിക്കുന്നു.

**യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ അടുത്ത പശ്ചാത്തലവും ഏറ്റവുമടുത്ത ഒരുക്കവും** (3,1–4,13): നാല് ഉപവിഭാഗങ്ങളുണ്ട്.

15 **സ്നാപകയോഹന്നാന്റെ ശുശ്രൂഷ** (3,1–20): ഇസ്രായേലിലെ ഭക്തരുടെ ചിരകാല പ്രതീക്ഷയുടെയും കർത്താവിന്റെ അരുളപ്പാടുകൾ വന്നിട്ടുള്ള പ്രവാചകന്മാർ വചനത്തിന് ആദിമുതൽ ചെയ്തിട്ടുള്ള സാക്ഷ്യശുശ്രൂഷയുടെയും പശ്ചാത്തലത്തിൽ യഹൂദയിസ്രായേലിലെ അവസാന പ്രവാചകനായ യോഹന്നാൻ (ലൂക്കാ 16,16) തന്റെ പിന്നാലെ വരുന്ന കർത്താവിനെ, തന്നെക്കാൾ ശക്തനായവനെ, സ്വീകരിക്കാൻ സാക്ഷ്യശുശ്രൂഷ ചെയ്ത് ജനത്തെ ഒരുക്കുന്നു. അവന് മരുഭൂമിയിൽ കർത്താവിന്റെ *അരുളപ്പാട് വന്ന*തനുസരിച്ചാണ് അതു ചെയ്യുക. അവസാന നാളുകളിൽ കർത്താവിന്റെ വരവ് അറിയിച്ചുകൊണ്ട് പുനരാഗമിക്കുന്ന ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടും കർത്താവിന്റെ മുമ്പേ പോകുന്നവനാണ് യോഹന്നാൻ. അവന്റെ പിമ്പേ വരുന്നവൻ യുഗാന്ത്യ കർത്താവാണെന്ന് ധ്വനി. അത് വ്യക്തമാക്കിക്കൊണ്ട് യോഹന്നാൻ പിമ്പേ വരുന്ന കർത്താവിനെ ജനത്തിനു മുൻകൂട്ടി പരിചയപ്പെടുത്തുന്നു; പാപമോചനം വഴിയുള്ള രക്ഷയ്ക്ക് അവനെ സ്വീകരിക്കാൻ – അനുതാപത്തിന്റെ അടയാളമായ ജ്ഞാനസ്നാനം നൽകി – അവരെ ഒരുക്കുകയും ചെയ്യുന്നു. അനുതാപത്തിന്റെ സദ്ഫലങ്ങൾ സാമൂഹ്യബന്ധങ്ങളിൽ പ്രായോഗികമാക്കാൻ പഠിപ്പിക്കുകയും ചെയ്യുന്നു.



16 **യേശുവിന്റെ പരിശുദ്ധാത്മാഭിഷേകവും നിയോഗവും സ്വർഗത്തിൽ നിന്നുള്ള വെളിപ്പെടുത്തലും** (3,21–22): സ്വർഗം യേശുവിനെ ശുശ്രൂഷയ്ക്ക് ഒരുക്കുന്നു. ലൂക്കാ യേശുവിന്റെ ജ്ഞാനസ്നാനം വിവരിക്കുന്നില്ല. സാന്ദർഭികമായി പരാമർശിക്കുക മാത്രം ചെയ്യുന്നു. ജ്ഞാനസ്നാനം കഴിഞ്ഞ് ഏതോ ഒരു സമയം യേശു പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, മറുപടിയായി മറ്റുള്ളവർ കാൺകെ സ്വർഗം തുറന്ന് പരിശുദ്ധാത്മാവ് ദൃശ്യമായൊരു (പ്രാവിന്റെ) രൂപത്തിൽ അവന്റെമേൽ ഇറങ്ങിവന്ന് അവനെ ശുശ്രൂഷയ്ക്ക് അഭിഷേചിച്ചു നിയോഗിച്ചു (ലൂക്കാ 3,21). അത് യേശുവിനും അനുഭവസ്ഥമായി (ലൂക്കാ 4,18). തന്റെ (ദൈവ)പിതാവിന്റെ *പ്രിയ (വത്സല) പുത്രനും പരിശുദ്ധാത്മാവിനാൽ അഭിഷിക്തനും കർത്താവ് പ്രസാദിച്ച ദാസനു*മെന്ന നിലയ്ക്ക് യേശു ശുശ്രൂഷ ചെയ്യണമെന്ന് ദൈവപിതാവ് സ്വർഗത്തിൽ നിന്ന് യേശുവിനെ ഓർപ്പിക്കുകയും ചെയ്തു (ലൂക്കാ 3,22). യേശു ഇസ്രായേലിന്റെ അഭിഷിക്തരാജാവെന്ന നിലയ്ക്കും ദൈവപുത്രനാണ്; തന്റെ രാജാധികാരം (ഭരണാധികാരം) പിതാവിന്റെ ഹിതമനുസരിച്ച് (ആത്മ)ബലിയർപ്പിച്ച് സ്ഥാപിക്കണം; സഹനദാസന്റെ ശുശ്രൂഷയാണത്. ഈ ക്രിസ്തുരഹസ്യങ്ങൾ 3,21–22ലെ വിവരണം ഉൾക്കൊള്ളുന്നു. ഇക്കാര്യങ്ങളെല്ലാം കണ്ടു സാക്ഷിക്കുന്നവർ ഉണ്ടായിരിക്കും എന്ന വസ്തുതയും വിവരണത്തിൽ അന്തർഭവിച്ചിട്ടുണ്ട്.

17 **യേശുവിന്റെ വംശാവലി** (3,23–38): മനുഷ്യവംശം മുഴുവനും വേണ്ടിയുള്ള ശുശ്രൂഷയ്ക്ക് യേശുക്രിസ്തു യോഗ്യനാണ്. ആദത്തിൽ ആരംഭിക്കുന്ന ദൈവമക്കളായ മനുഷ്യകുലം മുഴുവനും ആവശ്യമായതും അതു പ്രതീക്ഷിക്കുന്നതുമായ ദൈവത്തിന്റെ രക്ഷാകരപദ്ധതി പൂർത്തിയാക്കാൻ ദൈവത്തിന്റെ പുത്രനും ആദത്തിന്റെ പുത്രനുമായ യേശു യോഗ്യനാണെന്നു വംശാവലി സ്ഥാപിക്കുന്നു. രക്ഷാകരപദ്ധതിയിൽ ദൈവം പ്രത്യേകം ഇടപെടുത്തിയ ഇസ്രായേലിന്റെ പിതാക്കന്മാരുടെ വംശാവലിപ്രകാരവും, ദൗത്യം നിർവഹിക്കാനുള്ളയാളിന്റെ യോഗ്യത കുടുംബപാരമ്പര്യമനുസരിച്ചു കണക്കാക്കുന്ന ഗ്രീക്കു പാരമ്പര്യമനുസരിച്ചും യേശു യോഗ്യനാണെന്നു ലൂക്കാ ചൂണ്ടിക്കാട്ടുന്നു. യേശുക്രിസ്തുവിന്റെ ശുശ്രൂഷ മനുഷ്യവംശം മുഴുവനും വേണ്ടിയാണ്. മനുഷ്യവംശം മുഴുവനും അവന്റെ ശുശ്രൂഷ സ്വീകരിക്കണമെന്ന ആഹ്വാനവും അതിലുണ്ട്. കാരണം യേശു മനുഷ്യകുലം മുഴുവന്റെയും, പ്രത്യേകിച്ച് അവനു മുമ്പുള്ള ചരിത്രത്തിന്റെയും, പൂർത്തീകരണവും പരിസമാപ്തിയും രക്ഷകനുമാകുന്നു. മനുഷ്യവംശത്തിന്റെ ചരിത്രത്തിൽ യേശുവിന് അദ്വിതീയമായ സ്ഥാനമുണ്ട്. ഇപ്രകാരം യേശുവിനെ അവതരിപ്പിച്ച് അവനെ സ്വീകരിക്കാൻ ലൂക്കായും മനുഷ്യകുലം മുഴുവനെയും ഒരുക്കുന്നു.

18 **മരുഭൂപരീക്ഷ** (4,1–13): യേശു തന്നെ മരുഭൂമിയിൽ പരീക്ഷിച്ച പിശാചിനെ പരിശുദ്ധാത്മശക്തിയാൽ പരാജയപ്പെടുത്തുന്നു. യേശുവിന്റെ പരസ്യജീവിതത്തിന്റെ ഉദ്ദേശം ഈ ലോകത്തിൽ പിശാചിനെ പരാജയപ്പെടുത്തി ദൈവരാജ്യം പുനഃസ്ഥാപിക്കുകയാണ് (ലൂക്കാ 11,14–23; പ്രത്യേകിച്ച് വാക്യം 20). മനുഷ്യകുലത്തെപിശാചിന്റെ ഭരണത്തിൽ നിന്ന് മോചിപ്പിച്ച് ദൈവം ഭരിക്കുന്ന സ്ഥിതയി

ലേക്ക് തിരികെ കൊണ്ടുവന്ന് ദൈവസന്നിധിയിലേക്കുയർത്തുക. അത് സാധിക്കുമെന്ന് രംഗത്തിറങ്ങുന്നതിനു തൊട്ടു മുമ്പ് ഉറപ്പാക്കുകയും തെളിയിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാഭിഷിക്തനും ദൈവത്തിന്റെ പ്രിയ പുത്രനും കർതൃദാസനും മനുഷ്യകുലത്തിലെ അംഗവുമായ താൻ തന്റെ പരസ്യ ജീവിതത്തിന്റെ ഉദ്ദേശം നേടുന്നത് എപ്രകാരമെന്ന് ത്രിവിധ പരീക്ഷകൾ വിജയിച്ച് വ്യക്തമാക്കിയിട്ടാണ് യേശു രംഗത്തിറങ്ങുക. ദൈവവചനം (ദൈവഹിതം) മറന്ന് സ്വാർത്ഥതയുടെ അപ്പമുണ്ടാക്കിയല്ല; യഥാർത്ഥത്തിൽ ദൈവത്തിന്റെ വകയും അവന്റെ അധികാരത്തിലുള്ളവയുമായ ലോകവും അതിന്റെ ധന്യതകളും പിശാചിന്റേതാണെന്ന് തെറ്റിദ്ധരിച്ച് അവ ലഭിക്കാൻ പിശാചിനെ ആരാധിച്ചല്ല, ദൈവത്തെ മാത്രം ആരാധിച്ചാണ്; ദൈവവചനം തെറ്റായി വ്യാഖ്യാനിച്ച് ദൈവത്തെ പരീക്ഷിച്ചല്ല, ദൈവഹിതമനുസരിച്ച് കുരിശിലൂടെ (സഹിച്ച്) ദൈവസന്നിധിയുടെ മഹോന്നതങ്ങളിലേക്കുയർന്നാണ് (ലൂക്കാ 24,26ഉം കാണുക) എന്നിങ്ങനെ ത്രിവിധ പരീക്ഷകളിലൂടെ സ്ഥിരീകരിക്കുന്നു. വിജയം സുനിശ്ചിതമാക്കി യുദ്ധരംഗ ത്തേക്കിറങ്ങുന്നുവെന്ന് സ്ഥിരീകരിച്ച് ഒരുക്കം പൂർത്തിയാക്കുന്നു. ഇനി രംഗത്തിറങ്ങാം. പിശാച് ആരംഭത്തിലെ പരീക്ഷയിൽ പരാജയപ്പെട്ടെങ്കിലും തക്കസമയത്ത് ഇനിയും പരീക്ഷിക്കുമെന്ന ധ്വനിയുണ്ട്. പരസ്യ ജീവിതകാലമത്രയും യേശു പലവിധം പരീക്ഷിക്കപ്പെട്ടുകൊണ്ടിരുന്നു. പരസ്യശുശ്രൂഷയുടെ പരിസമാപ്തിയിൽ പരീക്ഷ ഏറ്റവും രൂക്ഷമായി (ലൂക്കാ 22,1-3. 39-46. 47-23,39). അവിടെയും യേശു വിജയിച്ചു.

## യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷ യൂദയാദേശം (യഹൂദരുടെ ദേശം) മുഴുവൻ (ലൂക്കാ 4,14-24,53)

19 ഈ ഭാഗം മൂന്ന് മുഖ്യ ഉപവിഭാഗങ്ങളായി തിരിക്കാം: (1) യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭവും ഒന്നാം ഭാഗവും ഗലീലിയിൽ (4,14-9,50); (2) യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ രണ്ടാം ഭാഗം (മദ്ധ്യ ഭാഗം): ഗലീലിയിൽ നിന്ന് ജറുസലേമിലേക്കുള്ള വഴിയാത്രയിൽ — (9,51-19,46: *യാത്രാവിവരണം*); (3) യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ പരിസമാപ്തി / പൂർത്തീകരണം (മൂന്നാം ഭാഗം) ജറുസലേമിൽ (19,47-24,53).

20 **യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭവും ഒന്നാം ഭാഗവും ഗലീലിയിൽ** (4,14-9,50):

പിശാചിന്റെ പരീക്ഷയെ ജയിച്ച് പരസ്യശുശ്രൂഷയ്ക്ക് രംഗത്തിറങ്ങി. *ശുശ്രൂഷയെക്കുറിച്ച് മൂന്നു തരം ആമുഖവതരണങ്ങൾ* (4,16-30) നൽകിയ ശേഷമാണ് ശുശ്രൂഷയെക്കുറിച്ചുള്ള വിവരണത്തിലേക്കു (5,1 മുതൽ) കടക്കുക.

21 ആദ്യം, ശുശ്രൂഷ "ഒറ്റ വാക്കിൽ പറഞ്ഞാൽ (ഇങ്ങനെയായിരുന്നു)" എന്നു പറയാറുള്ളതുപോലെ, ഏറ്റവും ചുരുക്കി അവതരിപ്പിക്കുന്നു ലൂക്കാ 4,14-15. ഇതിൽ യേശുവിന്റെ ശുശ്രൂഷയുടെ ഭൂമിശാസ്ത്രപരമായ മേഖല നിർവചിക്കുന്നു. ഗലീലിയിൽ യേശു യൂദയാദേശം മുഴുവനും ചെയ്യാനുള്ള (4,44) ശുശ്രൂഷയുടെ ആരംഭം കുറിച്ചു. പ്രവർത്തനശക്തി മരുഭൂമിയിൽ പൈശാചികപ്പരീക്ഷയെ ജയിക്കാൻ ശക്തിപ്പെടുത്തിക്കൊണ്ടിരുന്ന പരിശുദ്ധാത്മാവുതന്നെ. പ്രധാന വേദി — സിനഗോഗുകൾ. മുഖ്യലക്ഷ്യം (അനുവാചകർ) — യഹൂദർ. ശുശ്രൂഷ — "പഠിപ്പിച്ചുകൊണ്ടിരുന്നു." (മനുഷ്യനിൽ നിന്നു പിശാചിനെ പുറത്താക്കുന്നതും രോഗികളെ സുഖപ്പെടുത്തന്നതും "പഠിപ്പിക്കൽ"ശുശ്രൂഷയുടെ ഭാഗമാണ്: ലൂക്കാ 4,31-37ഉം 4,38-42ഉം കാണുക). പ്രതികരണം പൊതുവെ പറഞ്ഞാൽ — "എല്ലാവരും അവനെ മഹത്വപ്പെടുത്തിക്കൊണ്ടിരുന്നു" (പി.ഒ.സി: *പുകഴ്ത്തി*). യേശുവിന്റെ ശുശ്രൂഷയെക്കുറിച്ചുള്ള ഏറ്റവും സംക്ഷിപ്തമായൊരു അവതരണമാണ് ലൂക്കാ 4,14-15.



22 അതിനു ശേഷം, രണ്ടാമത്, യേശുവിന്റെ ശുശ്രൂഷയുടെ അർത്ഥം ദൈവശാസ്ത്രപരമായി (തിരുഗ്രന്ഥത്തിന്റെ വാക്കുകളിൽ) കൃത്യമായി വ്യാഖ്യാനിച്ചു നിർവചിക്കുന്ന ഒരു ചിത്രീകരണം നൽകുന്നു (ലൂക്കാ 4,16-30: യേശുക്രിസ്തു നസ്രത്തിലെ സിനഗോഗിൽ ചെയ്ത ശുശ്രൂഷയുടെ വിവരണം). മുൻ വാക്യങ്ങളിലേതിനെക്കാൾ കുറച്ചുകൂടി വിശദമാണ്. അതിന് ഔദ്യോഗികമായ ഉദ്ഘാടന പരിപാടിയുടെ മട്ടുണ്ട്. ശുശ്രൂഷയ്ക്ക് യേശുവിന്റെ അധികാരം (ദൈവം *നിയോഗിച്ച് അയച്ചിരിക്കുന്നു*), ശക്തി (*പരിശുദ്ധാത്മാവ്*) ആധികാരികത (*പ്രവചനങ്ങളനുസരിച്ചുള്ളത്*; യുഗാന്ത്യപ്രവാചകന്റേത്), ശുശ്രൂഷയുടെ ലക്ഷ്യം, രീതിയും സ്വഭാവവും, അർത്ഥം, പ്രതികരണവും പ്രത്യാഘാതവും എന്നിവയെല്ലാം പ്രഖ്യാപിക്കുന്നു. ശുശ്രൂഷയുടെ ലക്ഷ്യം *ദരിദ്രർ* ആണ്. അവരിൽ ബന്ധിതർ, അന്ധർ, അടിച്ചമർത്തപ്പെട്ടവർ, വിജാതിയ സ്ത്രീപുരുഷന്മാർ എന്നിവരെല്ലാം ഉൾപ്പെടുന്നു. മുടന്തർ, കുഷ്ഠരോഗികൾ, മരിച്ചവർ എന്നിവരും ദരിദ്രരിൽപ്പെടുന്നു (ലൂക്കാ 7,22). ശുശ്രൂഷയുടെ രീതിയും സ്വഭാവവും: *സുവിശേഷമറിയിക്കുക*; *തിരുവെഴുത്ത് നിറവേറ്റുന്നത്*. അർത്ഥം: *യേശു കർത്താവിന്റെ കൃപാവത്സരം* (മോചനവർഷം) *പ്രഖ്യാപിക്കുന്നു.* പ്രതികരണവും പ്രത്യാഘാതവും (വാക്യ. 28-30): യഹൂദശ്രോതാക്കൾ അവനെ തിരസ്കരിച്ചു; കൊല്ലാൻ മലമുകളിലേക്കു കൊണ്ടുപോയി; അവർ തിരസ്കരിച്ചു വധിച്ചതിലൂടെ അവൻ സ്വർഗത്തിലേക്കു കടന്നുപോയി. പീഡാനുഭവ-മരണം-ഉയർപ്പിൽ പൂർത്തിയായ യേശുവിന്റെ ശുശ്രൂഷയുടെ ആകമാനമായൊരു രൂപമാണിത്.

23 മൂന്നാമത്, മുകളിൽ വർണിച്ചതനുസരിച്ചുള്ള ശുശ്രൂഷയുടെ ഒരു ദിവസത്തെ ഒരു ഏകദേശ മോഡൽ നൽകുന്നു (ലൂക്കാ 4,31-41). കഫർണാംപ്രദേശത്ത് ഒരു ദിവസം അവൻ ദരിദ്രർക്ക് സുവിശേഷമറിയിച്ചതിന്റെ വിവരണമാണത്. വചനത്താലും പ്രവൃത്തിയാലും സുവിശേഷമറിയിച്ച് സ്ത്രീപുരുഷന്മാരെ പിശാചിന്റെ ഭരണത്തിൽ നിന്നു മോചിച്ച് ദൈവരാജ്യത്തിലാക്കി എന്നർത്ഥം. അതാണ് യേശുക്രിസ്തുവിന്റെ രക്ഷാകരശുശ്രൂഷ എന്നു സ്ഥിരീകരിക്കുന്നു. ലൂക്കാ 4,16-30ൽ അവതരിപ്പിച്ച ശുശ്രൂഷയുടെ ഉദാഹരണങ്ങളുൾക്കൊള്ളിച്ച വിശദീകരണങ്ങളും വിപുലീകരണവുമാണ് തുടർന്നു വരുന്ന ശുശ്രൂഷാവിവരണം (ലൂക്കാ 5,1-24,53). ആമുഖാവതരണങ്ങളിൽ കേന്ദ്രസ്ഥാനം ലൂക്കാ 4,16-30ൽ ഉള്ളതിനാണ്. വിശുദ്ധ

ഗ്രന്ഥത്തിൽ എഴുതപ്പെട്ടിട്ടുള്ളതിന്റെ പൂർത്തീകരണമാണ് യേശുക്രിസ്തുവിന്റെ ശുശ്രൂഷ മുഴവനും. യേശുവിന്റെ ശുശ്രൂഷയെക്കുറിച്ചുള്ള വിവരണം ലൂക്കാ 4,16-30ന്റെ വെളിച്ചത്തിൽ മനസിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

24 യേശുക്രിസ്തു വചനത്താലും പ്രവൃത്തിയാലും ദരിദ്രവിഭാഗങ്ങളോടു ദൈവരാജ്യത്തിന്റെ സുവിശേഷമറിയിച്ചതിന്റെ ഫലമായി പാപികൾ അവനിൽ വിശ്വസിച്ചു. അവൻ പാപികളെ തന്റെ ശിഷ്യരും സുവിശേഷവേലക്കാരുമാകാൻ വിളിച്ചുചേർത്തു (5,1-11.27-32). അവരിൽ നിന്നു പന്ത്രണ്ടു പേരെ അപ്പോസ്തലന്മാരായി പ്രത്യേകം നിയമിച്ചു (6,12-16). പന്തിരുവരിൽ ഒന്നാം സ്ഥാനം പ്ത്രോസിനാണ്. അങ്ങനെ സഭയെ വിളിച്ചുകൂട്ടുകയും അതിന് അപ്പസ്തോലിക അടിസ്ഥാനം ഇടുകയും ചെയ്തു. ഇത് ഗലീലിശുശ്രൂഷയുടെ വളരെ പ്രധാനപ്പെട്ട ഒരു പ്രവൃത്തിയാണ്. അപ്പോസ്തലന്മാരും ശിഷ്യരും യേശുവിനെ കേൾക്കുന്നവരും ഉൾപ്പെടുന്ന സമൂഹത്തിന്റെ രൂപവത്കരണത്തിനും ഭാവിക്കും അത്യാവശ്യമായ അടിസ്ഥാന പെരുമാറ്റനിയമങ്ങൾ പഠിപ്പിച്ചു (6,20-49). സാബത്തിന്മേലും നിയമത്തിന്മേലും (വചനവ്യാഖ്യാനത്തിനും) യേശുവിനുള്ള അധികാരം പ്രയോഗിച്ചത് യഹൂദമതനേതൃത്വത്തിന്റെ രൂക്ഷമായ എതിർപ്പിനിടയാക്കി. എന്നിട്ടും യേശുക്രിസ്തു തന്നെ ശുശ്രൂഷിക്കയും തന്നെ അനുഗമിക്കാൻ തയ്യാറാവുകയും ചെയ്ത സ്ത്രീകളെയും കൂട്ടി പന്തിരുവരോടൊപ്പം ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കൽ തുടർന്നുകൊണ്ടിരുന്നു (8,1-3). ജറുസലേമിൽ അനുഭവിക്കാനിരിക്കുന്ന സഹനമരണോത്ഥാനത്തിലേക്കാണ് തന്റെ യാത്രയെന്ന് ഗലീലിയിൽ ശുശ്രൂഷ തുടർന്നുകൊണ്ടിരുന്നപ്പോൾത്തന്നെ യേശുവും (9,21. 43-45) രൂപാന്തരീകരണത്തിന്റെ സാഹചര്യത്തിൽ പിതാവും പ്രവാചകന്മാരും (9,30-31) സംസാരിച്ചുകൊണ്ടിരുന്നു. അപ്പോഴെല്ലാം ശിഷ്യത്വമുൾക്കൊള്ളുന്ന ത്യാഗവും പ്രബോധനവിഷയമാക്കിയിരുന്നു (9,23-50).

### യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയുടെ രണ്ടാം ഭാഗം (മദ്ധ്യ ഭാഗം): ഗലീലിയിൽ നിന്ന് ജറുസലേമിലേക്കുള്ള യാത്ര (9,51-19,46: *യാത്രാവിവരണം*)

25 യേശു ഗലീലിയിലെ ശുശ്രൂഷ പൂർത്തിയാക്കിയിട്ട് ജറുസലേമിലേക്ക് ചെയ്യുന്ന യാത്രയുടെ വിവരണമാണ് ലൂക്കാ 9,51-19,46:— പത്ത് അദ്ധ്യായങ്ങൾ. യാത്രയെക്കുറിച്ചുള്ള ആമുഖാവതരണമാണ് 9,51: "*തന്റെ ആരോഹണത്തിന്റെ ദിവസങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കവേ അവൻ ജറുസലേമിലേക്കു മുഖം തിരിച്ചു* (പി.ഒ.സി: *പോകാൻ ഉറച്ചു*)." **യാത്രയുടെ സാഹചര്യം:** *ആരോഹണത്തിന്റെ ദിവസങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.* യാത്ര ദൈവികമായ ആവശ്യമാണ്. **യാത്രയുടെ ഉദ്ദേശം:** *ആരോഹണം.* അത് സഹനവും മരണവും ഉയർപ്പും (സ്വർഗാരോഹണവും) ഉൾപ്പെടുന്നതാണ്. *സഹിച്ച് മഹത്വത്തിലേക്കു പ്രവേശിക്കുക* (ലൂക്കാ 24,26.50-53). **യാത്രയുടെ ലക്ഷ്യം** *ജറുസലേം.* യഹൂദയിസ്രായേലിന്റെ കേന്ദ്രം. ക്രിസ്തു സഹിച്ച് മഹത്വത്തിലേക്കു പ്രവേശിക്കുന്നിടമാണ്; പ്രവാചകന്മാർ ക്രിസ്തുവിനെക്കുറിച്ചു പറഞ്ഞിട്ടുള്ളതെല്ലാം പൂർത്തിയാകുന്നിടം (ലൂക്കാ 24,26). ആരോഹണത്തിനു ജറുസലേമിലേക്കുള്ള യാത്ര ദൈവാലയത്തിൽ അവസാനിക്കുന്നു (19,45-46). യേശുവിന്റെ ഈ യാത്ര തന്റെ പിതാവിന്റെ കാര്യങ്ങളിൽ താൻ വ്യാപൃതനായിരിക്കാനുള്ള പിതൃഭവനത്തിലേക്കും (ലൂക്കാ 2,49) തന്റെ പ്രാർത്ഥനാലയത്തിലേക്കുമുള്ള (19,45-46) തീർത്ഥാടനമാണ്. ദേവാലയം പിതൃസന്നിധിയുടെ (സ്വർഗത്തിന്റെ) പ്രതീകമായ ഭൗമിക സാന്നിധ്യമാണ്. അതിൽ പ്രവേശിച്ച് യാത്ര പൂർത്തിയാക്കുന്നത് പരസ്യശുശ്രൂഷ പൂർത്തിയാക്കി സ്വർഗാരോഹണം ചെയ്യുന്നതിന്റെ (ലൂക്കാ 24,50-53) മുൻകുറിയും പ്രതീകവുമാണ്. (സന്ധ്യാ)ബലിയുടെ സമയം സ്വയം ബലിയർപ്പിച്ച് സ്വപിതാവിന്റെ കരങ്ങളിലേക്കേൽപ്പിച്ച് (ലൂക്കാ 23,44-46) മഹത്വത്തിലേക്കു പ്രവേശിക്കാനുള്ള — ആരോഹണം ചെയ്യാനുള്ള — യാത്രയാണ്. ജറുസലേമിലേക്കു യാത്ര തുടങ്ങിയാൽപ്പിന്നെ ജറുസലേം മാത്രമാണ് യാത്രയുടെ ലക്ഷ്യമെന്നും, അതിൽ നിന്ന് പിന്തിരിപ്പിക്കാൻ എതിർപ്പുകൾക്കൊന്നിനും സാദ്ധ്യമല്ലെന്നും, ജറുസലേമിനെതിരേ വിധി പ്രസ്താവിക്കുക (19,41-44) യാത്രയുടെ ഉദ്ദേശത്തിന്റെ ഭാഗമാണെന്നും *ജറുസലേമിലേക്കു മുഖം തിരിച്ചു* എന്ന പ്രവാചകശൈലിക്ക് ധ്വനിയുണ്ട്.



26 യേശു ജറുസലേമിലേക്കു പരമ ഗുരുവും രാജാവും രക്ഷകനുമായി യാത്ര ചെയ്തു. ദൈവം പ്രവർത്തിക്കുന്നത് സ്വീകരിച്ച് തന്നിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവരാജ്യം നൽകുന്ന രക്ഷകനായാണ് യേശു യാത്ര ചെയ്തത്. യാത്രയിലുടനീളം യേശു പഠിപ്പിച്ചുകൊണ്ടിരുന്നു. ദൈവരാജ്യം, പശ്ചാത്താപത്തിന്റെ ആവശ്യം (12,54-13,35), ശിഷ്യത്വം (9,57-62;14,25-35), പ്രേഷിതയാത്രയുടെ രീതിവിധികൾ (10,1-24), പ്രാർത്ഥനയും പ്രാർത്ഥനാരീതികളും (11,1-13;18,1-8.9-14), നിത്യജീവൻ അവകാശമാക്കാനുതകുന്ന നിയമപാലനം (16,1-31;18,1830ച12,13-21.33), പാപികളെ അന്വേഷിച്ചു കണ്ടെത്താനുള്ള ദൈവത്തിന്റെ വ്യഗ്രതയും കണ്ടുകിട്ടുമ്പോഴത്തെ സന്തോഷവും (15) എന്നിങ്ങനെ യേശുവിനെ അനുഗമിച്ച് തീർത്ഥാടനം ചെയ്ത് പിതൃഭവനത്തിൽ പ്രവേശിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ പഠിപ്പിച്ചു. "ഗലീലി മുതൽ ജറുസലേം വരെ പഠിപ്പിച്ചു ജനത്തെ ഇളക്കി" (23,5).

27 രാജകീയ പദവി സ്വീകരിക്കുവാൻ യാത്ര പോകുന്നവനായി യേശു യാത്ര ചെയ്തു (19,11-27). പ്രവചനങ്ങൾ പൂർത്തികരിച്ച് രാജാവായി ജറുസലേമിലേക്ക് പ്രവേശിച്ചു (19,28-40, പ്രത്യേകിച്ച് വാക്യം 38). രാജകീയ യാത്രയാണെന്നതിന് സൂചനയായി ആരംഭത്തിൽ വഴിയൊരുക്കുകാരെ അയച്ചു (9,51-56). പക്ഷേ യാത്രയുടെ ആരംഭം മുതലേ യേശു തിരസ്കൃതനുമാണ് (9,51-56). തിരസ്കരണം ജറുസലേമിൽ മൂർദ്ധന്യത്തിലെത്തും (ലൂക്കാ 23). നിത്യജീവൻ (രക്ഷ) അവകാശപ്പെടുത്താനുള്ള വഴിയെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് രാജകീയ യാത്രയുടെ ആരംഭത്തിലും (10,25-37) അവസാനമടുത്തപ്പോഴും (18,18-30) ഉത്തരം നൽകി. ദേവാലയത്തിൽ പ്രവേശിക്കുന്നതിന് തൊട്ടുമുമ്പ് യേശു പാപിയായ സക്കായിയുടെ ഭവനത്തിൽ പ്രവേശിച്ച് രക്ഷ പ്രഖ്യാപിച്ചു (19,1-10). രക്ഷ പ്രാപിക്കുന്ന

വരെക്കുറിച്ചുള്ള ചോദ്യത്തിന് യാത്രയുടെ നടുക്ക് ഉത്തരം നൽകി (13,31-35). യേശു രാജാവാകുന്നു എന്നതിനർത്ഥം യേശു രക്ഷകനാണെന്ന് ജറുസലേമിൽ പീഡാനുഭവത്തിന്റെ പരിസമാപ്തിയിൽ സ്പഷ്ടമാകും (23,32-43).

ക്രിസ്തുശിഷ്യരെല്ലാം വചനത്തിന്റെ സാക്ഷ്യശുശ്രൂഷകരായി യേശുവിനെ അനുകരിച്ച് നടത്തുന്ന (പ്രേഷിത)യാത്ര സ്വർഗീയ പിതാവിന്റെ ഭവനത്തിലേക്കുള്ള തീർത്ഥയാത്രയുമാണ്. ക്രിസ്തുശിഷ്യത്വത്തിന്റെ യാത്ര ഒരേ സമയം പ്രേഷിതയാത്രയും പിതൃഭവനത്തിലേക്കുള്ള തീർത്ഥയാത്രയുമാണ്.

**യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയുടെ മൂന്നാം ഭാഗം: പരസ്യ ശുശ്രൂഷയുടെ പരിസമാപ്തി/ പൂർത്തീകരണം ജറുസലേമിൽ (19,47-24,53)**

28 യേശു ഗലീലിയിൽ ആരംഭിച്ച പരസ്യശുശ്രൂഷ ജറുസലേമിൽ പൂർത്തിയാക്കുന്നു. ജറുസലേമിലെ ശുശ്രൂഷയെക്കുറിച്ചുള്ള വിവരണത്തിന് പല ഉപവിഭാഗങ്ങളുണ്ട്. (1) *ദേവാലയത്തിന്റെ ശുദ്ധീകരണവും അവിടെയിരുന്നു പഠിപ്പിക്കലും* (19,47-21, 37). ദേവാലയം യേശുവിനു തന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കാനുള്ള പിതൃഭവനമാണ് (2,49). അതിനാൽ യേശു ദേവാലയം ശുദ്ധീകരിച്ച് തന്റെ പ്രാർത്ഥനാലയമായി വീണ്ടെടുത്തു (19,46). അത് ദൈവജനത്തെ നിയമം പഠിപ്പിക്കാനും മഹാപുരോഹിതന് അതിവിശുദ്ധസ്ഥലത്ത് പ്രവേശിച്ച് ബലിയർപ്പിക്കാനുമുള്ള ഇടമാണ്. യേശു ദേവാലയം ശുദ്ധീകരിച്ചിട്ട് യഹൂദ മതനേതൃത്വത്തിന്റെ എതിർപ്പ് അവഗണിച്ച് അവിടെയിരുന്നു ജനത്തെ മുഴുവൻ നിയമം (വചനം) പഠിപ്പിച്ചു (19,47-21,37). കുരിശിൽ പിതാവിന് ആത്മബലിയർപ്പച്ച് പിതൃഭവനത്തിന്റെ അതിവിശുദ്ധസ്ഥലേക്ക് നിത്യപുരോഹിതനായി പ്രവേശിക്കുന്നത് (ലൂക്കാ 23,44-47; 24,50-51) പ്രതീകവൽക്കരിക്കാൻ ദേവാലയത്തെ യോഗ്യമാക്കി.

(2) *സഹനമരണോത്ഥാനങ്ങൾ*: ഈ ലോകത്തിൽ വച്ചുള്ള അവസാന പെസഹാവിരുന്നു മുതൽ കബറടക്കം (പാതാളപ്രവേശനം: അപ്പ 2,27) വരെയുള്ള സഹനത്തിലൂടെ മഹത്വത്തിലേക്കുള്ള പ്രവേശനം (22,1-24,53). സകല മനുഷ്യർക്കും വേണ്ടിയുള്ള ദൈവത്തിന്റെ രക്ഷ യേശുക്രിസ്തു യഹൂദസമൂഹത്തിന്റെ കേന്ദ്രമായ ജറുസലേമിൽ പിതാവിന് ആത്മബലിയർപ്പിച്ച് പൂർത്തിയാക്കി. അങ്ങനെ മഹത്വത്തിലേക്കു പ്രവേശിച്ച അവൻ ഈ രക്ഷ ലോകത്തിന്റെ അതിർത്തികളോളം എത്തിക്കുവാൻ ശിഷ്യഗണത്തെ ജറുസലേമിൽ വച്ച് ഭരമേല്പിച്ചു; പരിശുദ്ധാത്മാവിനെയും നൽകി (24,44-49). അതിനു ശേഷം യേശുക്രിസ്തു തന്റെ ആരാധകരായ ശിഷ്യഗണത്തെ ആശീർവദിച്ചുകൊണ്ടിരിക്കുന്ന അർപ്പകനും അർപ്പിതനുമായ മഹാപുരോഹിതനായി സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു. അവൻ മുഖാന്തരമുണ്ടായ രക്ഷയെപ്രതി ശിഷ്യസംഘം അവൻ ശുദ്ധീകരിച്ച ദേവാലയത്തിൽ പതിവായി ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു. ദേവാലയത്തിൽ ആരംഭിച്ച് ദേവാലയത്തിൽ എത്തിച്ചേരുന്ന തീർത്ഥാടനമാണ് യേശുവിന്റെയും ശിഷ്യരുടെയും ദൈവരാജ്യശുശ്രൂഷായാത്ര. അത് യേശു പൂർത്തിയാക്കിയ വിധവും തന്റെ



ശിഷ്യർ അത് തുടരേണ്ട വിധത്തെക്കുറിച്ചുള്ള യേശുവിന്റെ സ്വപ്നങ്ങളും വിവരിക്കുന്നു ലൂക്കായുടെ സുവിശേഷം.

**ഭാഗം രണ്ട്**

## ദൈവം യേശുക്രിസ്തുവിൽ പൂർത്തിയാക്കിയ രക്ഷയുടെ സമഗ്രതയും ലക്ഷ്യവും ലൂക്കായുടെ സാക്ഷ്യം

**ആമുഖം**

29 **"സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണും"** എന്ന തന്റെ വാഗ്ദാനം യേശുക്രിസ്തുവിൽ ദൈവം പൂർത്തായാക്കി. *സകല മനുഷ്യരും* എന്നു പറഞ്ഞാൽ ജാതി,മത,വർഗ,വർണ,ലിംഗ,പ്രായ,കാല വ്യത്യാസമില്ലാതെ മനുഷ്യകുലം മുഴുവനും എന്നർത്ഥം. യേശുക്രിസ്തു പൂർത്തിയാക്കിയ രക്ഷ എന്താണ്? എന്താണ് അതിന്റെ സ്വഭാവം? — സമഗ്ര മനുഷ്യന്റെ സമഗ്രമോചനം (ലൂക്കാ 1,71;4,18-30). അതായത്, മനുഷ്യകുലത്തെ പൈശാചികശക്തിയുടെ ബന്ധനത്തിൽ നിന്ന് പരിപൂർണമായി മോചിച്ച് ദൈവത്തിന്റെ ഭരണത്തിലാക്കി; ദൈവം ഭരിക്കുന്ന അവസ്ഥയിലാക്കി. പിശാചിന്റെ അടിമത്തത്തിൽ നിന്നു മോചിച്ച് (ലൂക്കാ 4,1-13; 11,14-23) ദൈവമക്കളുടെ സ്ഥാനം വീണ്ടെടുത്തുകൊടുത്തു. ആ സ്ഥാനം സ്വന്തമാകാൻ ഓരോ വ്യക്തിയും സമൂഹവും യേശുവിന്റെ പാത പിന്തുടരണം — അവനെ അനുഗമിക്കണം.

**സമഗ്ര മോചനം:** യേശു മനുഷ്യകുലത്തിനു (പ്രപഞ്ചത്തിനു) നേടിക്കൊടുത്ത സമഗ്ര മോചനം ഒറ്റ വാക്കിൽ പറഞ്ഞാൽ, അടിസ്ഥാനപരമായി പാപത്തിൽ നിന്നുള്ള മോചനമാണ് (ലൂക്കാ 1,71;ലൂക്കാ 5,17-26;7,36-50;23,41-43; 24,47). പാപത്തിൽ നിന്നും, പാപം വ്യക്തിക്കും സമൂഹത്തിനും പ്രപഞ്ചത്തിനും അവയുടെ ചരിത്രത്തിൽ വരുത്തിവയ്ക്കുന്ന ദുരിതങ്ങളിൽ നിന്നുമുള്ള മോചനമാണ്.

വിശുദ്ധ ലൂക്കായുടെ കാഴ്ചപ്പാടിൽ പാപത്തിൽ നിന്നുള്ള മോചനം സമൂഹത്തിന്റെയും വ്യക്തികളുടെയും ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്നതാണ്. അത് പിശാചിന്റെ ബന്ധനത്തിൽ നിന്ന് മോചനം (ലൂക്കാ 4,31-37; 8,26-39;9,37-43;13,10-17;4,31;6,18), രോഗത്തിന്റെ ബന്ധനത്തിൽ നിന്ന് മോചനം (ലൂക്കാ 4,38-41;5,12-16; 5,17-19;7,1-10;8,43-48;13,10-17;14,1-16;17,11-10;4,40;6,17), മരണത്തിന്റെ ബന്ധനത്തിൽ നിന്ന് മോചനം (ലൂക്കാ 7,11-17;8,40-56;24,1-49), അന്ധതയിൽ നിന്നു മോചനം (ലൂക്കാ 4,18;18,35-42), സമ്പത്തിനെക്കുറിച്ചും ദാരിദ്ര്യത്തെക്കുറിച്ചുമുള്ള അബദ്ധ ധാരകളിൽനിന്നു മോചനം (ലൂക്കാ 6,20-26;12,13-34, പ്രത്യേകിച്ച് വാക്യം 15), സമ്പത്തിനോടും (16,1-31;18,18-30;19,1-10) മനുഷ്യബന്ധങ്ങളോടുമുള്ള (ലൂക്കാ 18,26-30;5,1-11;13,9,57-62) അമിതാസക്തികളിൽ നിന്നു മോചനം, ജാതി, മതം, വംശം, സാമ്പത്തികസ്ഥിതി, തൊഴിൽ മുതലായവയുടെ പേരിലുള്ള ശ്രേഷ്ഠ/നീച സങ്കല്പങ്ങളിൽ നിന്നു മോചനം (ലൂക്കാ 4,25-27; 10, 25-37;14,1-1-14;5,27-32;19,10)എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. ലൂക്കായുടെ വിചാര

ത്തിൽ അന്ധത അജ്ഞാനമാണ്; യേശുവിനെ മിശിഹാ എന്നു വിശ്വസിച്ചു സ്വീകരിക്കാതിരിക്കുന്ന അവസ്ഥയാണ് (കാണുക ലൂക്കാ 7,21-23;11,29-32; അപ്പ 13,8-12). യേശുവിൽ വിശ്വസിച്ച് ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് അവനെ അനുഗമിക്കുന്നവർ കാഴ്ച ലഭിച്ചവരാണ് (ലൂക്കാ 18,35-43).

30 **ദരിദ്രർക്കു സുവിശേഷം:** എല്ലാ മേഖലകളും ഉൾപ്പെടുത്തി യേശു തന്റെ ദൈവരാജ്യസുവിശേഷപ്രവർത്തനത്തെ "**ദരിദ്രരോടു സുവിശേഷിക്കുക**" എന്ന് വർണ്ണിച്ചു. *ദരിദ്രരാണ്* തന്റെ ലക്ഷ്യമെന്ന് യേശു ഏശയ്യാപ്രവാചകന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് വ്യക്തമാക്കി.. അക്കാര്യം ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ട് (ലൂക്കാ 4,18). ലൂക്കാ മാത്രമേ യേശു തന്റെ ശുശ്രൂഷയെയും ശുശ്രൂഷയുടെ നിയോഗവും ഇപ്രകാരം വർണിച്ചതായി എഴുതിയിട്ടുള്ളു; യേശു വിന്റെ സുവിശേഷപ്രവർത്തനത്തെ *ദരിദ്രരോടു സുവിശേഷിക്കുക*യായി അവതരിപ്പിച്ചിട്ടുള്ളു. അത് പുതിയ നിയമത്തിൽ ലൂക്കായുടെ പ്രത്യേക സംഭാവനയാണ്.

ദരിദ്രരെയും ദാരിദ്യത്തെയും കുറിക്കാൻ ലൂക്കാ പല പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ലൂക്കാ 4,18ൽ *പ്തോഖൊസ്* എന്ന ഗ്രീക്കു വാക്കാണുള്ളത്. അക്ഷരാർത്ഥത്തിൽ പട്ടിണിക്കാർ, പിച്ചയെടുത്തു മാത്രം ജീവിതം തള്ളി നീക്കാൻ പാടുപെടുന്നവർ. അതുകൊണ്ട് സമൂഹത്തിൽ സ്ഥാനമോ സ്വാധീനമോ ഇല്ലാത്തവരും അവഗണിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്നവർ. *പ്തോഖൊസ്* എന്ന വാക്കിന്റെ പ്രഥമ സൂചന സാമ്പത്തികമായ ഇല്ലായ്മയാൽ കഷ്ടപ്പെടുന്നവരാണ്. ലൂക്കാ വാക്കിന്റെ അർത്ഥം വളരെ വിപുലപ്പെടുത്തി. ദരിദ്രരോടു സുവിശേഷിക്കാൻ കർത്താവ് പരിശുദ്ധാത്മാവിനാൽ അഭിഷേചിച്ച് തന്നെ അയച്ചിരിക്കുകയാണ് എന്ന് പ്രഖ്യാപിച്ചതിനു ശേഷം താൻ ശുശ്രൂഷ ചെയ്തുകൊടുക്കേണ്ട പല വിഭാഗത്തിൽപ്പെട്ടവരെ യേശു എടുത്തു പറയുന്നു (ലൂക്കാ 4,18). 4-ാം അദ്ധ്യായത്തിന്റെ തുടർന്നുള്ള ഭാഗങ്ങളിലും തുടർന്നു വരുന്ന അദ്ധ്യായങ്ങളിലും യേശു ശശ്രൂഷ ചെയ്തുകൊടുക്കുന്ന പല തരം ആൾക്കാരുണ്ട്. അവരെല്ലാം ദരിദ്രരാണ്.

മേൽഖണ്ഡികയിൽ പറഞ്ഞ പ്രകാരം കാണുമ്പോൾ യേശുവിന്റെ അനുവാചകരായ ദരിദ്രരിൽ എല്ലാത്തരം രോഗികളും, വിശിഷ്യാ മാനസികരോഗികളും, കുഷ്ഠരോഗികളും അംഗഹീനരും ഭൂതബാധിതരും ബന്ധിതരും ദുർബലരും മർദ്ദിതരും പീഡിതരും നിന്ദിതരും പിച്ചക്കാരും പട്ടിണിക്കോലങ്ങളും നിരാലംബരും മരിച്ചവരും (ലൂക്കാ 4,18;7,22-23;14,13-14.21-24) ഉൾപ്പെടുന്നു. നീതി നിഷേധിക്കപ്പെടുന്നവരും (ലൂക്കാ 18,1-8) സമൂഹത്തിലെ സമ്പന്നർ അവഗണിച്ച പിച്ചക്കാരും വ്രണം ബാധിച്ചവരും (ലൂക്കാ 16,19-31) അശുദ്ധരും (ലൂക്കാ 5,12-15) അറിവുള്ളവർ അവഗണിക്കുന്ന കുഞ്ഞുങ്ങളും (ലൂക്കാ 18,15-17) സ്ത്രീകളും പാപികളും ചുങ്കക്കാരും (കരംപിരിവുകാരും) (ലൂക്കാ 5,27-32;7,50;15,1-2;19,1-10) യേശുവിന്റെ സുവിശേഷിക്കലിന്റെ ലക്ഷ്യമായ ദരിദ്രരിൽപ്പെടുന്നു. "അശുദ്ധർ" എന്ന് യഹൂദർ അവമതിക്കുന്നവരും അക്കൂട്ടത്തിലുൾപ്പെടുന്നു (ലൂക്കാ 4,18. 24-27). മനുഷ്യത്വത്തിന്റെ മഹത്വത്തിനും സമഗ്രതയ്ക്കും ഏതെങ്കിലും കുറവുള്ളവരെല്ലാം



യേശുവിന്റെ സുവിശേഷപ്രവർത്തനത്തിന്റെ ലക്ഷ്യമാണ്. യേശുക്രിസ്തുവിൽ വിശ്വസിച്ചതിന്റെ പേരിൽ പീഡിപ്പിക്കപ്പെട്ടവരും സ്വത്തു നഷ്ടപ്പെട്ടവരും യഹൂദ സമൂഹത്തിൽ നിന്നും ആരാധനാവേദികളിൽ നിന്നും പുറന്തള്ളപ്പെട്ടവരുമായ ശിഷ്യരും ദരിദ്രരാണ് (ലൂക്കാ 6,20-23).

ദരിദ്രർക്ക് ശാപവും ദുരിതവും പ്രഖ്യാപിച്ചിരുന്ന സാമൂഹ്യവ്യവസ്ഥിതിയിൽ യേശു ദരിദ്രർക്ക് ഭാഗ്യം പ്രഖ്യാപിച്ച് അവരെ അനുഗൃഹീതരാക്കി (ലൂക്കാ 6,20-23). ദരിദ്രരാകുന്നു എന്ന ഒറ്റക്കാരണത്താൽ അനുഗൃഹീതരാകുന്നു എന്നാണ് യേശുവിന്റെ നിലപാട്. സാമ്പത്തികമോ ആരോഗ്യപരമോ സാമൂഹികമോ ആയ ദാരിദ്ര്യം (ഭൗതിക ദാരിദ്ര്യം) കൊണ്ടു മാത്രം യേശു ഭാഗ്യപ്പെടുത്തിയ (അനുഗൃഹീതരാക്കിയ) ദരിദ്രരാവില്ല. ഭൗതിക സമ്പത്തുള്ളതുകൊണ്ടു മാത്രം യേശു ദരിദ്രർക്കു പ്രഖ്യാപിച്ച ഭാഗ്യം ആർക്കും നിഷേധിക്കപ്പെടുകയില്ല. ഭൗതികമായി ദരിദ്രനായാലും സമ്പന്നനായാലും ഭൗതിക സമ്പത്തുകൊണ്ടാണ് മനുഷ്യജീവിതം ധന്യമാകുന്നത് എന്നു ധരിച്ചുവശായി പെരുമാറുന്നവർ യേശു ദുരിതം പ്രഖ്യാപിച്ച സമ്പന്നരിൽപ്പെടുന്നു (ലൂക്കാ 12,15;6,24-26).

## ചില മേഖലകളുടെ വിശദ പഠനം

31 **മനുഷ്യന്റെ സമഗ്രമോചനത്തിന്റെ അടിസ്ഥാനവും പൂർണതയും ദൈവത്തോടുള്ള ബന്ധത്തിൽ** (ലൂക്കാ 2,22-23.46;3,21-22;24,50-51;പുറ 3,12.18;4,22-23). അതിനു പല മാനങ്ങളുണ്ട്. അവയിൽ പ്രധാനമായ ഒന്നാണ് സഹോദരങ്ങളോടുള്ള സ്നേഹവും, അതുമൂലമുള്ള രക്ഷാകരശുശ്രൂഷയായ സുവിശേഷപ്രഘോഷണവും.

യേശുവിന്റെ ജീവിതം / ശുശ്രൂഷ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായും ദൈവസ്വരം കേട്ടും (ലൂക്കാ 3,21-22), സാത്താന്റെ പരീക്ഷകൾ അഭിമുഖീകരിച്ചും, മനുഷ്യർക്ക് (ദരിദ്രർക്ക്) സുവിശേഷമറിയിച്ചുകൊണ്ട് (ലൂക്കാ 4,16-30) ദൈവപിതാവിന്റെ സന്നിധിയിലേക്കുള്ള തീർത്ഥാടനമായിരുന്നു (ലൂക്കാ 9,51-19,46; 23, 44-46;24,50-51). ദൈവപുത്രനായ യേശു ലോകത്തിൽ മറിയം എന്നു പേരായ കന്യകയിൽ നിന്നു ജനിച്ചു (ലൂക്കാ 1,28-38;2,7), മറ്റുള്ളവർക്കുവേണ്ടി ആത്മബലിയർപ്പിച്ച് ദൈവത്തിലേക്ക് തിരികെപ്പോയി (ലൂക്കാ 23,44-46;24,50-51).

മനുഷ്യർ ലോകത്തിൽ തീർത്ഥാടകരാണ്. ലോകത്തിൽ യേശുക്രിസ്തു പൂർത്തിയാക്കിയ രക്ഷയുടെ സുവിശേഷം വിളംബരം ചെയ്തുകൊണ്ട് ദൈവപിതാവിന്റെ സന്നിധിയിലേക്കു യേശുക്രിസ്തുവിന്റെ പിന്നാലെ നടന്നു തീർത്ഥാടനം ചെയ്യുന്നവരാണ് ക്രിസ്ത്യാനികൾ. ഈ തീർത്ഥാടനത്തിനു യേശുവിന്റെ നേതൃത്വവും വഴിയും കാൽപ്പാടുകളും മാതൃകയും സ്വീകരിച്ചവരാണ് അവർ.

യേശു ദൈവപിതാവിനോടുള്ള ബന്ധത്തിൽ ജീവിതം/പ്രവർത്തനം ആരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്തു. അത് പല വിധത്തിൽ ആവിഷ്കരിച്ചു.

32 **ദേവായബന്ധം:** യേശു ശിശുവായിരുന്നപ്പോൾ ദേവാലയത്തിൽ ശുദ്ധീകരിക്കപ്പെടുകയും സമർപ്പിക്കപ്പെടുകയും ചെയ്തു (ലൂക്കാ 2, 21-38). ദേവാലയത്തിലെ

ആരാധനാഘോഷങ്ങളിൽ പതിവായി പങ്കെടുത്തിരുന്നു (ലൂക്കാ 2,42-51; 4,4,9-13). ശിശുവായിരുന്നപ്പോൾ ദേവാലയത്തിൽ സമർപ്പിക്കപ്പെട്ട ആദ്യജാതനായ യേശു (ലൂക്കാ 2,21-24) ബാലനായിരുന്നപ്പോഴും യുവത്വത്തിലേക്കു പ്രവേശിച്ചപ്പോഴും തന്റെ പിതാവിന്റെ ഭവനമായ ദേവാലയത്തിലേക്കു തീർത്ഥയാത്ര ചെയ്തു; അവിടെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരുന്നു (2,41-52). സ്വന്തം സ്ഥലത്തെ പ്രാദേശിക ആരാധനാലയത്തിലെ ശുശ്രൂഷകളിൽ പതിവായി പങ്കെടുത്തുകൊണ്ടിരുന്നു (ലൂക്കാ 4,16-30;20-21). പൈശാചിക പരീക്ഷയുടെ മൂർദ്ധന്യത്തിൽ ജറുസലേംദേവാലയത്തിന്റെ അത്യുന്നത സ്ഥാനത്ത് കരേറ്റപ്പെട്ടു (ലൂക്കാ 4,9-12). പീഡാനുഭവവും കുരിശുമരണവും മുന്നിൽ കണ്ട് അത് സ്വീകരിക്കാൻ ജറുസലേമിലേക്കുള്ള രാജകീയ യാത്ര ജറുസലേം ദേവായത്തിൽ പ്രവേശിച്ച് പൂർത്തിയാക്കി (ലൂക്കാ 19,9-51-46). അങ്ങനെ താൻ സഹനവും മരണവും വഴി തന്റെ പിതാവിന്റെ ഭവനത്തിലെ മഹത്വത്തിലേക്കു കയറിപ്പോകുമെന്നു (ലൂക്കാ 24,26) മുൻകൂട്ടി സൂചിപ്പിച്ചു. തന്റെ മഹത്വീകരണത്തിനു ശേഷവും താൻ ദൈവജനത്തിന്റെ മുഴുവന്റെയും ഗുരുവായി ദേവാലയത്തിൽ പഠിപ്പിക്കുമെന്ന് സൂചിപ്പിക്കുകയും ചെയ്തു (ലൂക്കാ 19,47-21,38). യേശു ആത്മബലിയർപ്പിച്ച് ദേവാലയത്തിന്റെ അതിവിശുദ്ധസ്ഥലത്തേക്ക് (ലൂക്കാ 23,43-46), സ്വർഗത്തിലേക്ക് എടുക്കപ്പെടുകയും ചെയ്തു (ലൂക്കാ 24,50-51).

ലൂക്കാ സുവിശേഷം ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും ദേവാലയത്തിലെ ആരാധനയുടെ രംഗങ്ങൾകൊണ്ടാണ് (1,5-25 & 24,50-53). ദേവാലയം പ്രാർത്ഥനാലയമാണ് (ലൂക്കാ 19,46); മക്കൾ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതരായിരിക്കാനുള്ള പിതാവിന്റെ ഭവനമാണ് (ലൂക്കാ 2,41-52). നാം ദേവാലയത്തിൽ ആരാധനയിൽ ആയിരിക്കുന്നതിന്റെ സാംഗത്യവും അർത്ഥവും ഈ വസ്തുതകളുടെ വെളിച്ചത്തിൽ മനസിലാക്കുകയും വിലയിരുത്തുകയും ചെയ്യണം (ലൂക്കാ,41-52;24,52-53). ക്രസ്തീയ ജിവിതം ദേവാലയത്തിൽ ആരംഭിച്ച് പതിവായി ദേവാലയശുശ്രൂഷയിൽ പങ്കെടുത്ത് ദേവാലയത്തിൽ പൂർണമാകണം.

ക്രിസ്തീയാരാധനയുടെ പ്രത്യേകത ലൂക്കാ വിവരണത്തിൽ പ്രതിഫലിപ്പിക്കുന്നു: യേശുക്രിസ്തുവിനെ ആരാധിച്ചുകൊണ്ട് (ലൂക്കാ 24,52) ദൈവത്തെ ആരാധിക്കുക; യേശുക്രിസ്തുവിനെ *പരിശുദ്ധൻ* എന്ന് സ്തുതിച്ചുകൊണ്ടും (ലൂക്കാ 1,35) *രക്ഷകൻ* എന്നു സ്വീകരിച്ചുകൊണ്ടും (ലൂക്കാ 2,10-11;24,21) യേശുക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ട് ദൈവത്തെ ആരാധിക്കുക (അപ്പ 24,14). ഉയർത്തെഴുന്നേറ്റ യേശുവിനെ ദേവാലയാരാധനയിൽ ആരാധിക്കുകയും പതിവായി ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുകയും ചെയ്യുക ആനന്ദത്തിനു വകയാണ് (ലൂക്കാ 24,52-53). ദേവാലയത്തിന്റെ അത്യുന്നതിയിലായിരിക്കുമ്പോഴും പിശാചിനാൽ പരീക്ഷിക്കപ്പെടാം (ലൂക്കാ 4,9-13). ദേവാലയം നമുക്ക് നമ്മുടെ ദൈവമായ കർത്താവിനെ പരീക്ഷിക്കാനുള്ള സ്ഥലമല്ല (ലൂക്കാ 4,12).

33 **പ്രാർത്ഥന**: ദൈവപിതാവിനോടുള്ള ബന്ധം പ്രാർത്ഥനയിൽ അനുഭവിക്കുക: യേശുക്രിസ്തു പരസ്യസേവനം ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും പ്രാർത്ഥിച്ചുകൊണ്ടാണ് (ലൂക്കാ 3,21-22;23,46). നിരന്തരമായ പ്രാർത്ഥനയുടെ ജീവിതമായിരുന്നു യേശുവിന്റേത് (ലൂക്കാ 9,18;9,28-36; 10,21;11,1-4;22,39-46). പ്രാർത്ഥന = പിതൃപുത്രബന്ധം അനുഭവിക്കുക (ലൂക്കാ 3,21-22;9,18;9,28-36;10,21;11,1-4;22,39-46;23,46). സ്വഹിതം പിതാവിനെ അറിയിക്കുകയും, പിതാവിന്റെ ഹിതം അന്വേഷിക്കുകയും പിതാവിന്റെ ഹിതം സ്വീകരിക്കുകയും ചെയ്യുകയാണ് പ്രാർത്ഥന (22,39-46). പ്രാർത്ഥനയ്ക്ക് ക്രിസ്ത്യാനി ദൈവത്തിൽനിന്നു സ്വീകരിക്കേണ്ട അടിസ്ഥാനപരമായ മറുപടി ''പ്രിയ പുത്രാ'' / ''പ്രിയ പുത്രീ'' എന്നുള്ള വിളി കേൾക്കുകയാണ് (3,21-22).



പ്രാർത്ഥിക്കുന്ന യേശുവിന്റെ സന്നിധിയിൽ (ശ്രദ്ധാപൂർവം) ശിഷ്യർ ആയിരിക്കുന്നതിനെക്കുറിച്ചും ലൂക്കാ വിവരിക്കുന്നുണ്ട് (ലൂക്കാ 9,18-20. 28-36:11,1). ഇങ്ങനെ ലൂക്കാ മാത്രമേ പറയുന്നുള്ളു. യേശുവിനെ മനസിലാക്കുവാനും അവന്റെ മഹത്വം ദർശിക്കാനും പ്രാർത്ഥിക്കുന്ന യേശുവിന്റെ സന്നിധിയിൽ ആയിരിക്കുക. യേശു പ്രാർത്ഥനയിൽ പിതൃപുത്രബന്ധം അനുഭവിക്കുന്നിടത്ത്, അത് മലയിലോ (9,28) മറ്റെവിടെയോ (9,18;11,1) ആകട്ടെ, അവനോടൊത്തായിരിക്കുകയും അവൻ പ്രാർത്ഥിക്കുന്നത് നോക്കിക്കൊണ്ടിരിക്കയും ചെയ്യണം. പ്രാർത്ഥന നമ്മുടെ മഹത്ത്വം — ദൈവപുത്രത്വം / നാം ദൈവമക്കളാണെന്ന് — വെളിപ്പെടുത്തും (ലൂക്കാ 3,21-22;9,29-35). നിങ്ങൾ ഒരു ദിവസം എത്ര സമയം പ്രാർത്ഥിക്കുന്ന യേശുവിനോടൊത്തായിരിക്കുകയും അവൻ പ്രാർത്ഥിക്കുന്നത് നോക്കിക്കൊണ്ടിരിക്കയും ചെയ്യാറുണ്ട്? ഇല്ലെങ്കിൽ അതൊന്നു പരിശീലിച്ചു നോക്കിക്കൂടേ? തീർച്ചയായും അത് നിങ്ങൾക്ക് നല്ലൊരനുഭവമായിരിക്കും.

യേശുക്രിസ്തു തനിക്കുവേണ്ടിയും തന്റെ ദൗത്യം മുൻനിർത്തി ലോകത്തിനു വേണ്ടിയും രക്തം വിയർത്തു പ്രാർത്ഥിക്കുമ്പോൾ ശിഷ്യരായ നാം അവന്റെയടുത്ത് ഉറങ്ങിക്കൊണ്ടിരുന്നാൽ അവന്റെ രക്ഷാകരപ്രവൃത്തിയുടെയും സഹനത്തിന്റെയും അന്ത്യത്താഴത്തിന്റെയും (വിശുദ്ധ കുർബാനയുടെയും) അർത്ഥമറിയാതെയും ഫലമനുഭവിക്കാതെയും പോകാനിടയാകും (ലൂക്കാ 22,39-46). കുടുംബത്തോടൊത്തും സമൂഹത്തിലും പ്രാർത്ഥനയിൽ സജീവമായി പങ്കുകൊള്ളുന്നത് നിങ്ങൾക്ക് സന്തോഷപ്രദമാണോ?

ക്രൂശിതനായിക്കിടക്കുന്ന യേശുവിനെ മറ്റുള്ളവർ ദുഷിക്കുമ്പോൾ പാപികളായ നാം അവനോടൊപ്പം ക്രൂശിക്കപ്പെടേണ്ടി വന്നാലും അവനോടു പ്രാർത്ഥിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം (ലൂക്കാ 23,32.43). പ്രാർത്ഥന ശക്തിയാണ്, ശക്തി തരും (ലൂക്കാ 22,39-46, പ്രത്യേകിച്ച് വാക്യം 41-43). കുരിശിൽ കിടന്നുകൊണ്ടുള്ള യേശുവിന്റെ അവസാനത്തെ പ്രാർത്ഥനകൾ (അതായത് മരണനേരത്തെ പ്രാർത്ഥനകൾ) മരണത്തെത്തന്നെ രൂപാന്തരപ്പെടുത്തുന്നതാണ്: തന്നോടു തെറ്റു ചെയ്തവരോടെല്ലാം ക്ഷമിക്കണമെന്ന് ദൈവപിതാവിനോടു പ്രാർത്ഥിക്കുകയും (ലൂക്കാ 23,34), തന്നെത്തന്നെ സ്വർഗീയ പിതാവിന്റെ കരങ്ങളിലേക്ക് ഏൽപിച്ചുകൊടുക്കുകയും (23,46) ചെയ്യുക. അങ്ങനെ സ്വന്തം മരണം മറ്റുള്ളവർക്കും

തനിക്കും രക്ഷാകരമാക്കുക. ഇപ്രകാരം അനായാസം പ്രാർത്ഥിക്കാൻ, മരണനേരത്ത് ആരും പ്രേരിപ്പിക്കാതെ പ്രാർത്ഥിക്കാൻ, സാധിക്കണമെങ്കിൽ നാം നമ്മുടെ അനുദിനജീവിതത്തിൽ കൂടെക്കൂടെ ഇങ്ങനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കണം.

ഉപവാസവും പ്രാർത്ഥനയും (ലൂക്കാ 4,1-14): ഉപവാസത്തിന്റെ പ്രസക്തിയും ആവശ്യവും (ലൂക്കാ 5,33-39;അപ്പ 13,2-3) സ്വഭാവവും പ്രായോഗികതയും സംബന്ധിച്ച പ്രബോധനങ്ങൾ യേശു ഉപമകളിലും പഠിപ്പിച്ചു (ലൂക്കാ 18,12).

പ്രാർത്ഥനയുടെ നിലപാടുകളും ഫലങ്ങളും ഉദാഹരിക്കുന്ന കഥകൾ വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ കണ്ടെടുക്കുക. (ലൂക്കായുടെ സുവിശേഷം *പ്രാർത്ഥനയുടെ സുവിശേഷം* (വിശദവിവരങ്ങൾക്ക്, കുര്യൻ വാലുപറമ്പിൽ, *ലൂക്കായുടെ സുവിശേഷഭാഷ്യം പഠനങ്ങളും ഭാഷ്യവും*, 78-89).

34 **ദൈവവചനത്തോടും അപ്പംമുറിക്കലിനോടും ബന്ധം**: ഉയർത്തെഴുന്നേറ്റ യേശുക്രിസ്തു ഇന്നും വചനം പഠിപ്പിച്ചുകൊണ്ട് ശിഷ്യരായ നമ്മോടൊത്ത് നടക്കുന്നു (ലൂക്കാ 24,13-46). അത് കേൾക്കാൻ വിശുദ്ധ ഗ്രന്ഥം വായിക്കുക, പഠിക്കുക, ഹൃദിസ്ഥമാക്കുക, പരിചിന്തിക്കുക, നിരന്തരം ധ്യാനിക്കുക (ഹൃദയത്തിൽ സംഗ്രഹിക്കുക); പാലിക്കുക: മാതൃകകൾ യേശുക്രിസ്തു, പരിശുദ്ധ കന്യകമറിയം, സഖറിയ, ബഥനിയിലെ മറിയം ആദിയായവർ.

*വിശുദ്ധ ഗ്രന്ഥം ദൈവികപദ്ധതിയുടെ സാക്ഷ്യരേഖയാണ്.* യേശുക്രിസ്തു തന്നെക്കുറിച്ചുള്ള പിതൃപദ്ധതി എപ്പോഴും തിരിച്ചറിഞ്ഞത് തിരുഗ്രന്ഥ ത്തിൽ എഴുതപ്പെട്ടിട്ടുള്ളത് കൃത്യമായും വ്യക്തമായും പഠിച്ചറിഞ്ഞാണ്. ഈ വസ്തുത വ്യക്തമാക്കിത്തരുന്ന ധാരാളം സംഭവങ്ങൾ യേശുവിന്റെ ജീവിതത്തിൽ നിന്ന് ലൂക്കാ ഉദ്ധരിക്കുന്നുണ്ട്. ദൈവചനത്തിന്റെ വെളിച്ചത്തിലാണ് യേശു തന്റെ ജീവിതാനുഭവങ്ങളുടെയെല്ലാം ആവശ്യവും അർ ത്ഥവും പ്രസക്തിയും മനസിലാക്കിയതും വ്യാഖ്യാനിച്ചതും (ലൂക്കാ 4,4.8.12; 24,25-27.44-46). നമ്മുടെ ജീവിതസന്ധികളിൽ നമ്മുടെ കർത്താവിന്റെ പരിശുദ്ധ അമ്മയെപ്പോലെ ''നിന്റെ വചനം പോലെ എനിക്കു ഭവിക്കട്ടെ''(ലൂക്കാ 1,38) എന്നു പറഞ്ഞ് നമ്മെക്കുറിച്ചുള്ള ദൈവികപദ്ധതിക്കു നമ്മെ സമർപ്പിക്കുന്നതിന് വചനപരിചയം നമ്മെ പ്രേരിപ്പിക്കും. ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർ ത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും എന്ന് യേശു പ്രഖ്യാപിക്കുന്നതിൽ വചനത്തിന്റെ സർഗാത്മകശക്തിയുടെ സൂചനയുണ്ട് (ലൂക്കാ 8,22-39). നാം നിരപരാധികൾ ആയിരിക്കുമ്പോൾ പോലും നമ്മുടെ സ്നേഹിതരും ബന്ധുക്കളും, നമ്മെ ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യാനുള്ളവരും, നമ്മെ ദുഷിച്ചു പറയുമ്പോഴും ദൈവപിതാവിന്റെ കരങ്ങളിലേക്ക് സ്വയം ഏല്പിച്ചുകൊടുത്ത് ശക്തി കണ്ടെത്തുവാൻ നിങ്ങൾക്ക് അനായാസം സാധിക്കുന്നുണ്ടോ?

*കഠിനമായ പ്രലോഭനങ്ങളുടെയും പരീക്ഷകളുടെയും അവസരങ്ങളിൽ ദൈവവചനം ശക്തിയാണ്* (ലൂക്കാ 4,1-13). സാത്താൻ വീണ്ടും കുടിപാർക്കാൻ



കൂടുതൽ ശക്തരായ കൂട്ടാളികളെയും കൂട്ടി വരുമ്പോൾ നമ്മുടെ ഹൃദയം വചനം കൊണ്ടു നിറഞ്ഞിരിക്കുന്നതായി കണ്ടാൽ എതിർക്കാതെ തിരികെപ്പൊയ്ക്കൊള്ളും (ലൂക്കാ 11,24-28)

വചനം ഫലം പുറപ്പെടുവിക്കാനുള്ള അന്തരീക്ഷം നാമോരോരുത്തരും നമ്മിലും സമൂഹത്തിലും സൃഷ്ടിക്കണം (ലൂക്കാ 8,4-21). വചനം പങ്കിട്ടുകൊണ്ടിരിക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ ലഭിച്ചിരുന്നതും നഷ്ടപ്പെടും. നല്കപ്പെട്ടതും നമുക്ക് ഉണ്ടെന്നു കരുതുന്നതുകൂടെയും എടുക്കപ്പെടും (ലൂക്കാ 8,16-18). ക്രിസ്തീയ യുവജനങ്ങളുടെ ആത്മീയപ്രസ്ഥാനത്തിന്റെ സമ്മേളനങ്ങൾ വചനം ഫലപ്രദമായി പങ്കിടുന്ന സന്ദർഭങ്ങളാക്കുന്നതിൽ നാം വിജയിക്കണം.

*ബൈബിളിന്റെ രസവും വേദസാരവും യേശുക്രിസ്തുവാണ്.* അവനാണ് ബൈബിളിലെ എഴുപത്തിമൂന്നു പുസ്തകങ്ങളുടെയും രസവും സാരവും. അവനെ അടുത്തറിയാൻ, മനുഷ്യവംശത്തെ പൊതുവെയും നമ്മെയും അടുത്തറിയാൻ, ബൈബിൾ ശ്രദ്ധാപൂർവം വായിച്ച് പഠിച്ച് ധ്യാനിക്കണം.

യേശുവിന്റെ അവസാനവാക്കുകളായ സങ്കീർത്തനവാക്കുകൾ (ലൂക്കാ 23, 46; സങ്കീ 31,5), *പിതാവേ, നിന്റെ കരങ്ങളിലേക്ക് എന്റെ ആത്മാവിനെ* (=എന്നെ) *ഞാൻ സമർപ്പിക്കുന്നു* എന്ന വാക്കുകൾ, പറഞ്ഞുകൊണ്ട് ഈ ലോകത്തോടു വിട പറയാനുള്ള ധൈര്യം നേടുവാൻ തിരുവചനധ്യാനം സഹായിക്കുന്നു.

*വചനശ്രവണം വിശുദ്ധ കുർബാനയിൽ പൂർത്തിയാക്കണം* (ലൂക്കാ 24,13 -35): യേശുക്രിസ്തു സഹിച്ച് മഹത്വത്തിലേക്കു പ്രവേശിച്ചതിനു ശേഷമുള്ള കാലഘട്ടത്തിൽ പ്രേഷിതയാത്ര ചെയ്യുന്ന, ജീവിതയാത്ര ചെയ്യുന്ന, ശിഷ്യരോടു വചനം സംസാരിച്ചുകൊണ്ടു അവൻ കൂടെ നടക്കുന്നു. അവനെ കണ്ണു തുറന്നു കാണാനും തിരച്ചറിയാനും അവൻ ശിഷ്യരിൽ നിന്നു സ്വീകരിച്ച് എടുത്ത്, ആശീർവദിച്ച്, മുറിച്ചു നൽകുന്ന അപ്പം സ്വീകരിക്കണം (ലൂക്കാ 24,13-35 മനസ്സിരുത്തി ഒന്നുകൂടി വായിച്ചു നോക്കുക). ആ അപ്പത്തിൽ അവനെ തിരിച്ചറിയുകയും അനുഭവിക്കുകയും ചെയ്യുക.യേശുവിന്റെ പരസ്യശുശ്രൂഷയിൽ വചനശുശ്രൂഷയും അപ്പംമുറിക്കൽശുശ്രൂഷയും തമ്മിലുള്ള ബന്ധത്തിന്റെ പ്രാധാന്യത്തിലേക്കു മറ്റ് സുവിശേഷങ്ങളിലും സൂചനകളുണ്ട് (ഉദാ: യോഹ 6;മർക്കോ 6,30-44. പ്രത്യേകിച്ച് വാക്യ 34-44.52). തന്നെക്കുറിച്ച് തിരുഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ദൈവപിതാവിന്റെ പദ്ധതി (ഹിതം) നിറവേറ്റുന്നതിനു ചെയ്ത ശുശ്രൂഷയുടെയും അതിന്റെ അവശ്യഭാഗമായി സ്വീകരിച്ച സഹനത്തിന്റെയും പൂർത്തീകരണമാണ് കുരിശിലെ സ്വയംബലി - മഹത്വത്തിലേക്കുള്ള പ്രവേശനം (ക്രിസ്തു സഹിച്ച് മഹത്വത്തിലേക്കു പ്രവേശിച്ചത്: ലൂക്കാ 24,425-27) എന്ന് പഠിപ്പിച്ചുകൊണ്ട് അവൻ നമ്മോടുകൂടെ നടന്നുകൊണ്ടിരിക്കുകയാണ്. കുരിശിൽ അവൻ അർപ്പിച്ച യാഗാർപ്പണമായ തന്നെ മനുഷ്യർക്ക് സ്വീകരിക്കാവുന്ന രൂപത്തിൽ മുൻകൂട്ടി നൽകിയതാണ് അന്ത്യത്താഴത്തിൽ അപ്പം തന്റെ ശരീരവും പാനപാത്രം (വീഞ്ഞ്) തന്റെ രക്തവുവുമായി നൽകിയത് (ലൂക്കാ 22,1-22). ''എന്റെ ഓർമ്മ

യ്ക്കായി ഇതു ചെയ്യുവിൻ'' (ലൂക്കാ 22,19) എന്നു അവൻ കല്പിച്ചതനുസരിച്ച് സഭ അപ്പംമുറിക്കൽശുശ്രൂഷ (അപ്പ 2,47) നടത്തുമ്പോൾ ആ അപ്പത്തിൽ താൻ സന്നിഹിതനാണെന്നും, വചനം ശരിയായി ശ്രവിച്ചവർക്ക് ആ അപ്പത്തിൽ (വിശുദ്ധ കുർബാനയിൽ) തന്നെ കണ്ണു തുറന്നു കാണാനും തിരിച്ചറിയാനും സാധിക്കുമെന്നും ഉത്ഥിതനായ യേശുക്രിസ്തു ലൂക്കാ 24,13–35ലെ സംഭവത്തിൽ പഠിപ്പിക്കുന്നു. യേശുക്രിസ്തു സ്വയം ബലിയർപ്പിച്ച് അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശിച്ച (ലൂക്കാ 23,44–46) മഹാപുരോഹിതനായി സ്വർഗാരോഹണം ചെയ്തു (ലൂക്കാ 9,51;24,50–52). അവൻ ശിഷ്യരുടെ കൂടെ നടന്ന് വചനം പഠിപ്പിക്കുകയും ശിഷ്യർ നൽകുന്ന അപ്പത്തിൽ തന്നെ അവർക്കു പ്രത്യക്ഷനാക്കുകയും (കാണുകയും തിരിച്ചറിയുകയും ചെയ്യാൻ ഇടയാക്കുകയും) ചെയ്യുന്നു.

*വിശുദ്ധ കുർബാനയിലുള്ള സജീവഭാഗഭാഗിത്വം*: വിശുദ്ധ കുർബാനയിലെ വചനശുശ്രൂഷയിൽ പങ്കെടുക്കാതെ വിശുദ്ധ കുർബാനയിലെ പങ്കെടുക്കൽ പൂർണമാകില്ല. വിശുദ്ധ കുർബാനയിലെ വചനശുശ്രൂഷയിൽ പൂർണമായി സംബന്ധിക്കാൻ നിങ്ങൾ എത്രമാത്രം ശ്രദ്ധിക്കാറുണ്ട്?

പെന്തെക്കോസ്തുസമൂഹങ്ങളും സമാനങ്ങളായ സ്വതന്ത്രസഭകളും വചനശുശ്രൂഷയ്ക്ക് മാത്രം പ്രാധാന്യം നൽകുന്നു. അത് യേശുവിന്റെ ശുശ്രൂഷയെക്കുറിച്ച് ബൈബിൾ നൽകുന്ന വിവരണത്തിന് നിരക്കുന്നതല്ല. അവർ ബൈബിൾ പൂർണമായി പരിഗണിക്കുന്നില്ല.

35 **പരിശുദ്ധാത്മാനുഭവം**: യേശു പരിശുദ്ധാത്മാവിനാൽ ജനിച്ചും (ലൂക്കാ 1,28–35), അഭിഷിക്തനായും (ലൂക്കാ 3,21–22;അപ്പ 10,37–38), നിറഞ്ഞും (4,1), നയിക്കപ്പെട്ടും (4,1), അയയ്ക്കപ്പെട്ടും (ലൂക്കാ 4,18) ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു (രക്ഷാപ്രവൃത്തി നിറവേറ്റി: ലൂക്കാ 4,14.18). യേശു പരിശുദ്ധാത്മാവിനാൽ പിശാചിനെ പരാജയപ്പെടുത്തി (4,1–13). പരിശുദ്ധാത്മാവിൽ ആനന്ദിച്ചു (ലൂക്കാ 10,21). അമ്മയുടെ ഉദരത്തിൽവച്ചുതന്നെ മുന്നോടിയെ ദൗത്യനിർവഹണത്തിനുവേണ്ടി പരിശുദ്ധാത്മാവിനാൽ അഭിഷേച്ചിച്ചു (ലൂക്കാ 1,15.41.44). താൻ പൂർത്തിയാക്കിയ ശുശ്രൂഷ തുടരാൻ / തനിക്കു സാക്ഷികളാകാൻ ശിഷ്യസംഘത്തെ പരിശുദ്ധാത്മാവിനാൽ അഭിഷേചിച്ചു (അപ്പ 2,1–6. 14–21; ജോയേ 2,28–32).

യേശുവിന്റെ ജനനത്തോടനുബന്ധിച്ച് അനേകം ഭക്തർ പരിശുദ്ധാത്മനിറവുള്ളവരായി (മറിയം: ലൂക്കാ 1,35; എലിസബേത്തും അവരുടെ ഉദരസ്ഥ ശിശുവും ലൂക്കാ 1,41), സഖറിയ (1,67), ബാലനായ യോഹന്നാൻ (1,80), ജറുസലേംദേവാലയത്തിലെ വൃദ്ധനായ ശിമയോൻ (2,26–27) എന്നിവർ അങ്ങനെയുണ്ട്.

പരിശുദ്ധാത്മനുഭവത്തിൽ ജീവിക്കുക: (1) യേശുക്രിസ്തു അയച്ചുതരുന്ന പിതാവിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവിനാൽ ജനിച്ച്, പരിശുദ്ധാത്മാവിനാൽ അഭിഷിക്തരാകുക (ലൂക്കാ 3,21–22;അപ്പ 2,3–6.14–21; ജോയേ 2,28–32). (ഇതു രണ്ടും നമ്മുടെ മാമോദീസായിൽ സംഭവിക്കുന്നു. സാക്ഷ്യശുശ്രൂഷയ്ക്കുവേണ്ടി



ഒരോ സന്ദർഭത്തിലും പരിശുദ്ധാത്മാഭിഷേകത്തിന് പ്രാർത്ഥിക്കുന്നതും അത് ലഭിക്കുന്നതും ലൂക്കാ അപ്പോസ്തലപ്രവർത്തനങ്ങളിൽ വിവരിക്കുന്നുണ്ട്). (2) യേശുക്രിസ്തുവിനെ രക്ഷയായ സമാധാനമെന്നു പരിശുദ്ധാത്മാവിനാൽ കാണുക (ലൂക്കാ 2,27–32). (3) യേശുവിനെ അനുകരിച്ച്, അവനെ അനുകരിക്കുന്നവരുടെ സംഘത്തിൽ, പത്രോസിന്റെ നേതൃത്വത്തിലുള്ള അപ്പോസ്തലനേതൃത്വമുള്ള സംഘത്തിൽ (= അപ്പോസ്തോലിക നേതൃത്വമുള്ള സഭയിൽ; ലൂക്കാ 6,12–17;9,1–6;;24,47–49;അപ്പ 1,6–8) അംഗമായിരിക്കുക. (3) അങ്ങനെയായിരുന്നുകൊണ്ട് യേശുക്രിസ്തുവിന് ലോകത്തിന്റെ അതിർത്തികളോളം (= വിജാതിയരെന്നും തൊട്ടുകൂടാത്തവരെന്നും പറഞ്ഞ് മാറ്റിനിർത്തപ്പെട്ടവരുടെയിടയിലും; അപ്പ 13,47;ഏശ 42,6;49,6) സാക്ഷികളായിക്കുക. ആ സാക്ഷ്യവേല ചെയ്തുകൊണ്ട് സ്വർഗത്തിലേക്ക് എടുക്കപ്പെടാൻ യാത്ര ചെയ്യുക. (4) പരിശുദ്ധാത്മാവിൽ ആനന്ദിക്കുക (ലൂക്കാ 10,21). ലോകശക്തികളും പൊതുജനവും ഉദ്യോഗസ്ഥവൃന്ദവും അവഗണിക്കുന്നവർക്ക് യേശുക്രിസ്തു മുഖാന്തരം സ്വർഗരാജ്യത്തിന്റെ രഹസ്യങ്ങൾ വെളിപ്പെട്ടതിലും അവർക്ക് യേശുക്രിസ്തുവിലുള്ള സ്വാതന്ത്ര്യം ലഭിച്ചതിലും സന്തോഷിക്കുക — രക്ഷകനായ ദൈവത്തിൽ ഹൃദയംകൊണ്ട് സന്തോഷിക്കുക (ലൂക്കാ 1,46–49). (5) ക്രിസ്തുവിനെ കാണാനായതിലും സാക്ഷിക്കുന്നതിലും (അവനെക്കുറിച്ച് മറ്റുള്ളവരോടു / രക്ഷ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന സകലരോടും പറയുന്നതിലും) സന്തോഷിക്കുക (ലൂക്കാ 2,25–35. 36–38). — ലൂക്കായുടെ സുവിശേഷം ദൈവസ്തുതിപ്പിന്റെ സുവിശേഷവുമാണ്.

36 **ശിഷ്യത്വം തീർത്ഥയാത്ര**: ഈശ്വരവിശ്വാസികളെല്ലാം ഈലോകജീവിതത്തെ തീർത്ഥാടനമായി വിലമതിക്കുന്നു. തീർത്ഥം എന്ന വാക്കിന് അറിവ് എന്നും പുണ്യം എന്നും അർത്ഥമുണ്ട്. അറിവും പുണ്യവും തേടിയുള്ള യാത്രയാണ് തീർത്ഥാടനം. വിനോദയാത്രയല്ല. മറ്റു മതസ്ഥർ നമ്മുടെ സഹതീർത്ഥാടകരാണ്. ക്രിസ്ത്യാനികളുടെ പ്രത്യേകത ഈ തീർത്ഥാടനത്തിന്റെ മാതൃകയും മദ്ധ്യസ്ഥനും നായകനുമായി ദൈവപുത്രനായിരുന്നുകൊണ്ടുതന്നെ മനുഷ്യപുത്രനായിത്തീർന്ന യേശുക്രിസ്തുവിനെ സ്വീകരിച്ചിട്ടുണ്ട് എന്നതാണ്. ദൈവം യേശുക്രിസ്തുവിൽ പൂർത്തിയാക്കിയ രക്ഷ (മോചനം) അനുഭവിക്കാൻ മനുഷ്യവംശത്തിനുള്ള വിളി സ്വീകരിച്ച്, രക്ഷ അനുഭവിച്ചുകൊണ്ടും, മറ്റുള്ളവർക്കും ആ രക്ഷാനുഭവം സംലഭ്യമാക്കുവാൻ കർത്താവായ യേശുക്രിസ്തുവിന്റെ കല്പനയനുസരിച്ച് സാക്ഷ്യവേല ചെയ്തുകൊണ്ടും, അവന്റെ പിന്നാലെ യാത്രചെയ്ത് സ്വർഗത്തിലേക്ക് എടുക്കപ്പെടാൻ സ്വയം സമർപ്പിക്കുകയാണ് ക്രിസ്തുശിഷ്യത്വം. ക്രിസ്ത്യാനികൾക്ക് ''മാർഗവാസികൾ'' എന്ന പേര് ലൂക്കാ അപ്പോസ്തലപ്രവർത്തനങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട് (അപ്പ 9,2;22,4;19;9.23;24,14.22).

ലൂക്കാ 24,13–35 വീണ്ടും വായിക്കുക. ഈ യാത്രയിലുടനീളം യേശു നമുക്കു തിരിച്ചറിയാൻ പ്രയാസമായ രീതിയിലും രൂപത്തിലും അദൃശ്യനായി നമ്മോടൊത്തുണ്ട്. അപ്പോഴും അവൻ നമ്മോടു വചനം പറഞ്ഞുകൊണ്ടിരിക്കുന്നു. അവൻ സംസാരിക്കുന്ന വചനം കേൾക്കുകയും, അവനോടും പരസ്പരവും അവനെക്കു

റിച്ച് സംസാരിക്കുകയും ചെയ്തുകൊണ്ട് നാം തീർത്ഥയാത്ര ചെയ്യുന്നു. അവൻ നമ്മോടു സംസാരിക്കുമ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചുകൊണ്ടിരിക്കുന്നത് നമുക്ക് അനുഭവപ്പെടുന്നുണ്ടോ എന്ന് ശ്രദ്ധിക്കാൻ മറക്കരുത്. അവൻ നമ്മുടെ കയ്യിൽ നിന്ന് സ്വീകരിച്ചിട്ട് എടുത്ത് ആശീർവദിച്ച് മുറിച്ചു നൽകുന്ന അപ്പം സ്വീകരിക്കുമ്പോൾ നമ്മുടെ ഹൃദയവും കണ്ണും തുറക്കപ്പെടന്ന അനുഭവത്തിനായും നാം കാത്തിരിക്കണം.

37 **തീർത്ഥയാത്ര പ്രേഷിതയാത്ര:** നമ്മുടെ തീർത്ഥയാത്ര ഒരു പ്രേഷിതയാത്രയുമാണ്. യേശു പിതാവിന്റെ ഭവനത്തിലേക്കുള്ള തീർത്ഥയാത്ര പൂർത്തിയാക്കിയത് യാത്രയിലുടനീളം *ദരിദ്രർക്ക് സുവിശേഷം പ്രസംഗിച്ചുകൊണ്ടാണ്.* (''ദരിദ്രർ'' ആരാണെന്ന് മുകളിൽ വിശദമാക്കിയിട്ടുണ്ടല്ലോ). ലൂക്കായുടെ വിവരണമനുസരിച്ച് യേശു അപ്പോസ്തലന്മാരെയും ശിഷ്യരെയും സുവിശേഷവേലയ്ക്ക് നിയോഗിച്ചത് വിരുന്നിന്റെ / ഭക്ഷണത്തിന്റെ സാഹചര്യങ്ങളോടു ബന്ധപ്പെട്ടാണ് (ലൂക്കാ 9,1-6.10-17; 24,28-35.36-49; അപ്പ 1,1-8). ലൂക്കാ 9-ാം അദ്ധ്യാത്തിലേത് യേശു നിറവേറ്റിയ മിശിഹായുടെ വിരുന്നിന്റെ വർണ്ണനയാണ്. ലൂക്കാ 24,28-35;24,41-49; അപ്പ 1,48 എന്നിവിടങ്ങളിലേത് വിശുദ്ധ കുർബാനയെ സൂചിപ്പിക്കുന്ന വിരുന്നുകളാണ്. അവയെല്ലാം അന്യോന്യം ബന്ധപ്പെട്ടവയാണ്. ഉത്ഥിതനായ കർത്താവേശു ശിഷ്യരോടൊത്ത് *ഭക്ഷണത്തിനിരിക്കുമ്പോളാണ്* അവരോടു പരിശുദ്ധാത്മാവിനെ പ്രാപിച്ച് ജറുസലേം മുതൽ ലോകാതിർത്തികളോളം സാക്ഷ്യവേല ചെയ്യാൻ കല്പിച്ചത് (അപ്പ 1,4). അപ്പ 1,4ൽ പരാമർശിക്കുന്ന *ഭക്ഷണത്തിനിരിക്കൽ* അപ്പംമുറിക്കൽശുശ്രൂഷ(വിശുദ്ധ കുർബാന) ആകുന്നു (ലൂക്കാ 24,30 കാണുക). നമ്മുടെ കുർബാനയുടെ അവസാനം ''സമാധാനത്താലേ പോകുവിൻ'' എന്ന് ആശംസിച്ചു യാത്രയയയ്ക്കാറുണ്ടല്ലോ. അത് സുവിശേഷേലയ്ക്കുള്ള യാത്രയയയ്ക്കൽ കൂടിയാണെന്ന് സുവിശേഷമാസ്പദമാക്കി മനസിലാക്കാം.

നമ്മുടെ ജീവിതാന്തസുകളെല്ലാം ഒരേ സമയം തീർത്ഥയാത്രയും പ്രേഷിതയാത്രയുമാണ്. വൈദിക-സന്യാസാന്തസുകളെ ആശ്ലേഷിക്കാത്ത യുവജനങ്ങൾ തങ്ങളുടെ യുവത്വത്തിന്റെ ഒരു ഘട്ടത്തിൽ ഒരു നിശ്ചിത കാലയളവ് സുവിശേഷവേലയ്ക്കായി പ്രത്യേകം നീക്കിവയ്ക്കുന്നതിനെക്കുറിച്ചും ചിന്തിക്കേണ്ടതല്ലേ? അപ്രകാരം പ്രവർത്തിക്കുന്ന അനേകം കത്തോലിക്കായുവജനങ്ങൾ ഇന്ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ, വിശേഷിച്ച് വൈദികന്മാർക്കോ സന്യാസികൾക്കോ കടന്നു ചെല്ലാൻ സാധിക്കാത്ത ഇടങ്ങളിൽ, സ്വന്തം കൈ കൊണ്ടദ്ധ്വാനിച്ച് അനുദിന ജീവിതാവശ്യങ്ങൾ നിറവേറ്റിക്കൊണ്ട്, സുവിശേഷവേല ചെയ്യുന്നുണ്ടെന്ന് ജീസസ് യൂത്തിന്റെ റിപ്പോർട്ടുകളിൽ നാം അറിയുന്നുണ്ടല്ലോ. ഈ ശൈലി മലങ്കര കത്തോലിക്കാസഭയിലെ യുവജനങ്ങൾക്ക് അസ്വീകാര്യമാണോ?

ശിഷ്യത്വത്തിന്റെ വെല്ലുവിളികളും ത്യാഗങ്ങളും പ്രതിഫലവും ലൂക്കാ 9,57-62;9,21-27;5,1-11. 27-32;18,18-30; 6,20-23;.9,28-38 എന്നിവിടങ്ങളിൽ കൂടുതൽ വിവരിച്ചിട്ടുണ്ട്.



ഉത്ഥിതനായ യേശുക്രിസ്തു കൂട്ടിക്കൊണ്ടു പോകുന്നിടത്തേക്കു പോകുകയും, അവന്റെ ഉയർത്തപ്പെട്ട കൈകൾ കൊണ്ടുള്ള അനുഗ്രഹം പ്രാപിച്ച് അവനെ ആരാധിക്കുന്ന സംഘത്തിൽ ഉൾപ്പെടുകയും ചെയ്ത് നയിക്കുന്ന ജീവിതമാണ് ... ശിഷ്യത്വം (ലൂക്കാ 24,50-54). അത് സ്വർഗാരോഹിതനായ യേശുക്രിസ്തുവിനെ ശിഷ്യസംഘത്തോടൊത്ത് (സഭയിലും സഭയോടൊത്തും) ആരാധിച്ചും, പതിവായി ദൈവത്തെ ദൈവാലയത്തിൽ സ്തുതിച്ചുകൊണ്ടുമിരിക്കുന്ന ജീവിതമാണ്. ഈശ്വരവിശ്വാസികളെല്ലാം ദൈവത്തെ ആരാധിക്കുന്നു. ക്രിസ്തീയ വിശ്വാസികൾ യേശുക്രിസ്തുവിൽ വിശ്വസിച്ചും ഉത്ഥിതനായ അവനെ ആരാധിച്ചും ദൈവത്തെ ആരാധിക്കുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് അടിസ്ഥാന ആരാധന.

38 **ശിഷ്യത്വം സന്തോഷിക്കാനുള്ള വിളി**: ലൂക്കായുടെ സുവിശേഷത്തിലെ ആദ്യത്തെ എപ്പിസോഡിലും രണ്ടാമത്തെ എപ്പിസോഡിലും ഗബ്രിയേൽമാലാഖ ''സന്തോഷം'' / ''സന്തോഷിക്കൂ'' എന്നീ വാക്കുകൾ പറയുന്നു (ലൂക്കാ 1,13-14;1,28: മറിയാമിനോട് ''സ്വസ്തി'': ഗ്രീക്കു വാക്ക് *ഖയിറെ = സന്തോഷിക്കൂ*). ലൂക്കാ 2,44.58;2,10.20;15,5.-6.7..9-10. 23-24.32; 24,52-53 എന്നീ ഭാഗങ്ങൾ വായിച്ച് ധ്യാനിക്കുക. സന്തോഷത്തെ വർണിക്കുന്ന പല പദങ്ങൾ ലൂക്കാ ഉപയോഗിക്കുന്നുണ്ട്: ആനന്ദം-ആനന്ദിക്കുക; സന്തോഷം-സന്തോഷിക്കുക; ആഹ്ലാദിക്കുക; കുതിച്ചു ചാടുക (ഈ പദങ്ങളുള്ള സുവിശേഷഭാഗങ്ങൾ കണ്ടുപിടിക്കുക). യേശു മുതലുള്ള കാലം സന്തോഷിക്കാനുള്ള വിളി സ്വർഗത്തിൽ നിന്ന് തുടർച്ചയായി ലഭിക്കുന്നതാണ്. ശിഷ്യത്വത്തിന്റെം ഭാരം വഹിക്കുമ്പോഴും സന്തോഷിക്കാനുള്ള വിളിയാണ് ക്രിസ്തീയശിഷ്യത്വം (ലൂക്കാ 6,20-23).

ചിലരെ ദുഃഖിപ്പിക്കും. ക്രിസ്തുവിനെക്കാളും ദൈവാശ്രയത്തെക്കാളും സമ്പത്തിൽ ആശ്രയിക്കുന്നവരെ ശിഷ്യത്വത്തിലേക്കുള്ള വിളി ദുഃഖിപ്പിക്കും (ലൂക്കാ 18,18-30). സകലതും ഉപേക്ഷിച്ച് യേശുവിനെ അനുഗമിക്കാൻ സന്നദ്ധരായിരിക്കാനുള്ള വിളിയാണ് നമുക്കു നൽകപ്പെട്ടിട്ടുള്ളത്. അതിന്റെ അടിസ്ഥാനപരമായ അർത്ഥം ദൈവം നമുക്കു ലോകത്തിൽ നൽകിയിട്ടുള്ള സകല നന്മകളും യേശുക്രിസ്തുവിനെ അനുകരിച്ച് ദൈവത്തിന്റെ പദ്ധതിയിൽ സഹകരിക്കാൻ വിനിയോഗിക്കാൻ നാം തയ്യാറായിരിക്കണം എന്നാണ്. ദൈവത്തെ നമ്മുടെ പരമോന്നത മൂല്യവും, ദൈവഹിതനിർവഹണം നമ്മുടെ ഏറ്റവും ഉന്നതമായ ഉത്തരവാദിത്വവുമായി സ്വീകരിക്കുന്നതോടെ ശിഷ്യത്വത്തിനു നല്ലൊരു തുടക്കമായി.

39 **ശിഷ്യത്വം സമാധാനം അനുഭവിക്കാനുള്ള വിളി**. യേശു ജനിച്ചപ്പോൾ മാലാഖകളുടെ സംഘം പാടി: '' ... ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് (ദൈവം പ്രസാദിച്ചവർക്ക്) സമാധാനം'' (ലൂക്കാ 2,13-14). യേശുവാണ് ഭൂമിയിൽ സമാധാനം. അവനെ രക്ഷയെന്നു കാണുന്നവർക്ക് സമാധാനത്തോടെ ഇഹത്തിൽ നിന്ന് യാത്ര ചോദിക്കാം (ലൂക്കാ 2,27-32). അവൻ പാപികളെ സമാധാനത്തിലേക്കു അയയ്ക്കുന്നു (ലൂക്കാ 7,50). സമാധാനത്തിലേക്കു നമ്മുടെ പാദങ്ങളെ നയിക്കുന്നു (ലൂക്കാ 1,79).

40 **ശിഷ്യത്വം അനുതപിക്കാനുള്ള വിളിയുടെ സ്വീകരണം** (ലൂക്കാ 5,1-10; 3,1-14). അനുതപിക്കുകയില്ലെങ്കിൽ വെട്ടപ്പെടും (ലൂക്കാ 3,9;13,6-9). അനുതപിക്കുകയെന്നാൽ മാനസിക / വൈകാരിക തലത്തിലുള്ള ദുഃഖത്തിൽ ഒതുങ്ങുന്നതല്ല. മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കണം (ലൂക്കാ 3,8;13,6-9, പ്രത്യേകിച്ച് വാക്യ 10-14;19,1-10, വിശേഷിച്ച് വാക്യം 8). സ്നേഹവും അനുതാ പവും അന്യോന്യം ബന്ധിതമാണ് — ദൈവം നമ്മുടെ നിരവധിയായ പാപങ്ങൾ ക്ഷമിച്ചതിനാൽ (ദൈവത്തിനു നമ്മോടുള്ള സനേഹം) നമുക്കു ദെവത്തോടുള്ള വലിയ സ്നേഹത്തിലേക്ക് നയിക്കണം (ലൂക്കാ 7,47-48). അനുതപിച്ചു വരുന്ന ധൂർത്തപുത്രനെ സഹോദരനായി / ധൂർത്തപുത്രിയെ സഹോദരിയായി സ്വീകരിക്കുവാനും പിതാവിനോടും കുടുംബത്തോടുമൊത്ത് സന്തോഷിക്കാനും മനസാകുക (ലൂക്കാ 15). അതായത്, അനുതപിക്കുന്ന സഹോദരങ്ങളോട് അതിരില്ലാതെ ക്ഷമിക്കുവാൻ തയ്യാറാകണം (ലൂക്കാ 17,3-4; 7,40). വീണ്ടും അവരെ കുറ്റക്കാരായി മാത്രം നാം കാണുന്നുവെങ്കിൽ നമ്മുടെ അനുതാപവും ക്ഷമയും യഥാർത്ഥമല്ല. ലൂക്കാ 15-ാം അദ്ധ്യായത്തിലുള്ള ധൂർത്തപുത്രന്റെ കഥയിൽ യേശു ഉയർത്തുന്ന മുഖ്യ ആഹ്വാനം അവന്റെ മൂത്ത സഹോദരൻ (അയാളെപ്പോലുള്ളവർ) അനുതപിക്കണമെന്നത്രേ. അനുതാപം അതിന്റെ ആഴമായ അർത്ഥത്തിൽ യേശുക്രിസ്തുവിനെ രക്ഷകനായി പരിപൂർണമായി സ്വീകരിക്കുകയാണ് (ലൂക്കാ 3,16 -17;ലൂക്കാ 11,29-32; 23,32-43).

41 **ക്രിസ്തീയ ശിഷ്യത്വം നാം ക്രിസ്തീയവിശ്വാസം സ്വീകരിച്ചതിനെപ്രതി നമ്മെ പീഡിപ്പിക്കുന്നവരെ സ്നേഹിക്കാനുള്ള ജീവിതമാണ്** (ലൂക്കാ 6,27-36).

42 **ലൂക്കായുടെ സുവിശേഷം ദൈവകരുണയുടെ സുവിശേഷം**: ദൈവത്തിന്റെ *കരുണ* കേവലമൊരു വികാരപ്രകടനമല്ല. കരുണയെ കുറിക്കുന്ന പല പദങ്ങൾ ലൂക്കാ സുവിശേഷത്തിൽ ഉപയോഗിച്ചിട്ടുണ്ട്. കരുണയുടെ ഏറ്റവും ആഴമായ ഭാവം ആവിഷ്കരിക്കാൻ ലൂക്കാ ഉപയോഗിച്ചിട്ടുള്ള ഗ്രീക്കു പദം *സ്പ്ലാങ്നിസൊമായി* (ഉദാ: ലൂക്കാ 7,13) ആണ്. മലങ്കരസഭക്കാർ "*മൊറിയോ റാഹേം അലയിൻ ഉഅദാറയിൻ*" (= കർത്താവേ, ഞങ്ങളോടു കരുണയുണ്ടായി ഞങ്ങളെ സഹായിക്കണമെ) എന്ന് പ്രാർത്ഥയിൽ അപേക്ഷിക്കുമല്ലോ. *റാഹേം* എന്ന പദമാണ് *കരുണയുണ്ടാകുക* എന്ന അർത്ഥമുള്ളത്. അതിനു ഹീബ്രുബൈബിളിൽ ഉപയോഗിച്ചിട്ടുള്ള പദത്തിനും അതിന്റെ സമാനമായ ഗ്രീക്കു പദത്തിനും (*സ്പ്ലാങ്നിസൊമായി*) ഒരു വ്യക്തിയുടെ ആന്തരികാവയവങ്ങൾ മുഴുവൻ ഉരുകിയലിഞ്ഞ് ഒഴിക്കുക എന്ന മൗലികാർത്ഥമുണ്ട് (അലിവുണ്ടാകുക). അമ്മയെക്കുറിച്ച് ആ പദമുപയോഗിക്കുമ്പോൾ അത് അവളുടെ ഗർഭപാത്രം ഉരുകിയലിഞ്ഞ് തന്റെ കുഞ്ഞിനോടു ചെയ്യുന്ന പ്രവൃത്തിയെ / പെരുമാറ്റത്തെ ധ്വനിപ്പിക്കുന്നു. ചുരുക്കത്തിൽ, ഒരു വ്യക്തി മറ്റുള്ളവർക്കുവേണ്ടി സ്വയം അലിഞ്ഞ് തന്നെത്തന്നെ നൽകുന്നതാണ് കരുണ. "തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കാൻതക്ക വിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" എന്ന് യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ പറയുന്നത്



ദൈവത്തിന്റെ കരുണയുടെ തനിമ ദർശിക്കുന്ന വ്യാഖ്യാനമാണ് (യോഹ 3,16). ശക്തനായ ദൈവം തലമുറകൾതോറും കരുണ വർഷിക്കുന്നതിന്റെ പൂർത്തീകരണമാണ് യേശുക്രിസ്തുവിൽ നിറവേറിയ സകലതും (ലൂക്കാ 1,49-55). യേശുക്രിസ്തു ദൈവത്തിന്റെ കാരുണ്യാധിക്യത്താൽ ഉന്നതങ്ങളിൽ നിന്നുള്ള ഉദയരശ്മിയാകുന്നു (ലൂക്കാ 1,78-79). ദൈവത്തിന്റെ അനന്തമായ കരുണയുടെ സുവിശേഷകനാണ് ലൂക്കാ. ദൈവത്തിന്റെ കരുണാർദ്രമായ മുഖം ലൂക്കായുടെ സുവിശേഷത്തിൽ ഏറ്റവും തെളിഞ്ഞു പ്രശോഭിക്കുന്നു.

കരുണയുള്ള പിതാവിൽ നിന്ന് കരുണ സ്വീകരിക്കുന്ന നാം മറ്റുള്ളവരോടു കരുണ ചെയ്യണം: "... അവൻ നന്ദിഹീനരോടും ദുഷ്ടരോടും കരുണ കാണിക്കുന്നു. നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6,35-36).

പാപികളോടും തിരസ്കരണവും വിവേചനവും അനുഭവിക്കുന്നവരോടും അവശതയനുഭവിക്കുന്നവരോടും ജീവിതക്ലേശങ്ങൾ അനുഭവിക്കുന്നവരോടും ഉള്ള ദൈവത്തിന്റെ അളവറ്റ കരുണ യേശു അവർക്ക് അളവറ്റു നൽകി (ലൂക്കാ 1,71;5,1-11.17-26. 27-32;7,35,50;15;19,1-10;23,32-43). പാപികളോടുള്ള ദൈവപിതാവിന്റെ കരുണ നാം അനുഭവിക്കുന്നു. അതുകൊണ്ടും അതുപോലെയും നാമും മറ്റുള്ളവരോട്, ശത്രുക്കളോടും, കരുണ കാണിക്കണം എന്ന് യേശുക്രിസ്തു പഠിപ്പിച്ചു (ലൂക്കാ 6,27-36, പ്രത്യേകിച്ച് വാക്യ 35-36; ലൂക്കാ 15). ദൈവത്തിന്റെ രക്ഷിക്കുന്ന കരുണ — രക്ഷാകരമായ കരുണ — യേശു അളവില്ലാതെ പകർന്നത് അവൻ രക്ഷ (സമഗ്രമോചനം) നൽകിയതിന്റെ പ്രവൃത്തിയാണ്.

പാപികളോടുള്ള കരുണയെക്കുറിച്ച് കൂടുതലറിയാൻ താഴെപ്പറയുന്ന സുവിശേഷഭാഗങ്ങൾ വായിച്ചു പഠിക്കുക, ധ്യാനിക്കുക: ലൂക്കാ 7,35-50;14,9-14;15; 18,13-14;19,1-10;23,34. 39-43.

യേശുക്രിസ്തു രക്ഷാകരമായ കരുണ സ്വസമൂഹത്തിൽ ഭ്രഷ്ടു കൽപിക്കപ്പെട്ടവർക്കും സ്വസമൂഹത്തിന്റെ പുറമ്പോക്കുകളിലേക്കു ആട്ടിപ്പായിക്കപ്പെട്ടവർക്കും നൽകി. രോഗം (ഉദാ:13,10-17; 14,16: ലൂക്കാ മാത്രം പറയുന്ന കഥകൾ). രോഗത്താലോ മരണത്താലോ ഉളവായ ആചാരപരമായ അശുദ്ധി നിമിത്തമുള്ള തൊട്ടുകൂടായ്മ, വേർപാട് എന്നിവയുടെ വേദനയനുഭവിച്ചവർക്കും അനുകമ്പയും അലിവും ചൊരിഞ്ഞു. (ഉദാ: കുഷ്ഠരോഗികൾ, രക്തസ്രാവക്കാരി, അത്താണിയായിരുന്ന മകൻ മരിച്ച അമ്മ എന്നിവർക്ക്: ലൂക്കാ 5,12-13;8,40-56; :7,11-13 എന്നീ സുവിശേഷഭാഗങ്ങളും ലൂക്കാ 4,18-30;6,20-26;7,21-22. 36-50; 14,21-24 എന്നീ ഭാഗങ്ങളും വായിക്കുക.

സ്വസമൂഹത്തിൽപ്പെടാത്തവർക്കും യേശുക്രിസ്തു ദൈവത്തിന്റെ കരുണ ചൊരിഞ്ഞു. തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും (അശുദ്ധരായ വിജാതിയർ) എന്ന് ദൈവജനമെന്ന് അഭിമാനിച്ച യഹൂദർ വിധിച്ച് മാറ്റി നിർത്തിയവരോട് അവൻ ഇടപെട്ടു (ലൂക്കാ 4,18-30, പ്രത്യേകിച്ച് വാക്യ. 25-27;ലൂക്കാ 17, 11

–1 9). അശുദ്ധരായ വിജാതിയർ എന്നു പറഞ്ഞു യഹൂദർ മാറ്റി നിർത്തിയിരുന്ന യാളെ അവർക്കും മാതൃകയായി യേശു അവതരിപ്പിച്ചു (ലൂക്കാ 10,25–37). അവർ ണരുടെയും അവശജനവിഭാഗങ്ങളുടെയും മോചനവും അഭിവൃദ്ധിയും ദൈവ ത്തിന്റെ രക്ഷാപദ്ധതിയുടെ ഭാഗമാണ് എന്ന് ലൂക്കാ വ്യക്തമാക്കുന്നു. അതിന് പഴയ നിയമത്തിന്റെ ഉറച്ച പിൻബലമുള്ളത് ഉദ്ധരിക്കുകയോ സൂചിപ്പിക്കുകയോ ചെയ്യുന്നു. ലൂക്കാ 2,31–32;3,6;4,2527;24,4447; അപ്പ 10;11; 13,46–49; 15,6–19 [15,16–18 = ആമോ 9,11–12] എന്നീ ഭാഗങ്ങൾ കാണുക.

അധഃസ്ഥിതരുടെയിടയിൽ സുവിശേഷപ്രവർത്തനം ദൈവത്തിന്റെ പദ്ധതി യാണ്; നമ്മുടെ ദൗത്യവും കടമയും അവകാശവുമാണ്. അവരും നമ്മളും ഒരു പോലെ ദൈവജനത്തിന്റെ ഭാഗമാണ്.

43 **സ്ത്രീശാക്തീകരണത്തിന്റെ സുവിശേഷം**: ലൂക്കാ എഴുതിയ സുവിശേഷം "സ്ത്രീകളുടെ സുവിശേഷം" എന്ന് പ്രസിദ്ധമാണ്. ഈ പ്രസിദ്ധിക്കു കാരണം ക്രിസ്തുസുവിശേഷവും സ്ത്രീകളും തമ്മിലുള്ള രക്ഷാകരമായ ബന്ധം വിശദ മാക്കാൻ ലൂക്കാ മറ്റ് സുവിശേഷകന്മാരെക്കാൾ വളരെയധികം ഉത്സുകനാകുന്നു എന്ന വസ്തുതയാണ്. ദൈവത്തിന്റെ കരുണ സ്ത്രീകൾക്ക് യേശുക്രിസ്തുവി ലൂടെ സമൃദ്ധമായി ചൊരിയപ്പെടുന്നു എന്നാണ് ലൂക്കാ സാക്ഷിക്കുക.

മേൽപ്പറഞ്ഞ വസ്തുത വ്യക്തമാക്കാൻ ലൂക്കാ പല രചനാതന്ത്രങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അതിലൊന്നാണ് സ്ത്രീ-പുരുഷ സമാന്തരത. അതാ യത്, പുരുഷനെ കേന്ദ്രമാക്കിയ ഒരു കഥയ്ക്ക് / കഥകൾക്ക് സമാന്തരമായി സ്ത്രീയെ / സ്ത്രീകളെ കേന്ദ്രമാക്കിയ കഥ കഥകൾ അവതരിപ്പിക്കുക. അതിന് പല ഉദാഹരണങ്ങൾ ലൂക്കായുടെ സുവിശേഷത്തിലുണ്ട്. ഉദാ: ലൂക്കാ 1,5–25: പ്രധാന കഥാപാത്രം പുരുഷൻ; 1,28–56: പ്രധാന കഥാപാത്രം സ്ത്രീ; ലൂക്കാ 2,25–35: വീണ്ടും പുരുഷൻ പ്രധാന കഥാപാത്രം; 2,36–40: വീണ്ടും സ്ത്രീ പ്രധാന കഥാപാത്രം); ലൂക്കാ 1,41: ഏലിസബേത്ത് (സ്ത്രീ) പരിശുദ്ധാത്മാവിനാൽ നിറഞ്ഞു; ലൂക്കാ 1,67: സഖറിയ (പുരുഷൻ) പരിശുദ്ധാതമാവിനാൽ നിറഞ്ഞു — (ഇതുപോലുള്ള സ്ത്രീ-പുരുഷ സമാന്തരതകളുടെ മറ്റ് കഥകൾ ലൂക്കായുടെ സുവിശേഷത്തിലുള്ളത് കണ്ടുപിടിക്കുക).

മേൽഖണ്ഡികയിൽ ചൂണ്ടിക്കാട്ടിയ സമാന്തരയുടെ അടിസ്ഥാനം ദൈവ ശാസ്ത്രപരമാണ്. അതായത്, ദൈവം യേശുക്രിസ്തുവിൽ പൂർത്തിയാക്കിയ രക്ഷയുടെ സുപ്രധാനമായൊരു മാനമാണ്. സ്ത്രീകളും പുരുഷന്മാരും ഒരുപോ ലെ ദൈവം യേശുക്രിസ്തുവിൽ പൂർത്തിയാക്കിയ രക്ഷാപദ്ധതിയുടെ ഗുണഭോ ക്താക്കളും സഹപ്രവർത്തകരുമാണ്. ദൈവം തന്റെ രക്ഷാപദ്ധതി പൂർത്തീക രിക്കുന്ന പ്രവർത്തനത്തിൽ സ്ത്രീകളെയും സഹകരിപ്പിച്ചതിന്റെയും അവർ സഹകരിച്ചതിന്റെയും ഉദാഹരണങ്ങൾ ലൂക്കായുടെ സുവിശേഷത്തിൽ നിന്നു കണ്ടുപിടിക്കുന്നത് വളരെ രസകരവും ജ്ഞാനദായകവുമായൊരു സുവിശേഷ പഠനമാണ്.



ദൈവം യേശുക്രിസ്തുവിലൂടെ പൂർത്തിയാക്കിയ രക്ഷയുടെ കൃപ പുരുഷ നും സ്ത്രീക്കും നൽകപ്പെടുന്നു. ഇക്കാര്യത്തിൽ അവർ തുല്യരാണ്; അക്കാര്യ ത്തിൽ അവർക്കു തമ്മിൽ വിവേചനമില്ല. ഉദാഹരണകഥകളിൽ ചിലത്: സഖ റിയ-മറിയം (ലൂക്കാ 1,5–25;26–38); ശിമയോൻ-ഹന്ന (2,25–35. 36–38); സറെ പ്തായിലെ വിധവ – നാമാൻ (ലൂക്കാ 4,25–26.27).

പാപമോചനം പുരുഷനും സ്ത്രീക്കും : ലൂക്കാ 18,9–14: ചുങ്കക്കാരൻ; 7,35–50: പട്ടണത്തിലെ പാപിനി (ഇവ ലൂക്കാ മാത്രം പറയുന്ന കഥകളാണ്). പാപമോചനത്തിന് യേശുക്രിസ്തുവിനെ ഏറെ കൂടുതൽ സ്നേഹി ക്കുന്നവളും പാപമോചനം ലഭിച്ചതിൽ ഏറെ കൂടുതൽ സന്തോഷിക്കുന്നവളുമായി 7, 35–50 ലെ പാപിനിയെ അവതരിപ്പിക്കുന്നു (ലൂക്കാ 7,36–50). പാപിയാണെന്നു മുദ്ര കുത്തി സമൂഹം ഒറ്റപ്പെടുത്തി മാറ്റി നിർത്തിയിരുന്നവരെ സ്ത്രീ-പുരുഷ വ്യത്യാസമില്ലാ തെ യേശു സ്വീകരിച്ചു; അവരുടെ ശുശ്രൂഷയും സത്കാരവും കൈക്കൊണ്ടു (ലൂക്കാ 7,35–50;19,1–10;16,11–15;5,27–32). അവരെ കുറ്റപ്പെടുത്തിയിരുന്ന ഉന്നത ന്മാരുടെയും നീതിമാന്മാരെന്നു ഭാവിച്ചിരുന്നവരുടെയും മുമ്പിൽ അവരെ നീതിമത്കരിച്ചു, ന്യായീകരിച്ചു. സ്ത്രീകളെ ചൂഷണം ചെയ്യുന്നതിനും പാപത്തിന്റെ അടിമയാക്കുന്നതിനും എതിരേ യേശു പ്രവർത്തിച്ചു. ക്രിസ്തീയ സുവിശേഷം ചൂഷണത്തിൽനിന്ന് സ്ത്രീകളെ മോചിപ്പിക്കുന്നു എന്ന് ലൂക്കാ സാക്ഷിക്കുന്നു (ലൂക്കാ 7,35–50;20,47;21,1–4).

മാസമുറ, ആ തലത്തിൽ സ്ത്രീകൾക്കു മാത്രമുണ്ടാകാവുന്ന രക്തസ്രാവ രോഗം എന്നിങ്ങനെ സ്ത്രീശരീരത്തിന്റെ മാത്രമായ ശാരീരിക പ്രവർത്തനങ്ങൾ സ്ത്രീയെ അശുദ്ധയാക്കുന്നില്ല എന്ന് യേശു പെരുമാറ്റംകൊണ്ടു പഠിപ്പിച്ച സംഭവം ലൂക്കായും രേഖപ്പെടുത്തുന്നു. തന്നെ തൊടുന്നതിൽ നിന്ന് യേശു രക്ത സ്രാവക്കാരിയെ വിലക്കിയില്ല. അത്തരം അവസ്ഥകൾ മൂലം സ്ത്രീകൾ അനുഭ വിച്ചിരുന്ന സാമുദായികവും സാമൂഹ്യവുമായ ഒറ്റപെടുത്തലുകളിൽ നിന്നും അവ യുടെ ശാരീരിക-മാനസിക വേദനകളിൽ നിന്നും യേശു അവരെ മോചിപ്പിച്ചു (ലൂക്കാ 8,42–48). അതായത്, പുരുഷാധിപത്യം സ്ത്രീകളുടെമേൽ അനാവശ്യ മായി അടിച്ചേല്പിച്ച വിലക്കുകളിൽനിന്നും ബന്ധനങ്ങളിൽ നിന്നും യേശു അവരെ മോചിപ്പിച്ചു.

വചനശ്രവണത്തിലും പ്രത്യുത്തരത്തിലും സ്ത്രീകളെ മാതൃകകളായി ലൂക്കാ അവതരിപ്പിക്കുന്നു (ലൂക്കാ 1,28–56; 10,38–42; അപ്പ 16,12–15). വചനശ്രവ ണം, വചനപാലനം, കർതൃസാന്നിദ്ധ്യം അനുഭവിക്കൽ എന്നിവയ്ക്ക് നസ്രത്തി ലെ കന്യക മറിയം ഏറ്റവും നല്ല സ്ത്രീമാതൃകയാണ്. യേശുവിന്റെ പാദത്തിങ്ക ലിരുന്ന് വചനം ശ്രവിക്കുന്നത് അവന് നൽകുന്ന ഏറ്റവും ഉചിതമായ സത്കാര മാണെന്ന് കാണിച്ചുതരുന്ന സ്ത്രീയുടെ കഥ ലൂക്കാ അവതരിപ്പിക്കുന്നു (മാർത്താ യുടെ സഹോദരി മറിയം: ലൂക്കാ 10,38–42).

പ്രാർത്ഥനാസമൂഹത്തെ രൂപവത്കരിക്കുന്നതിലും നിലനിർത്തുന്നതിലും സ്ത്രീകൾക്ക് നിർണായക പങ്കുണ്ടെന്ന് ലൂക്കാ അപ്പോസ്തലപ്രവർത്തനങ്ങളിൽ ചൂണ്ടിക്കാണിക്കുന്നു (അപ്പ 1,12-16;12,17;13,50;16,13-15;17,4).

ലൂക്കായുടെ സുവിശേഷത്തിൽ മാത്രം കാണാനാവുന്ന സ്ത്രീമാതൃകകിളിൽ താഴെപ്പറയുന്ന സുവിശേഷഭാഗങ്ങളിൽ ഉള്ളവരെ പ്രത്യേകമൊന്നു ശ്രദ്ധിക്കുക: ലൂക്കാ 1,41-45. 46-55;2,36-38: അവർ രക്ഷകനായ കർത്താവ് ചെയ്യുന്ന മഹത്കാര്യങ്ങൾ തിരിച്ചറിയുകയും പരിശുദ്ധാത്മനിറവുള്ളവരായി സമൂഹത്തിൽ നിവർന്നു നിന്ന് അവനെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ഇനിയും, ലൂക്കാ 1,44-47: പരിശുദ്ധാതമനിറവിനാലും രക്ഷയുടെ കൃപ അനുഭവിക്കുന്നതിനാലും രക്ഷകനായ കർത്താവിൽ സന്തോഷിക്കുന്ന ഹൃദയത്തിന്റെ ഉടമകളായി സ്ത്രീകളെ കാണാൻ ലൂക്കാ സഹായിക്കുന്നു. അവർ രക്ഷകനായ കർത്താവിനെ സാക്ഷിക്കുന്നു (ലൂക്കാ 1,42-43.46-55;2,38). ലൂക്കാ 7,50: പാപമോചനം വഴിയുള്ള രക്ഷയെ(1,71)ക്കുറിച്ച് സാക്ഷിക്കാൻ യേശു പാപമോചിതരായ സ്ത്രീകളെ നിയോഗിക്കുന്നു.

ശിഷ്യത്വം സ്വീകരിക്കുന്നതിലും യേശുവിനെ അവന്റെ സുവിശേഷവേലയിലുടനീളം അനുഗമിക്കുന്നതിലും (ലൂക്കാ 8,1-3) പന്ത്രണ്ടു അപ്പോസ്തലന്മാരെപ്പോലെ സ്ത്രീകളുമുണ്ടെന്ന് ലൂക്കാ ചൂണ്ടിക്കാട്ടുന്നു (ലൂക്കാ 8,1-3). യേശു ഗലീലിയിൽ വച്ച് തന്റെ പീഡാനുഭവം മുൻകൂട്ടി പറഞ്ഞപ്പോളെല്ലാം സ്ത്രീകളും ഉണ്ടായിരുന്നെന്ന് ലൂക്കാസുവിശേഷകൻ മാത്രമേ പറയുന്നുള്ളു (ലൂക്കാ 24,7-8). അവർ ഗലീലിയിൽ നിന്ന് ജറുസലേമിൽ ക്രൂശിക്കലിന്റെ രംഗത്തോളവും പിന്നെ കല്ലറയ്ക്കലും യേശുവിനെ അനുഗമിച്ചു (ലൂക്കാ 8,1-3;23,49). അതുകഴിഞ്ഞ് യേശുവിന്റെ ഉയർത്തെഴുന്നേല്പുവാർത്ത പതിനൊന്നു പേരെയും മറ്റെല്ലാവരെയും അറിയിക്കുകയും ചെയ്തു (ലൂക്കാ 24,1-10). യേശു ഉയർത്തെഴുന്നേറ്റു എന്ന നല്ല വാർത്ത (സു-വിശേഷം) (''ഇതെല്ലാം'') ആദ്യം ലഭിച്ചതും, വിശ്വസിച്ചതും, പ്രസംഗിച്ചതും സ്ത്രീകളാണ്. ഇന്നും ഇക്കാര്യത്തിൽ മുമ്പർ സ്ത്രീകൾ തന്നെ.

യേശുക്രിസ്തുവിന്റെ സ്വർഗാരോഹണസ്ഥാനമായ ഒലിവുമലയിൽ നിന്ന് ജറുസലേമിലേക്കു തിരിച്ചു വന്ന *പതിനൊന്നു പേരുടെ* (അപ്പസ്തല) *സംഘം* ''ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയമിനോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു''എന്നും ലൂക്കാ അപ്പ 1,14ൽ പറയുന്നു. അതായത്, യൂദാസിനു പകരം മത്തിയാസിനെ അപ്പോസ്തലസംഘത്തിലേക്കു തെരഞ്ഞെടുക്കാനും, കർത്താവ് സ്വർഗാരോഹണത്തിനു മുമ്പ് വാഗ്ദാനമാവർത്തിച്ച പരിശുദ്ധാത്മാവിനാലുള്ള സ്നാനം പ്രതീക്ഷിച്ചും സമ്മേളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്ന സഭയുടെ ആദ്യത്തെ ഔദ്യോഗിക പൊതുസംഗമത്തിൽ യേശുവിന്റെ അമ്മയും മറ്റ് സ്ത്രീകളും ഉണ്ടായിരുന്നു (അപ്പ 1,12-2,4). അവരും മത്തിയാസിന്റെ തെരഞ്ഞെടുപ്പിൽ പങ്കെടുത്തു. സഭയിൽ സ്ത്രീകൾക്കുള്ള സ്ഥാനം പുനഃസ്ഥാപിക്കുന്നതിൽ ഒട്ടൊക്കെ മുമ്പോട്ടു പോയിട്ടുണ്ട്. എന്നാലും അത് പൂർണമായി പുനഃസ്ഥാപിക്കുന്നതിന് സഭാസമൂഹം ഇനിയും ഏറെ സഞ്ചരിക്കേണ്ടതുണ്ട്. അതിന് പരിശുദ്ധ അമ്മയുടെ നേതൃത്വത്തിൽ സഭയിലെ അപ്പോസ്തോലിക നേതൃത്വം സഭയിലെ സഹോദരന്മാരോടും സ്ത്രീകളോടും ഒരുമിച്ച് പ്രാർത്ഥനയിൽ ഉറ്റിരിക്കണം. നാമെല്ലാം അതിൽ സജീവമായി സംബന്ധിക്കണം. പഠനം കൊണ്ട് സഹായിക്കണം.



വിധവകളോടുള്ള പ്രത്യേക കരുണയും അംഗീകാരവും ലൂക്കാ സുവിശേഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (ലൂക്കാ 7,11-17;18,1-8;21,1-4;അപ്പ 6,1-6). ജറുസലേമിലെ ആരംഭസഭയിൽ വിധവകൾക്കുണ്ടായിരുന്ന പ്രത്യേക പരിഗണനയെക്കുറിച്ചും ലൂക്കാ അപ്പ 6,1-7ൽ പറയുന്നു. സഭ അവരെ പ്രത്യേകം പരിഗണിച്ചിരുന്നതിനു കാരണം അവരുടെ ഭർത്താക്കന്മാർ മരിച്ചുപോയിരുന്നു എന്നതു മാത്രമല്ല. അവർ സഭയിൽ ചില ശുശ്രൂഷകൾക്കു പ്രത്യേകം നിയുക്തരായിരുന്നവരാണ്, സഭ വിധവാസ്ഥാനം (വിധവാപ്പട്ടം ?) നല്കി സഭയിൽ ശുശ്രൂഷക്കു നിയോഗിച്ചിരുന്നവരാണ് (കാണുക അപ്പ 9,31;1തീമൊ 5,3.9.11). തുടർന്നുള്ള നൂറ്റാണ്ടുകളിലെ ചില സഭാപിതാക്കന്മാരും സഭ ചില വിധവകൾക്ക് വിധവാസ്ഥാനം നൽകുന്നതിനെക്കുറിച്ചും, അവർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ, അവർ സഭയിൽ നിർവഹിക്കുന്ന ധർമ്മങ്ങൾ എന്നിവയെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. വിധവകളെ ആത്മീയമായി ശക്തിപ്പെടുത്തുകയും, അവരോട് മാന്യമായും ആദരവോടെയും പെരുമാറുകയും, അവരുടെ കഴിവുകൾ സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കും വളർച്ചയ്ക്കും പ്രയോജനപ്പെടുത്തുകയും ചെയ്യുക ക്രിസ്തീയ രക്ഷാശാസ്ത്രത്തിന്റെ സുപ്രധാനമായൊരു വശമായി ലൂക്കാ കരുതുന്നു. മാതാപിതാക്കന്മാരുടെ സംരക്ഷണം പല കാരണങ്ങളാൽ മക്കൾക്ക് ഭാരമായി മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ അവസ്ഥയിൽ മലങ്കര സഭയിലെ ആത്മീയ നിറവുള്ള വിധവകൾ ചെറുസംഘങ്ങളായി ഒരുമിച്ച് സഭാശുശ്രൂഷയിൽ ഏർപ്പെടാൻ സാധ്യമാക്കുന്ന സംവിധാനത്തെക്കുറിച്ചും ചിന്തിക്കാവുന്നതാണ്.

യേശുക്രിസ്തുവിന്റെ അവസാന പെസഹായുടെ അത്താഴത്തിൽ സ്ത്രീകൾ സന്നിഹിതരായിരുന്നു എന്ന് എടുത്തു പറയുന്നില്ല ലൂക്കാ. എങ്കിലും യേശുക്രിസ്തു അവരെ അവിടെ നിന്നു മാറ്റി നിർത്തിയെന്നു ലൂക്കായുടെ സുവിശേഷവിവരണമനുസരിച്ചു പറയാൻ സാധിക്കുകയില്ല. (പന്ത്രണ്ടു പേർ മാത്രമല്ല ലൂക്കായുടെ സുവിശേഷവിവരണമനുസരിച്ച് അവസാനയത്താഴത്തിൽ പങ്കെടുത്തത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്).

യേശുവിന്റെ കാലത്ത് യഹൂദറബ്ബികളാരും സ്ത്രീകളെ ശിഷ്യകളായി കൂട്ടിക്കൊണ്ട് പ്രബോധനയാത്ര ചെയ്യുകയില്ലായിരുന്നു. അന്ന് യഹൂദസമൂഹത്തിൽ സ്ത്രീകൾക്ക് അഭിപ്രായസ്വാതന്ത്ര്യം പോലും നൽകിയിരുന്നില്ല. അത്തരമൊരു സാഹചര്യത്തിൽ യേശുവും ആരംഭസഭയും സ്ത്രീകൾക്കു സഭയിലും സമൂഹത്തിലും സ്ഥാനം നൽകിയത് അന്നത്തെ കാലത്ത് അചിന്ത്യമായ വിപ്ലവകരമായ മുന്നേറ്റമായിരുന്നു.

ക്രിസ്തീയ സുവിശേഷം സ്വീകരിച്ച സ്ത്രീകൾ ഉപവിയിലും അതിഥികളെ സത്കരിക്കുന്നതിലും, സുവിശേഷവേല ചെയ്തുകൊണ്ട് സഞ്ചരിക്കുന്നവരെ സ്വീകരിച്ച് ശുശ്രൂഷിക്കുന്നതിലും, അവരിൽ നിന്നു വചനം ശ്രദ്ധയോടെ ശ്രവിക്കുന്നതിലും തത്പരരായിരുന്നു (ലൂക്കാ 10,38–42;അപ്പ 9,36–43;16,12–15). യേശുവിനെ സുവിശേഷവേലയിൽ സാമ്പത്തികമായി സഹായിക്കുന്ന സമ്പന്നരും ഉദാരമതികളുമായ സ്ത്രീകളെയും ലൂക്കാ മാതൃകകളായി ചൂണ്ടിക്കാട്ടുന്നു (ലൂക്കാ 8,1–3). അവരുടെ ശുശ്രൂഷ വിശ്വാസത്തിലും ആത്മാവിലുമുള്ള ഐക്യത്തിന്റെ ആവിഷ്കാരമത്രേ.

**ഗൃഹപാഠം:** ലൂക്കായുടെ സുവിശേഷത്തിൽ മാത്രം കാണുന്ന സ്ത്രീകഥാപാത്രങ്ങളെ കണ്ടുപിടിക്കുകയും കഥകളിൽ അവരുടെ പ്രത്യക റോൾ വിലയിരുത്തുകയും ചെയ്യുക.

44 **ദാരിദ്ര്യവും സമ്പത്തും ദൈവരാജ്യപ്രവേശനത്തിന്:** സമ്പത്തിനെക്കുറിച്ചും ദാരിദ്ര്യത്തെക്കുറിച്ചുമുള്ള അബദ്ധ ധാരണകളിൽനിന്നും (ലൂക്കാ 6,20–26;12,13–34, പ്രത്യേകിച്ച് വാക്യം 15) സമ്പത്തിനോടുള്ള അമിതാസക്തിയിൽ നിന്നും യേശു മോചനം നൽകിയ കാര്യം (16,1–31; 18,18–30;19,1–10) മുകളിൽ സൂചിപ്പിച്ചിരുന്നല്ലോ. കച്ചവടം (ബിസിനസ്), കൃഷി, കുടുംബബന്ധം (ഭാര്യാഭർതൃബന്ധം) എന്നിവയും സമ്പത്താണ്. അവയെല്ലാം ദൈവരാജ്യവിരുന്ന് അനുഭവിക്കാനുള്ള മാർഗങ്ങളാണ്. അവയൊന്നും ദൈവരാജ്യനുഭവത്തിനു വിഘാതമാകരുത് (ലൂക്കാ 14,15–24). അതുപോലെതന്നെ കുടുംബം, മാതാപിതാക്കന്മാർ (ലൂക്കാ 2,41–50), സഹോദരങ്ങൾ, സുഹൃത്തുക്കൾ, ആരോഗ്യം, സൗന്ദര്യം, വിദ്യാഭ്യാസം, സമയം എന്നിങ്ങനെ ദൈവം തന്നിട്ടുള്ള സകലതും.

യേശുവിന് സമ്പത്തിനെക്കുറിച്ചുള്ള അടിസ്ഥാന ചിന്ത ലൂക്കാ 12,15ൽ സംക്ഷിപ്തമായി അവതരിപ്പിക്കുന്നു: *മനുഷ്യജീവിതം ധന്യമാകുന്നതു സമ്പത്തുകൊണ്ടല്ല.* ലൂക്കാ 18,18–30ൽ ധനികനായ ഒരു അധികാരിയെ അവതരിപ്പി ച്ചിട്ടുണ്ട്. സമ്പത്തുകൊണ്ടാണ് തന്റെ ജീവിതം ധന്യമാകുന്നത് എന്ന് ധരിച്ചുവശായതിനാലാണ് അയാൾക്ക് യേശുവിന്റെ മുമ്പിൽ നിന്നു നിരാശനായി വ്യസനത്തോടെ പോകേണ്ടി വന്നത്. നിത്യജീവൻ അവകാശമാക്കാൻ അയാൾ അവലംബിച്ചത് ദൈവാശ്രയത്തെക്കാളും ദരിദ്രരുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാനുള്ള കടമയെക്കാളും തന്റെ സമ്പത്തിനെത്തന്നെയായിരുന്നു.

സമ്പത്തും ദാരിദ്ര്യവും സംബന്ധിച്ച് യേശു പഠിപ്പിച്ചിട്ടുള്ളത് ലൂക്കാ തന്റേതായ രീതിയിൽ അവതരിപ്പിക്കുന്നു. അതുൾക്കൊള്ളുന്ന പ്രധാന ചിന്തകൾ നമുക്ക് താഴെക്കാണും വിധം സംഗ്രഹിക്കാം: സമ്പത്ത് അതിൽത്തന്നെ തിന്മയല്ല; നന്മയാണ്. എന്നാൽ "*ദൈവസന്നിധിയിൽ സമ്പന്നനാകാതെ തനിക്കുവേണ്ടി സമ്പത്തു ശേഖരിച്ചു വയ്ക്കുന്നവൻ ഭോഷനാണ്*" (ലൂക്കാ 12,21. 13–21). ഇവിടെ ഉദ്ദേശിക്കുന്നത് സമ്പത്തെന്ന് ദൈവം കാണാത്ത കാര്യങ്ങൾ രക്ഷിക്കുന്ന നിക്ഷേപങ്ങളെന്നു കരുതി അവയെ ആശ്രയിക്കുന്നവരെയാണ്. അവരാണ്



ഭോഷർ. *ദൈവം ഇല്ല എന്നു തങ്ങളുടെ ഹൃദയത്തിൽ പറയുന്ന*വരാണല്ലോ ബൈബിൾദർശനത്തിൽ *ഭോഷർ* (സങ്കീ 14,1;53,1), ദൈവത്തിന്റെ പരിപാലനയിലും സംരക്ഷണയിലും വിശ്വാസമില്ലാതെ പരിപാലനയ്ക്കും സംരക്ഷണയ്ക്കും ദൈവത്തെക്കാൾ സമ്പത്തിനെ ആശ്രയിക്കുന്ന അവസ്ഥയിൽ എത്തിനിൽക്കുന്ന മനുഷ്യർക്ക് സമ്പത്ത് തിന്മയാകും. ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ചുകൊണ്ട് കടന്നുവന്ന യേശുവിനെ അവന്റെ സുവിശേഷവേലയിൽ അനുഗമിക്കാനും അങ്ങനെ ദരിദ്രരെ സമ്പന്നരാക്കാനും വേണ്ടി സമ്പത്ത് ദരിദ്രർക്കുവേണ്ടി പങ്കിട്ടു കൊടുക്കുവാൻ മനസായിരിക്കണം. അതിനു സാധിക്കണമെങ്കിൽ സമ്പത്തിൽ ആശ്രയിക്കുന്നതിനെക്കാൾ ദൈവത്തിൽ ആശ്രയിക്കാൻ ധൈര്യമുണ്ടായിരിക്കണം. *ദൈവത്തെക്കാൾ സമ്പത്തിനെ ആശ്രയിക്കുന്നവരും സമ്പത്തിനുവേണ്ടി മാത്രം ദൈവത്തെ ആശ്രയിക്കുന്നവരും ദൈവരാജ്യത്തിൽ പ്രവേശിക്കുക അസാദ്ധ്യമായ സമ്പന്നരാണ്*. അവർ സ്വർഗരാജ്യത്തിൽ പ്രവേശിക്കുക അസാദ്ധ്യമാണ്. മരുഭൂമിലെയും യേശുവിന്റെ കാലത്തെ പലസ്തീനായിലെയും ഏറ്റവും വലിയ മൃഗമായിരുന്നു ഒട്ടകം. അത് ചെറിയ സൂചിക്കുഴയിലൂടെ കടന്നുപോവുക അസാദ്ധ്യമായിരിക്കുന്നതുപോലെ അസാദ്ധ്യമാണ് *ദൈവത്തെക്കാൾ സമ്പത്തിനെ ആശ്രയിക്കുന്നവരും സമ്പത്തിനുവേണ്ടി മാത്രം ദൈവത്തെ ആശ്രയിക്കുന്നവരും ദൈവരാജ്യത്തിൽ പ്രവേശിക്കുക* (ലൂക്കാ 18,24–25).

ദൈവികമായി നമുക്കു കൈവരുന്ന സമ്പത്ത് (കുടുബസ്വത്തായോ നമ്മുടെ അദ്ധ്വാനഫലമായോ ലഭിക്കുന്ന സമ്പത്ത്) നാം വർദ്ധിപ്പിക്കണം. അത് വർദ്ധിപ്പിക്കുവാൻ നീതിപുർവമായ വഴികളെല്ലാം ദൈവത്തിലാശ്രയിച്ചും ദൈവം നൽകിയിട്ടുള്ള അറിവ് പ്രയോജനപ്പെടുത്തിയും വിനിയോഗിക്കണം; അദ്ധ്വാനിക്കണം. മറ്റുള്ളവരെയും സാഹചര്യങ്ങളെയും ലഭിച്ച സമ്പത്തിന്റെ കുറവിനെയും കുറ്റം പറഞ്ഞ് അലസരായും നിഷ്ക്രിയരായും കഴിഞ്ഞാൽ ശിക്ഷിക്കപ്പെടും. ഉണ്ടെന്നു കരുതുന്നതുപോലും നഷ്ടപ്പെടും. ന്യായമായ പലിശ സ്വീകരിക്കാം. വ്യാപാരത്തിൽ നീതിപൂർവവും ന്യായവുമായ ലാഭം സ്വീകരിക്കാം (ലൂക്കാ 19,11–26: നാണയം ഏല്പിക്കപ്പെട്ടതിന്റെ.ഉപമ). അതേസമയം അന്യായമായ കമ്മീഷനോ പലിശയോ ലാഭമോ സ്വീകരിക്കരുത്. അന്യായമായവ സ്വീകരിക്കുന്നത് ശിക്ഷാർഹവും സ്വർഗരാജ്യനുഭവത്തിൽ നിന്ന് അകറ്റുന്നതുമാണ് (ലൂക്കാ 16,1–17). കുടുബസ്വത്തായോ നമ്മുടെ അദ്ധ്വാനഫലമായോ ലഭിക്കുന്ന സമ്പത്ത് ദുർവ്യയം ചെയ്യുന്നത് പാപമാണ് — നമുക്കു തോന്നുംപോലെ ദുർച്ചെലവ് ചെയ്യാനുള്ളതല്ല സമ്പത്ത് (ലൂക്കാ 15,11–21;16,17). ഈ ഉദ്ബോധനം ഉപഭോഗസംസ്കാരം ആത്മഹത്യാസംസാകരത്തെപ്പോലും സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഏറെ ശ്രദ്ധിക്കേണ്ടതത്രേ. മാദ്ധ്യമങ്ങളും പരസ്യങ്ങളും കമ്പനികളും പറയുന്നതു കേട്ടല്ല നമുക്കു ജീവിതാവശ്യത്തിനു വാങ്ങേണ്ട സാധനസാമഗ്രികൾ തീരുമാനിക്കേണ്ടത്. പണം കണ്ടെത്താനുള്ള എളുപ്പ വഴിയായി അടച്ചു തീർക്കാൻ സാധിക്കാത്ത ലോണെടുത്ത് ഉണ്ടായിരുന്ന സമ്പത്തും അവസാനം ജീവനും നഷ്ടപ്പെടുന്ന അവസ്ഥയിൽ എത്തിപ്പെടരുത്. എന്നാൽ ന്യായമായ പലിശയ്ക്ക് ലഭിക്കുന്നതും

ഭാവിയിൽ അടച്ചുതീർക്കാൻ സാധിക്കുന്നതുമായ ലോണുകൾകൊണ്ട് ഉന്നത വിദ്യാഭ്യാസവും ബിസിനസും മറ്റും ചെയ്ത് നമുക്ക് വിജയിക്കാവുന്നതുമാണ്.

ഭൗതിക സമ്പത്ത് ബുദ്ധിപൂർവമായും വിവേകപൂർവമായും കൈകാര്യം ചെയ്യണമെന്ന് യേശു പഠിപ്പിച്ചു. സമ്പത്തിനെ മനുഷ്യന്റെ ദുരുപയോഗത്തിൽ നിന്നു മോചിപ്പിക്കുവാനുള്ള വഴി യേശു പഠിപ്പിച്ചുതന്നു. (1) ധനവും സമ്പത്തും ധൂർത്തടിക്കരുത് (ലൂക്കാ 15,13;16,1;12,19.20;16,19-20). (2) പങ്കു വയ്ക്കുക: സമ്പത്തിന്റെ ബുദ്ധിപരമായ ഉപയോഗം അത് ദൈവരാജ്യപ്രവേശനത്തിനു മാർഗമാക്കുന്നതിലാണ് (16,1-16). ഇല്ലായ്മയുടെ ദുരിതവും വേദനയും അനുഭവിക്കുന്നവരുടെ ആവശ്യങ്ങൾക്കുവേണ്ടി സമ്പത്തു ഭാഗം ചെയ്യുക (ലൂക്കാ 3,10-11;19, 1-10; അപ്പ 2,44-47;11,27-30). (3) ജീവിതത്തിലെ ഏറ്റവും വലിയ മൂല്യമായി യേശുക്രിസ്തുവിനെ സ്വീകരിക്കുക. അതിനു തടസമാകുന്നതെല്ലാം ഉപേക്ഷിക്കുവാൻ തയ്യാറാകുക (ലൂക്കാ 5,11.28;18,18-30;9,57-62). (4) ദാനം ചെയ്യുക. ഉള്ളിലുള്ളത് ദാനം ചെയ്ത് ശുദ്ധിയുള്ളവരാകുക (ലൂക്കാ 11,41;അപ്പ 10,4.32). (5) സാദ്ധ്യമായ വായ്പകൾ അത്യാവശ്യക്കാർക്ക് നൽകുകയും, കടം കൊടുത്തയാൾ കടക്കാരുടെ യഥാർത്ഥ സ്ഥിതിയനുസരിച്ച് കഴിയുന്നത്ര കടം ഇളച്ചുകൊടുക്കുകയും ചെയ്യുക (ലൂക്കാ 6,34-38;16,5-7;7,41-42). (6) സഹായം സ്വീകരിക്കുന്നവരെ എന്നേക്കും യാചകരായി നിലനിർത്തുന്ന പിച്ച കൊടുക്കാതിരിക്കുക (അപ്പ 3,1-10). (7) സഭയുടെ സുവിശേഷവേലയ്ക്ക് സമ്പത്തുകൊണ്ട് ശുശ്രൂഷിക്കുകയും സഹായിക്കുകയും ചെയ്യുക (ലൂക്കാ 8,1-3). അപ്രകാരം ചെയ്യുന്നത് സമ്പത്തിന്റെ സമൃദ്ധിയിൽ നിന്നു മാത്രമാകരുത്; നമ്മുടെ ഇല്ലായ്മയിൽ ഉപജീവനത്തിനുള്ള വകയിൽ നിന്നുകൂടി ആയിരിക്കണം. അത് യേശുവിന്റെ ആത്മബലിയിൽ നാം പങ്കുകൊള്ളുന്നതിന്റെ ഭാഗമായിരിക്കുകയും വേണം (ലൂക്കാ 21,1-4). (8) രാഷ്ട്രത്തിനു ന്യായമായി നൽകേണ്ട നികുതി നൽകുക പൗരരുടെ കടമയാണ് (ലൂക്കാ 20, 20-26). എന്നാൽ രാഷ്ട്രഭരണ സംവിധാനത്തോടുള്ള കടപ്പാടുകൾ ദൈവത്തോടും സഹോദരങ്ങളോടുമുള്ള കടപ്പാടുകൾക്കു പകരമല്ല. രാഷ്ട്രഭരണ സംവിധാനത്തോടുള്ള ബന്ധവും കടപ്പാടുകളും ദൈവത്തോടും സഹോദരങ്ങളോടുമുള്ള ബന്ധത്തിൽ നിന്നും കടപ്പാടുകളിൽ നിന്നും മനുഷ്യരെ ഒഴിവാക്കുന്നില്ല. രണ്ടിനും അതാതിന്റെ പ്രാധാന്യമുണ്ട്. രാഷ്ട്രത്തോടുള്ള കടപ്പാടുകൾ ആത്യന്തികമായി ദൈവത്തോടുള്ള കടപ്പാടുകളിലേക്ക് മനുഷ്യമനസിനെ ഉയർത്തണമെന്ന് യേശുവിന്റെ മറുപടി സൂചിപ്പിക്കുന്നു. കാരണം നാണയത്തിൽ രാഷ്ട്രഭരണാധികാരത്തിന്റെ ഛായയുണ്ടെങ്കിൽ മനുഷ്യനിൽ ദൈവത്തിന്റെ ഛായയുണ്ട്. മനുഷ്യനിലുള്ള ദൈവഛായയ്ക്ക് മുകളിലല്ല നാണയത്തിലുള്ള രാഷ്ട്രഭരണാധികാരത്തിന്റെ ഛായ /രൂപം.

മനുഷ്യനിലുള്ള ദൈവഛായയെ അനാദരിക്കുന്ന രാഷ്ട്രഭരണാധികാരത്തെ ചോദ്യം ചെയ്യാനും നീക്കം ചെയ്യാനും മനുഷ്യന് അവകാശവും അധികാരവുമുണ്ട്. രാഷ്ട്രീയ ഭരണാധികാരിവർഗത്തിന്റെ (ഉദ്യോഗസ്ഥവൃന്ദമുൾപ്പടെയുള്ളവരുടെ) ദുർച്ചെലവിന്റെയും കൊള്ളയുടെയും ഭാരം മുഴുവൻ സാധാരണ പൗരരുടെ മേൽ അടിച്ചേൽപിക്കുന്നതിനെ — ഇന്ന് അങ്ങനെയാണല്ലോ രാഷ്ട്രീയം കളിച്ചു ഭരണാധികാരികളാകുന്നവരിൽ ഏറെപ്പേർ ചെയ്യുക — ചോദ്യം ചെയ്യാനും ധിക്കരിക്കാനും പൗരർക്ക് ദൈവദത്തമായ അവകാശവും അധികാരവും ഉണ്ട്.



45 **അജ്ഞാനത്തിൽ നിന്നു മോചനവും ജ്ഞാനത്തിൽ വളർച്ചയും:** ലൂക്കായുടെ സുവിശേഷവിവരണം യേശുവിനെ യഥാർത്ഥ ദൈവിക ജ്ഞാനവും ജ്ഞാനം പ്രസംഗിക്കുന്നവനുമെന്ന് ചൂണ്ടിക്കാട്ടുന്നു (ലൂക്കാ 1,7;7,35;11,31-32). യേശുക്രിസ്തു ദൈവികജ്ഞാനത്തിന്റെ വിരുന്നു നൽകുന്നവനാണ് (ലൂക്കാ 7,35-50). ഈ സത്യം പട്ടണത്തിലെ പാപിനി മനസിലാക്കി. അവൾ തന്റെ നിരവധിയായ പാപങ്ങൾക്ക് ദൈവത്തിൽ നിന്ന് യേശുക്രിസ്തുവിലൂടെ ക്ഷമ സ്വീകരിക്കുകയും അതിനാൽ അവൾ അവനെ അത്യധികം സ്നേഹിക്കുകയും ചെയ്തു (ലൂക്കാ 7,24-50; വിശേഷിച്ച് വാക്യ. 35-44).

ഇസ്രായേലിലെ മഹാജ്ഞാനിയായ സോളമനെ പൊതിഞ്ഞപോലുള്ള പിള്ളക്കച്ച (ജ്ഞാനം 7,4-5) യേശു ജനിച്ചപ്പോൾ യേശുവിന്റെ അമ്മ തന്റെ ആദ്യജാതനെ പൊതിഞ്ഞു (ലൂക്കാ 2,7). അങ്ങനെ യേശു ഇസ്രായേലിലെ മഹാജ്ഞാനിയായ സോളമന്റെ പിൻഗാമിയും പൂർത്തീകരണവും ആണെന്നു സൂചിപ്പിച്ചു. ''ശിശു വളർന്നു. ജ്ഞാനം നിറഞ്ഞു ശക്തനായി; ദൈവത്തിന്റെ കൃപ അവന്റെ മേൽ ഉണ്ടായിരുന്നു'' (ലൂക്കാ 2,40). ലൂക്കാ ആവർത്തിക്കുന്നു: ''യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു'' (ലൂക്കാ 2,52). ഇങ്ങനെ യേശു പരസ്യ ശുശ്രൂഷയ്ക്ക് ഒരുങ്ങി. യേശു തന്റെ ഭൗമിക മാതാപിതാക്കന്മാരെയും അവരുടെ ആപേക്ഷിക പ്രാധാന്യത്തെയും അവർക്ക് ദൈവം ഏല്പിച്ചുകൊടുത്ത ദൗത്യത്തെയും കുറിച്ചുള്ള ജ്ഞാനത്തിലും വളർന്നു വന്നു (ലൂക്കാ 2,48;8,19-21;11,27). തന്റെ ശുശ്രൂഷയോടു ബന്ധപ്പെട്ടവരെക്കുറിച്ചുള്ള ജ്ഞാനത്തിൽ വളർന്നുവന്നു (ലൂക്കാ 7,24-35;9,23-27). തന്റെ സ്വർഗീയ പിതാവിനെയും അവന്റെ ഹിതത്തെയും (പദ്ധതിയെയും) കുറിച്ചുള്ള ജ്ഞാനത്തിലും, തന്റെ ദൗത്യത്തെക്കുറിച്ചുള്ള ജ്ഞാനത്തിലും വളർന്നുവന്നു (2,48-49;9,18-22.43-45;18,31-34). വിശുദ്ധ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വചനങ്ങളെയും അവയുടെ അർത്ഥത്തെയും കുറിച്ചുള്ള ജ്ഞാനത്തിൽ വളർന്നുവന്നു (ലൂക്കാ 2,46-47;4,3-12;24,22527.44-46). മനുഷ്യാവസ്ഥയെക്കുറിച്ച് പൊതുവെയും തന്റെ ചുറ്റും ജീവക്കുന്നവരുടെ അവസ്ഥയെയും ആവശ്യങ്ങളെയും കുറിച്ച് പ്രത്യേകിച്ചും, പ്രകൃതിയെക്കുറിച്ചും വയലിൽ നടക്കുന്ന പ്രതിഭാസങ്ങളെക്കുറിച്ചും ആകാശപ്പറവകളെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും സമുദ്രത്തിന്റെ ഗതിവിഗതികളെക്കുറിച്ചും രോഗത്തിന്റെ യഥാർത്ഥ കാരണത്തെക്കുറിച്ചും പ്രപഞ്ചത്തിന്റെ ഭാഗധേയത്തെക്കുറിച്ചുമെല്ലാമുള്ള അറിവിൽ യേശു വളർന്നു. അവയ്ക്കെല്ലാം ദൈവത്തിന്റെ രക്ഷാപദ്ധതി പൂർത്തിയാക്കുന്നതിലുള്ള റോളിനെക്കുറിച്ചുമുള്ള ജ്ഞാനത്തിലും യേശു വളർന്നുവന്നു.

ചുരുക്കത്തിൽ, താൻ നിർവഹിക്കേണ്ട ശുശ്രൂഷയെക്കുറിച്ച് യേശു സ്വപ്നങ്ങൾ കണ്ടു. തന്റെ ശുശ്രൂഷയുടെ പൂർത്തീകരണത്തിന് ആവശ്യമായ സകല കാര്യങ്ങളിലുമുള്ള ജ്ഞാനത്തിൽ യേശു വളർന്നുവന്നു.

യേശുവിൽ വിശ്വസിക്കുകയും അവൻ ഭരമേല്പിച്ച ദൗത്യം തുടരുകയും ചെയ്യാനുള്ളവർ ഈ ലോകത്തിൽ മനുഷ്യന്റെ സമഗ്ര മോചനത്തിന് തങ്ങൾ നിർവഹിക്കാനുള്ള ദൗത്യത്തിന് ആവശ്യമായ ജ്ഞാനത്തിൽ ശിശുപ്രായം മുതൽ വളർന്നുവരണം. നമ്മുടെ ആദരണീയനായ ഇന്ത്യൻ പ്രസിഡണ്ട് സർവശ്രീ അബ്ദുൽ കലാം ഊന്നിപ്പറയുന്നതുപോലെ, നാം നമ്മുടെ ദൗത്യത്തെക്കുറിച്ചും അത് പൂർത്തിയാക്കാനുള്ള വഴികളെക്കുറിച്ചും സ്വപ്നങ്ങൾ കാണണം. പിതാവിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവിനെ യേശുക്രിസ്തു അയയ്ക്കുമ്പോൾ പരിശുദ്ധാത്മാവിനെ ലഭിക്കുന്നവർ ദർശനങ്ങളും സ്വപ്നങ്ങളും കാണുന്നതിനെക്കുറിച്ച് ജോയേൽപ്രവാചകൻ പ്രവചിച്ചിട്ടുള്ളത് പത്രോസ് പെന്തിക്കൊസ്തി പ്രസംഗത്തിൽ ഉദ്ധരിച്ചു (അപ്പ 2,17-21;ജോയേ 2,28-32). അത് നാം കൂടെക്കൂടെ ഓർക്കുക.

ജ്ഞാനം വിശ്വാസത്തോടും പരിശുദ്ധാത്മദാനത്തോടും ബന്ധപ്പെട്ടാണ് (അപ്പ 6,3.5.10). ക്രിസ്തീയ യുവാക്കൾ ദൈവം, യേശുക്രിസ്തു, പരിശുദ്ധാത്മാവ്, മനുഷ്യർ, പ്രപഞ്ചരഹസ്യങ്ങൾ, ശാസ്ത്രശാഖകൾ, ലോകനന്മകൾ, പൈശാചികശക്തികളും അവയുടെ വശീകരണ തന്ത്രങ്ങളും എന്നിങ്ങനെ മനുഷ്യന്റെ സമഗ്ര മോചനത്തിന് ആവശ്യമായവയെക്കുറിച്ചുള്ള അറിവിൽ ചെറുപ്പം മുതൽ വളർന്നുകൊണ്ടിരിക്കണം. നമ്മെ വളർത്തുന്നവയെയും തളർത്തുന്നവയെയും കുറിച്ചുള്ള തിരിച്ചറിവിൽ വളർന്നുവരണം. എല്ലാവർക്കും എല്ലാറ്റിനെയും കുറിച്ചുള്ള ആഴമായ ജ്ഞാനത്തിൽ വളരാൻ മാനുഷികമായി അസാദ്ധ്യമാണ്. അതിനാൽ സ്കൂളിലെയും സഭയിലെയും അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ (1 - +2) കാലത്ത് ഏറ്റവും മെച്ചമായി പാഠങ്ങൾ പഠിക്കുക. വിദ്യാഭ്യാസകാലത്ത് പഠനത്തിന് പ്രഥമ സ്ഥാനം നൽകുക. അടിസ്ഥാന വിദ്യാഭ്യാസം കഴിഞ്ഞ് ഓരോരുത്തരും നിർവഹിക്കേണ്ട സേവനമേഖലകൾക്കനുസരിച്ച പഠനശാഖകൾ തെരഞ്ഞെടുക്കുക. അപ്പോഴും ഭാവിസേവനം വിജയപ്രദമായി നിർവഹിക്കാനുള്ള നല്ല ജ്ഞാനം സമ്പാദിക്കുക എന്ന ദൗത്യത്തിന് പ്രഥമ സ്ഥാനം നൽകുക. ലഭിക്കുന്ന സമയം മുഴുവൻ ഫലപ്രദമായി ഉപയോഗിക്കുക. *ഓരോ ഇന്നും രക്ഷാകരമായി വിനിയോഗിക്കുക.*

വിദ്യാഭ്യാസത്തിന്റെ കാര്യം പറയുമ്പോൾ ഒരു കാര്യം പ്രത്യേകം കാണുവാൻ നാം ശ്രദ്ധിക്കണം. ഇപ്പോൾ ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്ന് പെൻഷനായിക്കൊണ്ടിരിക്കുന്ന തലമുറയിൽ വളരെയേറെ മലങ്കര കത്തോലിക്കർ മറ്റുള്ളവരുമായി മത്സരക്ഷമമായ വിദ്യാഭ്യാസനിലവാരം പുലർത്തി. തത്ഫലമായി അവർക്ക് ഗവണ്മെന്റുതലത്തിൽ പല ഉന്നത ഉദ്യോഗങ്ങളും വഹിക്കാനും അങ്ങനെ സഭയ്ക്ക് സന്തോഷവും മനുഷ്യസമൂഹത്തിന് നല്ല സേവനവും നൽകുവാൻ



സാധിച്ചു. ഇന്നത്തെപ്പോലെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അനുകൂല സാഹചര്യങ്ങൾ ഇല്ലാതിരുന്നപ്പോൾ അവർ എത്തിപ്പിടിച്ച നിലവാരത്തിലേക്ക് എത്തിച്ചേരുന്നവർ ഇന്നത്തെ മലങ്കര യുവജനങ്ങളിൽ വളരെ വിരളമാണ്. മലങ്കര കത്തോലിക്കാ യുവജനങ്ങളിൽ വിരലിലെണ്ണാവുന്നവർ മാത്രമേ ശരാശരിക്കു അല്പമെങ്കിലും മുകളിൽ വരുന്നുള്ളൂ. സ്റ്റേറ്റിന്റെ ഭരണതലങ്ങളിൽ നിന്ന് പൂർണമായി മാറ്റിനിർത്തപ്പെടുന്ന ഒരവസ്ഥ ഏതു സമുദായത്തിനും സഭാസമൂഹത്തിനും ഇന്നത്തെ ഇന്ത്യൻ വ്യവസ്ഥിതിയിൽ അപകടകരമാണ്. വിശേഷിച്ച്, രാഷ്ട്രീയ ചേരിയും സാമുദായികമായ അനുപാതവും വോട്ടുബാങ്കാകാനുള്ള കഴിവും പ്രധാന മാനദണ്ഡങ്ങളാക്കപ്പെടുന്ന "ജനാധിപത്യ"വ്യവസ്ഥിതിയിൽ. അതിന്റെയൊക്കെ ദുരനുഭവങ്ങൾ ഇന്ന് മലങ്കരസഭയ്ക്ക് അഭിമുഖീകരിക്കേണ്ടി വരുന്നുമുണ്ട്. ഈ സാഹചര്യത്തെ ഒരു പരിധി വരെയെങ്കിലും അതിജീവിക്കുവാൻ മത്സരക്ഷമമായ വിദ്യാഭ്യാസത്തിലൂടെ സർക്കാർതലത്തിൽ ഉന്നതോദ്യോഗസ്ഥാനങ്ങൽ നേടിക്കൊണ്ടു മാത്രമേ സാധിക്കൂ. അതിനും മലങ്കര കത്തോലിക്കാ യുവജനങ്ങൾ ലക്ഷ്യബോധത്തോടുകൂടിയതും വ്യക്തിപരവും സംയുക്തവുമായ കഠിനാദ്ധ്വാനത്തിന് തയ്യാറാവുകയും, കൃത്യവും സമയബന്ധിതവുമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുകയും വേണം.

ഇന്നത്തെ സാഹചര്യത്തിൽ ജ്ഞാനസമ്പാദനം സാമ്പത്തികവളർച്ചയ്ക്ക് അത്യന്താപേക്ഷിതവും അത്യധികം സഹായകവുമാണ്. ഓരോരുത്തരും തെരഞ്ഞെടുക്കുന്ന സേവനമേഖല സംബന്ധിച്ച് ശരിയായ ജ്ഞാനം — താത്വികവും പ്രായോഗികവുമായ അറിവ്— അവരവർക്കുണ്ടായിരിക്കണം. സേവനമേഖലകളിലുള്ള പ്രവർത്തനം സാമ്പത്തിക വളർച്ചയ്ക്ക് വഴിയൊരുക്കുന്നു. സാമ്പത്തിക വളർച്ച മാത്രം ഉദ്ദേശിച്ചുള്ള സേവനമേഖലാപങ്കാളിത്തത്തെയും ജ്ഞാനസമ്പാദനത്തെയും ഇവ രണ്ടിനെയും കുറിച്ച് ലൂക്കാ ആവിഷ്കരിച്ചിട്ടുള്ള യേശുക്രിസ്തുവിന്റെ ദർശനങ്ങൾ അംഗീകരിക്കില്ല. ഉദാഹരണമായി, നേഴ്സിംഗ്. അതെക്കുറിച്ച് ക്രിസ്ത്യാനികൾ സദാ പുലർത്തേണ്ട അടിസ്ഥാന കാഴ്ചപ്പാട് ഇങ്ങനെയാവും: യേശുക്രിസ്തു വിളിച്ചു നിയോഗിച്ചതനുസരിച്ച്, അവന്റെ സൗഖ്യദായക ശുശ്രൂഷയിൽ സഹകരിക്കുക; അവൻ പ്രഘോഷിച്ച ദൈവരാജ്യ സംസ്ഥാപനത്തിന് അങ്ങനെ ശുശ്രൂഷിക്കുക. ദൈവരാജ്യം പ്രസംഗിക്കാൻ അപ്പോസ്തലന്മാരെയും, പിന്നെ എഴുപത്തിരണ്ടു പേരെയും യേശുക്രിസ്തു അയച്ചപ്പോൾ "രോഗികളെ സുഖപ്പെടുത്തുക" എന്ന ദൗത്യം പ്രത്യേകം ഭരമേല്പിച്ചു (ലൂക്കാ 9,1-6;10,9). ഇതുപോലെ ഓരോ സേവനമേഖലയും താൻ പ്രഘോഷിച്ച ദൈവരാജ്യപുനഃസ്ഥാപനത്തിന്റെ അനുഗ്രഹം അനുഭവിക്കാനും അതിനു ശുശ്രൂഷിക്കാനുമുള്ള വേദിയെന്നാണ് യേശുക്രിസ്തു പഠിപ്പിച്ചിട്ടുള്ളത് (ഉദാ: ലൂക്കാ 14,15-24). ഓരോ സേവനമേഖലയുടെയും ശുശ്രൂഷാസ്വഭാവവും പങ്കുമനുസരിച്ച് ആവശ്യമായ ശരിയായ അറിവ് നാം അഭ്യസിക്കയും സ്നേഹഭരിതമായ പ്രവർത്തനം കാഴ്ച വയ്ക്കുകയും ചെയ്യണം. യേശുക്രിസ്തു ദൈവരാജ്യം പുനഃസ്ഥാപിച്ചു എന്നു പറയുന്നതിനർത്ഥം മനുഷ്യവംശത്തെയും അതുവഴി പ്രപഞ്ചത്തെയും

ദൈവം ഭരിക്കുന്ന സ്ഥിതിയിൽ പുനഃസ്ഥാപിച്ചു എന്നാണ്. ഈ ലോകത്തിലെ വിവധ മേഖലകളിലുള്ള നമ്മുടെ സേവനം നമുക്കും നമ്മുടെ സേവനം സ്വീകരിക്കുന്നവർക്കും ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിച്ചുറപ്പിക്കുന്നതിന് സഹായിക്കണം. ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിച്ചുറപ്പിക്കുന്നതിലാണ് യഥാർത്ഥ ജ്ഞാനം ആത്യന്തികമായി അന്തർഭവിച്ചിട്ടുള്ളതെന്നാണ് യേശുക്രിസ്തു പഠിപ്പിക്കുക (ലൂക്കാ 7,35).

45 **ഇന്നിനെ പ്രയോജനപ്പെടുത്തുക**: യേശുവും ലൂക്കായും ഇന്നിന് വലിയ പ്രാധാന്യം കല്പിക്കുന്നു. ''ഇന്ന്'' എന്ന പദം ലൂക്കായുടെ സുവിശേഷത്തിൽ പതിനൊന്ന് / പന്ത്രണ്ട് പ്രാവശ്യവും, അപ്പോസ്തലപ്രവർത്തനങ്ങളിൽ ഒമ്പതു പ്രാവശ്യവും ഉപയോഗിച്ചിട്ടുണ്ട്. (2,1;4,21;5,26;12,28;13,32.33;19,5.9;22,32.61;23,43; അപ്പ 4,9;13,33;19,40;20,26;22,3;24,21;26,2.29;27,33). നാം എപ്പോഴും *ഇന്നിന്റെ* മനുഷ്യരായിരിക്കണം യേശുവും ലൂക്കായും ആവർത്തിച്ച് ആഹ്വാനിക്കുന്നു. അവരുദ്ദേശിക്കുന്നത് ഇന്നിന്റെ തിന്മകൾ ആവാഹിച്ചെടുക്കുന്നവാരകണം എന്നല്ല. *ഇന്നിനെ* രക്ഷാകരമായി പ്രയോജനപ്പെടുത്തുന്നവരാകണം എന്നാണ്. നമ്മുടെ വളർച്ചയ്ക്കും അഭ്യുന്നതിക്കും ഇന്ന് ലഭ്യമാകുന്ന അവസരങ്ങൾ നഷ്ടപ്പെടുത്തിയിട്ട് പിന്നെ ദഃഖിച്ചിട്ടും വിലപിച്ചിട്ടും കാര്യമില്ല.

''ഇന്ന്'' രക്ഷാകരമായ കാലമാണ്. അത് രക്ഷാകരമായി വിനിയോഗിക്കണം. യേശു ലോകത്തിൽ ജനിച്ചപ്പോൾ രക്ഷാകരമായ ഇന്ന് ഭൂമിയിൽ ആരംഭിച്ചു (ലൂക്കാ 2,11). യേശുവിന്റെ ശുശ്രൂഷയിൽ ''ഇന്ന്'' തുടരുകയാണ് (ലൂക്കാ 4,21). അത് തിരുവെഴുത്തുകൾ പൂർത്തിയാകുന്ന കാലമാണ് (4.21). സകല മനുഷ്യർക്കും വേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാപദ്ധതി യേശുക്രിസ്തുവിൽ പൂർത്തിയാകുന്ന കാലം. യേശു തന്റെ ശുശ്രൂഷയും പീഡാനുഭവവും ഉയർപ്പും വഴി പൂർത്തിയാക്കിയതാണ് (ലൂക്കാ 13,32–33). വാഗ്ദാനപ്രകാരമുള്ള യേശുവിന്റെ ഉയർപ്പിന്റെ കാലവുമാണ് ''ഇന്ന്'' (അപ്പ 13,33). നാം ജീവിക്കുന്നത് ഉത്ഥാനാനന്തര കാലഘട്ടത്തിലാണല്ലോ. നാം *ഇന്ന്* ജീവിക്കുന്നവരാണ് / ജീവിക്കുന്നവരാകണം.

പാപി അനുതപിച്ച് യേശുവിനെ സ്വീകരിക്കുമ്പോൾ അയാൾക്ക് (അയാളുടെ കുടുംബത്തിനും) യേശു രക്ഷയുടെ ''ഇന്ന്'' പ്രഖ്യാപിക്കുന്നു (ലൂക്കാ 19,9). അനുതപിച്ചപേക്ഷിച്ച പാപിയെ തന്നോടുകൂടെ ചേർത്ത് ദൈവരാജ്യത്തിന്റെ രാജാവായ യേശുക്രിസ്തു കുരിശിൽ പിതാവിന് ആത്മബലിയർപ്പിച്ച് പറുദീസായിൽ പ്രവേശിച്ചപ്പോൾ പാപിക്ക് ''ഇന്ന്'' പൂർത്തിയാകുന്നു (ലൂക്കാ 23,43). ഭൂമിയിലെ ഓരോ ദിവസവും ഈ ദിവസവും നമുക്ക് യേശുക്രിസ്തു മുഖാന്തരം ''ഇന്ന്'' ആയിത്തീരുന്നു. ദുഷ്ടതയുടെ ഭരണം ഭൂമുഖത്തുനിന്ന് തുടച്ചുമാറ്റുവാനുള്ള യത്നം യേശുക്രിസ്തവിനോടു ചേർന്ന് നാം നടത്തേണ്ട കാലമാണ് *ഇന്ന്*.

*ഇന്ന്* സാക്ഷ്യത്തിന്റെ കാലവുമാണ് (അപ്പ 26,29). യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ദരിദ്രർ വിശക്കുകയും കരയുകയും പുറന്തള്ളപ്പെടുകയും അവഹേളിതരാകയും ചെയ്യുന്ന ''ഇപ്പോൾ'' ആണ് ''ഇന്ന്.'' അതേ സമയം അവർ



സന്തോഷിച്ച് കുതിച്ചു ചാടുന്ന സമയവുമാണ് (ലൂക്കാ 6,20–26). യേശുക്രിസ്തുവിന്റെ ജനനത്തോടെ ആരംഭിച്ച രക്ഷാകരമായ ഇന്നിനെ നമുക്കു നമ്മുടെയും മറ്റുള്ളവരുടെയും സമഗ്ര മോചനത്തിന് രക്ഷാകരമായി പ്രയോജനപ്പെടുത്തേണ്ടേ?

## ഭാഗം മൂന്ന്
## വിശുദ്ധ പൗലോസ് തെസലോനിക്കായിലെ സഭയ്ക്ക് എഴുതിയ ലേഖനങ്ങൾ

(ഫാദർ ദാനിയേൽ പൂവണ്ണത്തിൽ – ഫാദർ കുര്യൻ വാലുപറമ്പിൽ)

### 1 തെസലോനിക്കാ

### രചനാകാലവും പ്രാധാന്യവും

46 തെസലോനിക്കാക്കാർക്കുള്ള ഒന്നാം ലേഖനം (1 തെസലോനിക്കാ) പുതിയ നിയമപ്പുസ്തകപ്പട്ടികയിൽ പതിമൂന്നാമത്തെ പുസ്തകമാണ്. അത് വിശുദ്ധ പൗലോസ് ക്രി.വ. 49/50ൽ കോറിന്തോസിൽ വച്ച് എഴുതി. ഇത് പൗലോസിന്റെയും പുതിയ നിയമ ഗ്രന്ഥങ്ങളിലെയും ആദ്യരചനയാണ്. നമുക്കു ലഭിച്ചിട്ടുള്ള ഏറ്റവും പുരാതനമായ ക്രിസ്തീയ കൃതിയാണ്. *ക്രിസ്തീയ സുവിശേഷവും തദനുസൃതമായ പ്രബോധനങ്ങളും സഭയ്ക്ക് പൊതുവായുള്ള കത്തിന്റെ രൂപത്തിൽ എഴുതപ്പെട്ട ആദ്യകൃതിയാണിത്.* അങ്ങനെ ഈ സവിശേഷ സാഹിത്യരൂപം സഭയുടെ തിരുഗ്രന്ഥപാരമ്പര്യത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. പൗലോസിന്റെ ലേഖനങ്ങൾ സഭയിൽ ആരാധനയിൽ വായിക്കുന്ന പതിവിനു തുടക്കമിടാൻ നിമിത്തമായി (5,27). സർവോപരി യേശുക്രിസ്തുവിന്റെ പുനരാഗമനത്തെക്കുറിച്ച് ആദിമ ക്രിസ്തീയ വിശ്വാസികൾക്കുണ്ടായിരുന്ന തീവ്രമായ പ്രതീക്ഷ പ്രതിഫലിക്കുന്ന ആദ്യ ക്രിസ്തീയ രചനയുമാണ് 1 തെസലോനിക്കാ.

### പശ്ചാത്തലം

46 ക്രി. വ. 49നോടടുത്ത് പൗലോസ് അയഹൂദ(വിജാതിയ) നാടായിരുന്ന തെസലോനിക്കായിൽ പ്രവർത്തിച്ചു. കൈകൾ കൊണ്ട് കഠിനാദ്ധ്വാനം ചെയ്ത് ഉപജീവനം നടത്തിയിരുന്നവരായിരുന്നു തെസലോനിക്കാക്കാർ (4,11). അവരുടെയിടയിൽ *ദൈവത്തിന്റെ സുവിശേഷം* പ്രസംഗിക്കുമ്പോൾ പൗലോസും സഹപ്രവർത്തകരും സ്വന്തം ആവശ്യങ്ങൾ നിറവേറ്റാൻ രാപകൽ കഠിനമായി കൈകൾ കൊണ്ട് അദ്ധ്വാനിച്ചു (2,9). അങ്ങനെയാണ് അവിടെ സഭ സ്ഥാപിച്ചത് (അപ്പ 17,1–9). വിശ്വാസം സ്വീകരിച്ചവരിൽ ബഹുഭൂരിഭാഗവും അയഹൂദർ (വിജാതിയർ) ആയിരുന്നു. വൈകാതെ ചില രാഷ്ട്രീയ കാരണങ്ങളാൽ പൗലോസും സഹപ്രവർത്തകരും അവിടം വിടേണ്ടി വന്നു (1തെസ 2,17;അപ്പ 17,5–10). തെസലോനിക്കായിലെ സഭയിലെ വിശ്വാസികളെ വീണ്ടും കാണാൻ പൗലോസ് പലവുരു ആഗ്രഹിച്ചെങ്കിലും സാധിച്ചില്ല (1 തെസ 2,17;3,10). സഹപ്രവർത്തകനായ തീമോത്തിയോസിനെ അവിടേക്കയച്ചു. അദ്ദേഹത്തിൽ നിന്നു ലഭിച്ച വിവരങ്ങളുടെ വെളിച്ചത്തിൽ തെസലോനിക്കായിലെ സഭയ്ക്ക് പൗലോസ് എഴുതിയ കത്താണ് 1 തെസലോനിക്കാ.

**ഉദ്ദേശം**

47 ഈ ലേഖനരചനയ്ക്ക് പ്രധാനമായി രണ്ട് ഉദ്ദേശങ്ങളാണ് അതിൽ പ്രതിഫലിക്കുക. (ഒന്ന്: ഏറ്റവും മുഖ്യമായ ഉദ്ദേശം): വിജാതിയ (യവന) നഗരത്തിൽ ക്രിസ്തീയ വിശ്വാസത്തെപ്രതി സഹപൗരരിൽ നിന്നു പീഡനം സഹിക്കുന്ന സഭയ്ക്ക് (ക്രിസ്തീയ വിശ്വാസികൾക്ക്) സ്ഥൈര്യവും പ്രോത്സാഹനവും നൽകുക (1,6;3,3-4). (രണ്ട്) ചില വിശ്വാസികളുടെ ധാർമിക വീഴ്ചകൾ നിമിത്തവും (4,3-8), യേശുക്രിസ്തുവിന്റെ പുനരാഗമനത്തെക്കുറിച്ച് വിശ്വാസികൾക്ക് പൊതുവെ ഉണ്ടായ ചില തെറ്റുദ്ധാരണകൾ നിമിത്തവും (4,13 -18) സഭ തന്റെയുള്ളിൽ നിന്നു തന്നെ അഭിമുഖീകരിച്ച സംഘർവും സമ്മർദ്ദവും അതിജീവിക്കാൻ ആവശ്യമായ നിർദ്ദേശങ്ങളും തിരുത്തലുകളും നൽകുക.

**ഘടനയും വിശകലനവും**

48 1 തെസലോനിക്കാ ഒരു കത്താണ്. ഇതിനും പൗലോസിന്റെ കത്തുകൾക്കുള്ള മൂന്നു പ്രധാന ഘടകങ്ങളുണ്ട്. (1) *പ്രാരംഭ അഭിവാദനവും ആശംസയും* (1,1); (2) *ഉള്ളടക്കം* (കത്തിന്റെ മുഖ്യഭാഗം: 1,2-5,24); (3) *ഉപസംഹാരം* (5,25-28).

(1) *പ്രാരംഭ അഭിവാദനവും ആശംസയും*: ആരംഭഭിവാദനാശംസകളിൽ ത്തന്നെ പൗലോസും തെസലോനിക്കായിലെ വിശ്വാസിസമൂഹവും തമ്മിലുള്ള ഊഷ്മളമായ ബന്ധം പ്രതിഫലിക്കുന്നു. ''നിങ്ങൾക്ക്'' എന്ന വാക്ക് അങ്ങനെയുണ്ട്. തൊട്ടടുത്ത് ''ഞങ്ങൾക്ക്'' എന്ന വാക്കുണ്ട്. പരസ്പര ബന്ധം പ്രതിഫലിക്കുന്ന ''ഞങ്ങൾ'' - ''നിങ്ങൾ,'' ''നമ്മുടെ,'' ''ഞങ്ങളുടെ'' - ''നിങ്ങളുടെ'' എന്നീ വാക്കുകൾ ലേഖനത്തിൽ ധാരാളമുണ്ട്. പൗലോസ് അവരെക്കുറിച്ച് നല്ല ഓർമ സൂക്ഷിക്കുന്നു (1,3). അതുപോലെ അവർ പൗലോസിനെക്കുറിച്ച് സ്നേഹപൂർവം സ്മരിക്കുന്നു (3,6). പൗലോസിന് അവരെ കാണാൻ വലിയ ആഗ്രഹമുണ്ട് (2,17); അതുപോലെ അവർക്ക് പൗലോസിനെ കാണാനും (3,6). അവരെ സങ്കടങ്ങളിൽ ആശ്വസിപ്പിക്കാൻ പൗലോസ് തീമോത്തിയോസിനെ അയച്ചതുപോലെ അവരുടെ വിശ്വാസം പൗലോസിന്റെ സങ്കടങ്ങളിൽ ആശ്വാസം പകരുന്നു (3,2-3).

(2) *ഉള്ളടക്കം* (കത്തിന്റെ മുഖ്യഭാഗം: 1,2-5,24): കത്തിന്റെ മുഖ്യഘടകമായ ഉള്ളടക്കത്തെ അതിലുള്ള വിഷയങ്ങളനുസരിച്ച് പലതായി തിരിച്ച് പഠിക്കുക സൗകര്യപ്രദമാണ്. ഉള്ളടക്കത്തിന് രണ്ട് പ്രധാന ഭാഗങ്ങളുണ്ട്: (1) *കൃതജ്ഞതാനിർഭരമായ അനുസ്മരണം* (1,2-3,13); (2) *ഉപദേശങ്ങളും നിർദ്ദേശങ്ങളും* (4,1-5,24).

(1) *കൃതജ്ഞതാനിർഭരമായ അനുസ്മരണം* (1,2-3,13): 1,2-3,13ൽ മൂന്നു കൃതജ്ഞതാപ്രകാശനങ്ങളുണ്ട് (1,2-10; 2,13-16; 3,9-10). അതിനാൽ 1,2-3,13ന് *കൃതജ്ഞതാനിർഭരമായ അനുസ്മരണം* എന്ന തലക്കെട്ട് ഉചിതമാണ്. ഈ ഭാഗം ആറ് ഉപവിഭാഗങ്ങളാക്കാം. (*എ*) തെസലോനിക്കായിലെ വിശ്വാസികളുടെ ക്രസ്തീയ ജീവിതത്തെപ്രതി പൗലോസ് ദൈവത്തിനു നന്ദി പറയുന്നു (1,2-10). വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലുമുള്ള ജീവിതമാണ് അവരുടേത്



(1,3). അങ്ങനെയുള്ള ക്രിസ്തീയ ജീവിതം ദൈവത്തിന്റെ തെരഞ്ഞെടുപ്പാണ് (1,4). തെരഞ്ഞെടുപ്പ് പ്രകടമാകുക അവരോട് സുവിശേഷം പ്രഘോഷിക്കപ്പെട്ടതിന്റെയും അവരത് സ്വീകരിച്ചതിന്റെയും വെളിച്ചത്തിലാണ് (1,5-6). ക്ലേശങ്ങൾക്കിടയിലും വചനം ആനന്ദത്തോടെ സ്വീകരിച്ചതുവഴി അവർ മാതൃകയായി (1,7-10).

(*ബി*) സുവിശേഷപ്രഘോഷണത്തിൽ താൻ മാതൃക നൽകിയെന്ന് തുടർന്ന് പൗലോസ് എഴുതുന്നു (2,1-12). താൻ തെസലോനിക്കായിൽ സുവിശേഷവേല ചെയതത് ധനമോ അംഗീകാരമോ ആഗ്രഹിച്ചല്ല; സ്വാർത്ഥരഹിതമായും (2,1-8) അവിടത്തെ വിശ്വാസികളോടുള്ള താൽപര്യവും സ്നേഹവും നിമിത്തവുമാണ് ((2,9-12) സുവിശേഷവേല ചെയതതെന്ന് പൗലോസ് സമർത്ഥിക്കുന്നു. അവരോടുള്ള സ്നേഹതാൽപര്യത്തെപ്രതി ചെയ്ത കാര്യങ്ങളുടെ ഒരു ലഘു വിവരണം 9-12 വാക്യങ്ങളിലുണ്ട്.

(*സി*) തെസലോനിക്കർ സുവിശേഷം സ്വീകരിച്ചതിനെ പ്രതി പൗലോസ് ദൈവത്തിനു നന്ദി പറയുന്നു (2,13-16). രണ്ടാമത്തെ കൃതജ്ഞതാപ്രകാശനമാണത്. അവർ വചനം സ്വീകരിച്ചത് മാനുഷിക വചനമായല്ല, സത്യദൈവത്തിന്റെ വചനമായാണ്. അവരും യൂദയായിലെ സഭയെപ്പോലെ (= ജറുസലേമിലെ യഹൂദക്രിസ്ത്യാനികളെപ്പോലെ) വിശ്വാസത്തെപ്രതി ക്ലേശങ്ങൾ സഹിച്ചു.

(*ഡി*) തെസലോനിക്ക സന്ദർശിക്കാൻ പൗലോസിനു സാധിക്കാത്തതിന്റെ കാരണങ്ങളും പകരം തീമോത്തിയോസിനെ അയയ്ക്കുന്ന കാര്യവും വിവരിക്കുന്നു. തെസലോനിക്ക സന്ദർശിക്കാൻ പൗലോസ് പല പ്രാവശ്യം ആഗ്രഹിച്ചു. പക്ഷേ സാത്താൻ തടസപ്പെടുത്തി (2,19). തൻമൂലം തീമോത്തിയോസിനെ അയയ്ക്കുന്നു (3,3). അവരെ വിശ്വാസത്തിൽ ഉറപ്പിക്കാനും (3,2) അവരുടെ വിശ്വാസത്തെക്കുറിച്ച് അറിയാനുമാണ് (3,5) തീമോത്തിയോസിനെ അയയ്ക്കുക.

(*ഇ*) തെസലോനിക്കരിൽ നിന്നുള്ള സന്തോഷകരമായ വാർത്തകൾ തീമോത്തിയോസ് തിരിച്ചുവന്നപ്പോൾ ലഭിച്ചതിനെപ്രതി പൗലോസ് ദൈവത്തിനു നന്ദി പ്രകാശിപ്പിക്കുന്നു (3,9-10). മൂന്നാമത്തെ കൃതജ്ഞതാപ്രകാശനമാണിത്.

(*എഫ്*) ഉപസംഹാരപ്പാർത്ഥന (3,11-13). തെസലോനിക്കരെക്കുറിച്ചുള്ള വാർത്തകൾ നൽകിയ സന്തോഷത്തെ ഒരു പ്രാർത്ഥനയായി പൗലോസ് ഉയർത്തുന്നു.

(2) *ഉപദേശങ്ങളും നിർദ്ദേശങ്ങളും* (4,1-5,24) ഉള്ളടക്കത്തിന്റെ രണ്ടാമത്തെ പ്രധാന ഭാഗത്ത് ക്രിസ്തീയ ജീവിതത്തിന്റെ വളർച്ചയ്ക്ക് അത്യാവശ്യമായ ഏതാനും ഉപദേശങ്ങളും നിർദ്ദേശങ്ങളുമാണുള്ളത്. ഈ ഭാഗത്തെ വിഷയമനുസരിച്ച് മൂന്ന് പ്രധാന ഉപവിഭാഗങ്ങളാക്കാം.

(*എ*) വിശ്വാസിസമൂഹത്തിന്റെ സാന്മാർഗിക ജീവിതം സംബന്ധിച്ച ചില ഉപദേശങ്ങൾ (4,1-12). ക്രിസ്തീയ ജീവിത്തിന്റെ വളർച്ചയാണ് കേന്ദ്രവിഷയം. വിശ്വാസികളുടെ വിശുദ്ധി, സ്നേഹം എന്നീ രണ്ടു കാര്യങ്ങളെ കേന്ദ്രീകരിച്ചാണ് ഉപദേശങ്ങൾ. ഈ ഉപവിഭാഗം തുടങ്ങുന്നത് ദൈവത്തിന് പ്രസാദകരമായ

ജീവിതം നയിക്കാനുള്ള ആഹ്വാനം ആമുഖമായി മുഴക്കിക്കൊണ്ടാണ് (4,1-2). തുടർന്ന് വിശ്വാസികളുടെ വിശുദ്ധി വിഷയമാക്കുന്നു. വിശ്വാസികൾ വിശുദ്ധ ജീവിതം നയിക്കണം. കാരണം ദൈവം വിശ്വാസികളുടെ വിശുദ്ധീകരണം ആഗ്രഹിക്കുന്നു(4,3.7). വിശുദ്ധീകരണം ശാരീരിക വിശുദ്ധിയിൽ പ്രകടമാകണം (4,5-8). വിശ്വാസികൾ ദൈവം പഠിപ്പിച്ചിട്ടുള്ള സ്നേഹത്തിൽ ഉത്തരോത്തരം അഭിവൃദ്ധിപ്പെടണം (4,9-12). അതിന്റെ അടിസ്ഥാന കാരണം ദൈവം പഠിപ്പിച്ചിട്ടുള്ളതു തന്നെ (4,9). സ്നേഹത്തിൽ ഉത്തരോത്തരം വളരാനുള്ള പ്രായോഗികമാർഗങ്ങൾ ഇവയാണ്: ശാന്തമായി ജീവിക്കുക, സ്വന്തം കാര്യങ്ങളിൽ ശ്രദ്ധാലുക്കളാകുക, സ്വന്തം കൈകൾകൊണ്ട് അദ്ധ്വാനിക്കുക.

(*ബി*) മരിച്ചവരുടെ ഉയർപ്പും കർത്താവിന്റെ പുനരാഗമനവും സംബന്ധിച്ച് ചില ധാരണകൾ വ്യക്തമാക്കുന്നു (4,13-5,11). ഒന്നാമത്, മരിച്ചവരും ഈ ലോകത്തിൽ ജീവിച്ചിരിക്കുന്നവരും ഉണ്ടായിരിക്കുമല്ലോ യേശുക്രിസ്തു പ്രത്യാഗമിക്കുമ്പോൾ. അവരിൽ ആരാണ് അവനെ ആദ്യം ദർശിക്കുകയും എതിരേൽക്കുകയും എന്ന പ്രശ്നത്തിന് — അങ്ങനെയൊരു പ്രശ്നം അവരുടെയിടയിൽ ഉണ്ടായിരുന്നിരിക്കാം — ഉത്തരം പറയുന്നു: യേശു മരിച്ചുയർത്തതിനാൽ അവന്റെ പ്രത്യാഗമനത്തിൽ ദൈവം മരിച്ചവരെയും പങ്കാളികളാക്കും. മരിച്ചവർ ആദ്യം ഉയർത്തെഴുന്നേൽക്കും. അതിനു ശേഷമാണ് ജീവിച്ചിരിക്കുന്നവർ അവനെ എതിരേൽക്കുക (4,13-17).

രണ്ടാമത്, കർത്താവിന്റെ (യേശുവിന്റെ) പ്രത്യാഗമനത്തിന്റെ ''സമയവും കാലവും'' സംബന്ധിച്ച് (5,1-11): ''സമയവും കാലവും'' എന്നത് കർത്താവിന്റെ പുനരാഗമനത്തെയും അതിനു മുന്നോടിയായ സംഭവങ്ങളെയും കുറിക്കുന്ന ഒരു ശൈലിയാണ്. സമയം കൃത്യമായി പറയുന്നില്ല. അതായത്, *എപ്പോൾ* എന്ന ചോദ്യത്തിനു നേരിട്ടുള്ള ഉത്തരം നൽകുന്നില്ല. അതിനെ ക്രിസ്തീയ വിശ്വാസികൾ എപ്രകാരം കാത്തിരിക്കണം എന്ന് വിശദീകരിക്കുന്നു. (i) പ്രത്യാഗമനം പെട്ടെന്നും അവിചാരിതമായ സമയത്തുമാകും (5,1-3). കള്ളൻ വരുന്നതുപോലെയും (5,2) ഗർഭിണിക്കു പ്രസവവേദന വരുന്നതുപോലെയും (5,3) ആയിരിക്കും. (ii) ക്രിസ്ത്യാനികൾ പ്രകാശത്തിന്റെയും പകലിന്റെയും മക്കളായതിനാൽ ആ ദിനം അവർക്ക് ഭീതിജനകമല്ല (5,4-5). (iii) അതേ സമയം അവർ ഉണർന്ന് സുബോധമുള്ളവരായിരിക്കയും, വിശ്വാസം, സ്നേഹം, പ്രത്യാശ എന്നിവ ധരിച്ച് തയ്യാറായിരിക്കയും വേണം (5,6-8).

മേൽപ്പറഞ്ഞ സൂചനകളിൽ പൗലോസ് വ്യക്തമാക്കുന്ന സംഗതി ഇതാണ്: യേശുക്രിസ്തുവിലൂടെ കൈവന്ന രക്ഷ വിശ്വാസികളുടെ ജീവിതത്തിൽ ഒരു വർത്തമാന കാല യാഥാർത്ഥ്യമാണ്. അതിനാൽ അവന്റെ പുനരാഗമനത്തെച്ചൊല്ലി അവർക്ക് ആശങ്കപ്പെടേണ്ടതില്ല. അത് അവർ ജീവിച്ചിരിക്കുമ്പോഴോ മരിച്ചശേഷമോ എപ്പോഴായാലും അവരുടെ മേൽ ഭവിക്കുന്ന ശിക്ഷയായല്ല, കൃപയായാണ് സംഭവിക്കുക. അതിനാൽ അവർ പരസ്പരം ആശ്വസിപ്പിക്കുകയും പരസ്പരോന്നമനത്തിനു പ്രയത്നിക്കുകയും ചെയ്യണം (5,9-11).



(*സി*) സമൂഹജീവിതത്തിനുള്ള ഉപദേശങ്ങൾ (5,12-24). ഇതിൽ ഉപദേശങ്ങളും (5,12-22), പ്രാർത്ഥനയും (5,23-24) ഉണ്ട്. അതിനാൽ ഈ ഭാഗത്തെ ഉപദേശങ്ങൾ, പ്രാർത്ഥന എന്നിങ്ങനെ രണ്ടായി തിരിക്കാം. ഉപദേശങ്ങൾ മൂന്നു കാര്യങ്ങളെക്കുറിച്ചാണ്: സാമൂഹ്യബന്ധങ്ങൾ (5,12-15), വ്യക്തിപരമായ മനോഭാവങ്ങൾ (5, 16-18), ആത്മീയ വരങ്ങൾ (5,19-22) എന്നിവയെക്കുറിച്ച്. മനുഷ്യർക്ക് സമഗ്ര രക്ഷയ്ക്കുവേണ്ടി പ്രാർത്ഥിച്ചും, അത് വിശ്വസ്തനായ ദൈവത്തിൽ നിന്ന് ക്രിസ്തുവിന്റെ പുനരാഗമനത്തിൽ അവർക്കു ലഭിക്കുമെന്നുള്ള വിശ്വാസം പ്രകടിപ്പിച്ചും ഉള്ളടക്കത്തിന്റെ രണ്ടാം ഭാഗം പൗലോസ് ഉപസംഹരിക്കുന്നു (5,23-24).

കത്തിന്റെ മൂന്നാമത്തെ ഘടകം *ഉപസംഹാരം* (5,25-28): അതിൽ ആശംസകളും അഭ്യർത്ഥനകളും ഉണ്ട്. ആശംസകൾ കത്തിന്റെ ഉള്ളടക്കത്തിന്റെ അരൂപിയിലുള്ളവയാണ്. അപേക്ഷകൾ മൂന്നാണ്: ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുക; വിശുദ്ധ ചുംബനം കൊണ്ട് അന്യോന്യം അഭിവാദനം ചെയ്യുക; ഈ കത്ത് സഹോദരരെ വായിച്ചു കേൾപ്പിക്കുക.

## 2 തെസലോനിക്കാ

(ഫാദർ ദാനിയേൽ പൂവണ്ണത്തിൽ - ഫാദർ കുര്യൻ വാലുപറമ്പിൽ)

49 **സാഹചര്യവും സ്ഥലവും:** ഒന്നാം ലേഖനത്തിൽ (കത്തിൽ) പരാമർശിക്കുന്ന സാഹചര്യങ്ങൾ ഏറെക്കുറെ നിലനിൽക്കെത്തന്നെയാണ് രണ്ടാം ലേഖനവും എഴുതപ്പെടുന്നത്. രചനാസ്ഥലവും കോരിന്തോസ്. പൗലോസാണോ രണ്ടാം ലേഖനത്തിന്റെ രചയിതാവ് എന്ന് സംശയം ഉന്നയിക്കപ്പെടുന്നുണ്ടെങ്കിലും ഇതും അദ്ദേഹത്തിന്റേതായി സ്വീകരിക്കപ്പെടുന്നു.

രചയിതാവിനെ സംബന്ധിച്ച് സംശയിക്കാനുള്ള കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണം രണ്ടു ലേഖനങ്ങളുടെയും ദൈവശാസ്ത്രദർശനങ്ങളിലെ പ്രധാന വ്യത്യാസത്തിലേക്കും പ്രകാശം പരത്തും. രണ്ടു ലേഖനങ്ങളുടെയും കേന്ദ്രവിഷയം നമ്മുടെ കർത്താവിന്റെ യുഗാന്ത്യാഗമനമാണ്. അത് അപ്രതീക്ഷിതവും അവിചാരിതവുമായ നേരത്ത് പെട്ടെന്ന് സംഭവിക്കുമെന്നാണ് ഒന്നാം ലേഖനത്തിന്റെ നിലപാട് (1 തെസ 5,1-3). എന്നാൽ രണ്ടാം ലേഖനം പഠിപ്പിക്കുന്നത് നമ്മുടെ കർത്താവിന്റെ യുഗാന്ത്യാഗമനത്തിനു മുമ്പ് വിവേചിച്ചറിയത്തക്ക വിധം വ്യക്തമായ ചില അടയാളങ്ങളും സൂചനകളും ഉണ്ടാകും (2 തെസ 2,1-8) എന്നാണ്. രണ്ടു ലേഖനങ്ങളും തമ്മിൽ ശൈലിയിലും വ്യക്തമായ വ്യത്യാസമുണ്ട്. ഒന്നാമത്തതിൽ സ്നേഹോഷ്മളത കൂടുതൽ പ്രസരിക്കുമ്പോൾ രണ്ടാമത്തതിൽ ശാസനയുടെ സ്വരം കൂടുതൽ മുഴങ്ങുന്നു. വിചാരത്തിലുള്ള വ്യത്യാസം സ്വാഭാവികമായി പദാവലിയിലും ശൈലിയിലും പ്രതിഫലിക്കുന്നു (കാണുക: 1 തെസ 4,3-5,1;2തെസ 2,1-12). വിചാരത്തിലും പദാവലിയിലും ശൈലിയിലുമുള്ള വ്യത്യാസത്തിന് കാരണം സഭാസമൂഹത്തിലെ അംഗങ്ങളുടെ വംശീയ വ്യത്യാസമാകാമെ

ന്നും പണ്ഡിതർ അഭിപ്രായപ്പെടുന്നുണ്ട്. ഒന്നാം ലേഖനത്തിൽ പൗലോസ് തെസലോനിക്കാസഭയിലെ മഹാഭൂരിപക്ഷമായ അയഹൂദക്രിസ്ത്യാനികളെ സംബോധന ചെയ്തു. രണ്ടാമത്തതിൽ അവിടത്തെ യഹൂദക്രിസ്ത്യാനികളെയും.

**ലേഖനത്തിന്റെ ഉദ്ദേശം**

50 തെസലോനിക്കായിലെ വിശ്വാസികൾക്കിടയിൽ *കർത്താവിന്റെ ദിവസം* സംബന്ധിച്ചുണ്ടായ തെറ്റുദ്ധാരണ തിരുത്തുകയാണ്. അത് ലേഖനാരംഭത്തിൽ ഇപ്രകാരം എഴുതുന്നു: "...കർത്താവിന്റെ ദിവസം വന്നുകഴിഞ്ഞുവെന്നു സൂചിപ്പിക്കുന്ന പ്രവചനത്താലോ പ്രസംഗത്താലോ ഞങ്ങളുടേതെന്ന് അവകാശപ്പെടുന്ന ലേഖനത്താലോ നിങ്ങൾ (തെസലോനിക്കർ) ചഞ്ചലചിത്തരും അസ്വസ്ഥരുമാകരുത്; ആരും നിങ്ങളെ ഒരു വിധത്തിലും വഞ്ചിക്കാതിരിക്കട്ടെ"(2,1-3).

**ലേഖനത്തിന്റെ പ്രത്യേക പ്രാധാന്യം**

51 യുഗാന്ത്യത്തെക്കുറിച്ചുള്ള ക്രിസ്തീയ വിചാരത്തിൽ *അന്തിക്രിസ്തു* പ്രധാനമായൊരു രൂപമാണ്. അതിനെ ആദ്യമായി അവതരിപ്പിക്കുന്നത് 2 തെസലോനിക്കായാണ്. ഇതിൽ "നിയമനിഷേധിയായ മനുഷ്യൻ" എന്നും "നിയമനിഷേധി" എന്നുമുള്ള പേരുകളിലാണ് അവതരിപ്പിച്ചിട്ടുള്ളത് (2,3.8.9).

**ലേഖനത്തിന്റെ ഘടനയും വിശകലനവും**

52 ഒന്നാം ലേഖനത്തിന്റെ പോലെ (1) പ്രാരംഭ അഭിവാദനവും ആശംസയും (1,1-2), (2) ഉള്ളടക്കം (കത്തിന്റെ മുഖ്യഭാഗം: 1,3-3,16), (3) ഉപസംഹാരം (3,17-18).

(ഭാഗം 1) *പ്രാരംഭകൃതജ്ഞതാപ്രകാശനം* (1,3-12). അതിന് മൂന്ന് ഉപവിഭാഗങ്ങളുണ്ട്: (*എ*) വിശ്വാസത്തെപ്രതിയുള്ള പീഡകൾക്കിടയിലും തെസലോനിക്കായിൽ ക്രിസ്തീയ ജീവിതം സമൃദ്ധമായി വളരുന്നതിനെ പ്രതി പൗലോസ് ദൈവത്തിനു നന്ദി പറയുന്നു (1,3-4). വിശ്വാസത്തിലും സ്നേഹത്തിലുമാണ് ക്രിസ്തീയ ജീവിതം സമൃദ്ധമായി വളരുന്നത് (*ബി*) ദൈവത്തിന്റെ നീതിപൂർവമായ വിധിയെക്കുറിച്ചുള്ള പ്രബോധനം (1,5-10). വിശ്വാസജീവിതത്തിലുള്ള ക്രിസ്ത്യാനികളുടെ സ്ഥിരത കർത്താവിന്റെ വിധിയുടെ ദിവസം അവർക്ക് രക്ഷ ലഭിക്കും എന്നതിന്റെ അടയാളമാണ്. കർത്താവിന്റെ ദിവസത്തിൽ പീഡകർക്കു പീഡയും പീഡിതർക്ക് ദൈവത്തിൽ നിന്ന് ആശ്വാസവും ലഭിക്കും (1,6-7). (*സി*) വിശ്വാസപൂർത്തീകരണത്തിനു വേണ്ടി പൗലോസ് പ്രാർത്ഥിക്കുന്നുണ്ടെന്ന് പറയുന്നു (1,11-12). ഇപ്പറഞ്ഞ മൂന്ന് ഉപവിഭാഗങ്ങളുടെ കേന്ദ്രപ്രമേയം നടുക്കേതാണ്.

(ഭാഗം 2) *കർത്താവിന്റെ ദിവസം* (2,1-17): (*എ*) കർത്താവിന്റെ പുനരാഗമനത്തെക്കുറിച്ചുള്ള തെറ്റുദ്ധാരണകൾ വിശ്വാസികളിൽ ഉളവാക്കിയ ആകാംക്ഷ അകറ്റുവാൻ ശ്രമിക്കുന്നു (2,1-2എ). പ്രവചനമോ പ്രസംഗമോ ലേഖനങ്ങളോ വഴി അവരാരും വഞ്ചിതരാകരുതെന്ന് മുന്നറിയിപ്പു നൽകുന്നു. (*ബി*) അടുത്തതായി, പുനരാഗമത്തിനു മുന്നോടിയായി സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ച് എഴുതുന്നു (2,3ബി—12). വിശ്വാസം ഉപേക്ഷിക്കൽ (2,3), *നിയമനിഷേധി*യുടെ ആഗമനം (2,9) എന്നീ രണ്ടു കാര്യങ്ങളാണ് കർത്താവിന്റെ പുനരാഗമത്തിനു മുന്നോടിയായി സംഭവിക്കുക. വിശ്വാസത്യാഗത്തെക്കുറിച്ച് വിശദീകരിക്കുന്നില്ല ലേഖകൻ. *ദൈവനിഷേധി*യെക്കുറിച്ച് കുറെക്കാര്യങ്ങൾ വ്യക്തമാക്കുന്നു. അവൻ ദൈവനിഷേധിയായ അരാജകത്വത്തിന്റെ മനുഷ്യനും, ദൈവികവും ആരാധനാവിഷയവുമായ എല്ലാറ്റിനെയും എതിർക്കുന്നവനും, ദൈവത്തിന്റെ സ്ഥാനത്ത് സ്വയം പ്രതിഷ്ഠിക്കുന്നവുനും, ദേവാലയത്തിൽ തനിക്ക് ആരാധന ആവശ്യപ്പെടുന്നവനുമാണ് (2,3-4). അവന്റെ ആഗമനം സാത്താന്റെ പ്രവൃത്തിയാണ് (2,5). സത്യത്തെ സ്നേഹിച്ച് രക്ഷ പ്രാപിക്കുന്നതിൽ നിന്ന് വിശ്വാസികളെ വ്യാജമായ അടയാളങ്ങളും അത്ഭുതങ്ങളും കാട്ടി വഴി തെറ്റിക്കും (2,5). *നിയമനിഷേധി*യെ തടഞ്ഞു നിർത്തിയിരിക്കുന്ന ശക്തിയെയും വ്യക്തിയെയും കുറിച്ചും കൂട്ടത്തിൽ പരാമർശിക്കുന്നുണ്ട് (2,6-7). സമയം പൂർത്തിയാകുമ്പോൾ ഈ പ്രതിരോധം ദൈവം എടുത്തു മാറ്റുകയും സാത്താന്റെ പ്രവർത്തനം ലോകത്തിൽ പ്രത്യക്ഷമാകയും ചെയ്യും. അനന്തരം കർത്താവിന്റെ പ്രത്യാഗമനം ഉണ്ടാകുകയും *നിയമനിഷേധി*യെ ദൈവം നശിപ്പിക്കുകയും (2,8) അവിശ്വാസികൾ ശിക്ഷിക്കപ്പെടുകയും ചെയ്യും (2,11-12). (*സി*) കൃതജ്ഞതയും ആശ്വാസത്തിനും ശക്തിക്കും വേണ്ടിയുള്ള പ്രാർത്ഥന (2,13-17). അതിൽ, തൊട്ടു മുമ്പ് സൂചിപ്പിച്ച ശിക്ഷയ്ക്ക് വിപരീതമായി വിശ്വാസികൾക്കുള്ള രക്ഷയെക്കുറിച്ചുള്ള സൂചനയുമുണ്ട്. ഉള്ളടക്കത്തിന്റെ രണ്ടാം ഭാഗത്തും നടുക്കേ ഉപവിഭാഗമാണ് കേന്ദ്രപ്രമേയം.



(ഭാഗം 3) *ഉപസംഹാരോപദേശങ്ങൾ* (3,1-16). (*എ*) തെസലോനിക്കരുടെയിടയിൽ എന്നപോലെ മറ്റിടങ്ങളിലും കർത്താവിന്റെ വചനം പ്രചരിക്കുവാൻ ഇടയാകുന്നതിനു പ്രാർത്ഥിക്കണമെന്ന് ഉപദേശിക്കുകയും അവർക്കു വേണ്ടിയുള്ള പൗലോസിന്റെ പ്രാർത്ഥന ആശംസയായി നേരുകയും ചെയ്യുന്നു (3,1-5). (*ബി*) സാമൂഹിക ജീവിതത്തിനുള്ള നിർദ്ദേശങ്ങൾ (3,6-12). ആരംഭിക്കുന്നത് അലസരും കുഴപ്പമുണ്ടാക്കുന്നവരുമായവരിൽ നിന്ന് ഒഴിഞ്ഞു നിൽക്കണമെന്ന നിർദ്ദേശത്തോടെയാണ്. രണ്ടു കാരണങ്ങളും നൽകുന്നു. ഒന്ന്, അവരുടെയിടയിൽ ആയിരുന്നപ്പോൾ പൗലോസ് അലസനായിരുന്നില്ല (3,7-9). രണ്ട്, അദ്ധ്വാനിക്കാത്തയാൾ ഭക്ഷിക്കാതിരിക്കട്ടെ എന്നൊരു കല്പനയും അക്കാലത്ത് പൗലോസ് നൽകി. കർത്താവിന്റെ പുനരാഗമനം സംഭവിച്ചുകഴിഞ്ഞു എന്നു കരുതുന്നതിനാലാവാം ആളുകൾ അലസരായിരിക്കുക (3,10-12). (*സി*) ഉപസംഹാരനിർദ്ദേശങ്ങളും *പ്രാർത്ഥനയും* (3,13-16): നന്മ പ്രവർത്തിക്കണമെന്നും (3,13), കത്തിൽ പറയുന്ന നിർദ്ദേശങ്ങൾ അനുസരിക്കാത്തവരെ എപ്രകാരം കൈകാര്യം ചെയ്യണമെന്നും നിർദ്ദേശിച്ചും (3,14-15) തെസലോനിക്കർക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടും (3,16) മൂന്നാം ഉപവിഭാഗം പൂർണമാക്കുന്നു. ഇവിടെയും കേന്ദ്രപ്രമേയം നടുക്കേതുതന്നെ.

കത്തിന്റെ മൂന്നാം ഘടകം: *ഉപസംഹാരം* (3,17-18). സ്വന്തം കൈപ്പടയിലെഴുതിയ അഭിവാദനത്തോടെ കത്ത് (ലേഖനം) ഉപസംഹരിക്കുന്നു.

# ഭാഗം നാല്
# മാതൃകാചോദ്യങ്ങൾ

*ഇനം 1*

ലോഗോസ് ക്വിസ് 2002നും തിരുവനന്തപുരം മലങ്കര അതിഭദ്രാസനം സ്കൂൾ ബൈബിൾ ക്വിസ് 2002നും നൽകിയയിനം ചോദ്യങ്ങൾ

ചോദ്യങ്ങളുടെ നേർക്കുള്ള (2002) ലോഗോസ് ക്വിസ് 2002നെയും (2002സ്കൂൾ) തിരുവനന്തപുരം മലങ്കര അതിഭദ്രാസനം സ്കൂൾ ബൈബിൾ ക്വിസ് 2002നെയും സൂചിപ്പിക്കുന്നു

ഓരോ ചോദ്യത്തിനും നാല് ഉത്തരങ്ങൾ വീതം നൽകുന്നു. ശരിയായതിന്റെ കോളം ഷേഡ് ചെയ്യുക

1 ഹേറോദേസ് എന്തു ചെയ്തപ്പോഴാണ് തന്റെ തിന്മകളുടെ എണ്ണം ഒന്നുകൂടി അയാൾ വർദ്ധിപ്പിച്ചു എന്ന് ലൂക്കാ എഴുതുക? (a) ഹേറോദിയായെ പരിഗ്രഹിച്ചപ്പോൾ (b) യോഹന്നാന്റെ ശിരസ് വെട്ടിയപ്പോൾ (c) വിസ്താരവേളയിൽ യേശുവിനോടു നിന്ദ്യമായി പെരുമാറിയപ്പോൾ (d) യോഹന്നാനെ കാരാഗൃഹത്തലടച്ചപ്പോൾ (2002)

2 യേശുവിന്റെ ജീവിതത്തിൽ മൂന്നാം ദിവസം നടക്കുന്നതായി ലൂക്കാ രേഖപ്പെടുത്തുന്ന രണ്ടു സംഭവങ്ങളേത്? (a) ഗദ്സമേനിലെ പ്രാർത്ഥന-ഉയർപ്പ് (b) കാനായിലെ വിവാഹം — കുരിശിൽ തറച്ചത് (c) ദേവാലയത്തിൽ കണ്ടെത്തുന്നത്— ദൗത്യം പൂർത്തിയാക്കുന്നത് (d) കാനായിലെ വിവാഹം — ഉയർപ്പ് (2002).

3 മറിയം ദൂതനോടു പറഞ്ഞ ആദ്യവാചകം (a) ഇത് എങ്ങനെ അറിയും? (b) ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ (c) ഇതെങ്ങനെ സംഭവിക്കും? (d) ഇതാ കർത്താവിന്റെ ദാസി (2002സ്കൂൾ).

4 ''സമാധാനത്തോടെ പോവുക'' എന്ന് യേശു രണ്ടു പേരോട് അരുളിച്ചെയ്യുന്നുണ്ട്. അവർ ആരെല്ലാം ? (a) പാപിനി, തളർവാതരോഗി (b) പിശാചുബാധിതൻ, കൂനുള്ള സ്ത്രീ (c) രക്തസ്രാവക്കാരി, പാപിനി (d) കുഷ്ഠരോഗി, കൂനുള്ള സ്ത്രീ (2002).

5 ''ജ്ഞാനം ശരിയെന്നു തെളിയുന്നത് അതു സ്വീകരിക്കുന്നവരിലൂടെയാണ്.'' ഈ വാക്കുകൾ ആരുടെ കഥയ്ക്ക് തൊട്ടുമുമ്പാണ് ലൂക്കായുടെ സുവിശേഷത്തിൽ? (a) കിഴക്കുനിന്ന് ജ്ഞാനികൾ യേശുവിനെ കാണാൻ പോയ കഥയ്ക്ക് (b) യേശു ഭക്ഷണത്തിനിരുന്നപ്പോൾ പട്ടണത്തിലെ പാപിനി കണ്ണീരുകൊണ്ട് യേശുവിന്റെ പാദം കഴുകിയ കഥയ്ക്ക് (c) സോളമന്റെ വിജ്ഞാനം ശ്രവിക്കാൻ ദക്ഷിണദേശത്തെ രാജ്ഞി അദ്ദേഹത്തിന്റെ പക്കൽ പോയ കഥയ്ക്ക് (d) നിനിവെ നിവാസികൾ യോനായുടെ പ്രസംഗം കേട്ട് പശ്ചാത്തപിച്ച കഥയ്ക്ക് (2002 സ്കൂൾ).



6 ലൂക്കായുടെ സുവിശേഷത്തിൽ സദൂക്കായർ പ്രത്യക്ഷപ്പെടുന്ന ഏക അദ്ധ്യായം? (a) 19 (b) 21 (c) 18 (d) 20 (2002).

7 താഴെ പറയുന്നവയിൽ തെറ്റായ പ്രസ്താവനയേത് ? (a) ചുങ്കക്കാരും പാപികളും യേശുവിനെ കേൾക്കാൻ ആഗ്രഹിച്ചു (b) സമാധാനത്തിനുള്ള മാർഗങ്ങൾ ജറുസലേമിന്റെ ദൃഷ്ടിയിൽ നിന്ന് മറയ്ക്കപ്പെട്ടിരിക്കുന്നു (c) മനുഷ്യപുത്രനെതിരായി സംസാരിക്കുന്നവനോടു ക്ഷമിക്കപ്പെടും (d) എന്നോടു കൂടിയല്ലാത്തവൻ നിങ്ങൾക്ക് എതിരാണ് (2002).

8 പൂരിപ്പിക്കുക: ''നീ പെരുവഴികളിലും ഉടവഴികളിലും ചെന്ന് .... ആളുകൾ അകത്തേക്കു വരാൻ നിർബന്ധിക്കുക.'' (a) ക്ഷണിക്കപ്പെട്ട (b) വിരുന്നുശാല നിറയുവോളം (c) എന്റെ വീടു നിറയുവോളം (d) ദരിദ്രർ, വികലാംഗർ, കുരുടർ, മുടന്തർ, തുടങ്ങിയ (2002).

9 ലൂക്കായുടെ സുവിശേഷം മഗ്ദലേന മറിയമിനെക്കുറിച്ചു പറയാത്തതെന്ത്? (a) ഏഴു ദുഷ്ടാത്മാക്കൾ വിട്ടുപോയവൾ (b) സുഗന്ധദ്രവ്യങ്ങളുമായി ആഴ്ചയുടെ ആദ്യ ദിവസം അതിരാവിലെ കല്ലറയുടെ അടുത്തേക്കു പോയി (c) മഗ്ദലേന മറിയവും യോവാന്നയും (d) കണ്ണീരുകൊണ്ട് യേശുവിന്റെ പാദം കഴുകി

ചുരുങ്ങിയ വാക്കുകളിൽ ഉത്തരമെഴുതുക:

(1)ഫലത്തിൽ നിന്ന് വൃക്ഷത്തെ അറിയാമെന്നതിനെക്കുറിച്ച് യേശു അരുളിച്ചെയ്ത വചനങ്ങൾ എഴുതുക. (2) ലൂക്കായുടെ സുവിശേഷത്തിലെ കാരുണ്യവാനായ യേശുവിനെക്കുറിച്ച് വിവരിക്കുക (2002).

*ഇനം 2*

1. പുസ്തകം, അദ്ധ്യായം, വാക്യം എഴുതുക:

(എ) ''മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു.''

(ബി) ''ജ്ഞാനം ശരിയെന്നു തെളിയുന്നത് അത് സ്വീകരിക്കുന്നവരിലൂടെയാണ്.''

2 യേശുവിന്റെ നിരപരാധിത്വം പീലാത്തോസ് എത്ര തവണ പ്രസ്താവിച്ചു?

3 യേശുവിന് തന്റെ പിതാവിന്റെ ഭവനത്തോടുള്ള ബന്ധം സൂചിപ്പിക്കുന്ന ഏതെല്ലാം സംഭവങ്ങൾ യേശുവിനെയും ദേവാലയത്തെയും ബന്ധപ്പെടുത്തി ലൂക്കാ വിവരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ?

4 താഴെ പറയുന്ന വേദഭാഗങ്ങൾ പരാമർശിക്കുന്ന മുഖ്യ വിഷയം എന്ത്? ലൂക്കാ 3,21-22; 10,21; 1തെസ 2,3; 2,9.

5 ''ഇന്നിനെ''ക്കുറിച്ച് ലൂക്കായുടെ സുവിശേഷത്തിന്റെ ദർശനം വിശദമാക്കുക. ഈ വിഷയത്തെക്കുറിച്ചുള്ള ലൂക്കായുടെ ദർനം നിങ്ങൾക്ക് എപ്രകാരം പ്രയോജനം ചെയ്തു ?

6 ലൂക്കായുടെ സുവിശേഷം 13-ാം അദ്ധ്യായത്തിലെ പ്രധാന സംഭവങ്ങൾ ഏവ? (തലക്കെട്ടുകളും വാക്യങ്ങളും മാത്രം എഴുതിയാൽ മതി).

7 1തെസലോനിക്കാ ലേഖനത്തിന്റെ ഉദ്ദേശം ചുരുക്കിയെഴുതുക

8 വിശ്വാസിസമൂഹത്തിന്റെ സാന്മാർഗിക ജീവിതം സംബന്ധിച്ച് 1 തെസ 4,1-12ലെ ഉപദേശങ്ങളുടെ പ്രധാന ആശയങ്ങൾ ഏവ?

9 2 തെസലോനിക്കാ ലേഖനത്തിന്റെ ഉദ്ദേശം എന്ത്?

10 സാമൂഹിക ജീവിതം സംബന്ധിച്ച് 2 തെസ 3,6-12 നൽകുന്ന ഉപദേശങ്ങൾ ഏവ?

11 ലൂക്കാ എന്താണ് വിവരിക്കുക? (ലൂക്കായുടെ വാക്കുകളിൽ ഉത്തരമെഴുതുക)

## *വിചിന്തനത്തിനും ചർച്ചയ്ക്കും*

ലൂക്കായുടെ സുവിശേഷവും 1,2 തെസലോനിക്കാ ലേഖനങ്ങളും പഠിച്ചതു കൊണ്ട് നിങ്ങൾക്ക് വ്യക്തിപരവും സാമൂഹ്യവുമായ തലങ്ങളിൽ ഉണ്ടായ പ്രയോജനങ്ങൾ എഴുതുക:

(എ) ആത്മീയ തലത്തിൽ

(ബി) സമഗ്ര വളർച്ചയ്ക്ക്

(സി) വിദ്യാഭ്യാസ-സാമ്പത്തിക വളർച്ചയെക്കുറിച്ചുള്ള ദർശനം സംബന്ധിച്ച്

(ഡി) തൊഴിലിനോടുള്ള സമീപനം സംബന്ധിച്ച്

(ഇ) സമൂഹത്തോടുള്ള ബന്ധത്തിന്റെ വിവിധ മേഖലകളിൽ

(എഫ്) ലൂക്കായുടെ സുവിശേഷത്തിലും 1,2 തെസലോനിക്കാ ലേഖനങ്ങളിലും (ഓരോ പുസ്തകത്തിലും) നിങ്ങളെ ഏറ്റവും സ്പർശിച്ച ഭാഗങ്ങളേത്? കാരണം?

(ജി) സകല മനുഷ്യർക്കും വേണ്ടി ദൈവം യേശുക്രിസ്തുവിൽ പൂർത്തിയാക്കിയ രക്ഷ അനുഭവിക്കാൻ ജാതി,മത,വർഗ,വർണ ഭേദമില്ലാതെ ആളുകളെ സഹായിക്കാൻ നിങ്ങൾക്ക് എങ്ങനെ സാധിക്കുമെന്നാണ് ലൂക്കായുടെ സുവിശേഷവും 1,2 തെസലോനിക്കാ ലേഖനങ്ങളും പഠിച്ചതിന്റെ വെളിച്ചത്തിൽ ഇപ്പോൾ നിങ്ങൾ മനസിലാക്കിയിട്ടുള്ളത്?



# ഉപസംഹാരം

വിശുദ്ധ ലൂക്കാ എഴുതിയ സുവിശേഷവും വിശുദ്ധ പൗലോസ് തെസലോനിക്കായിലെ സഭയ്ക്ക് എഴുതിയ ലേഖനങ്ങളും ക്രിസ്തുസുവിശേഷത്തിന്റെ രണ്ടു രൂപങ്ങളിലുള്ള വ്യാഖ്യാനങ്ങളാണ്. ലൂക്കാ ചരിത്രത്തിന്റെ രൂപത്തിലും പൗലോസ് കത്തിന്റെ രൂപത്തിലുള്ള ലേഖനങ്ങളിലും എഴുതി. ലൂക്കാ സ്വീകരിച്ച സാഹിത്യരൂപത്തിന് ''വിവരണം'' (*ഡിയഗേസിസ്*) എന്നായിരുന്നു അദ്ദേഹത്തിന്റെയും ആദ്യ അനുവാചകരുടെയും സ്ഥലകാലസാഹചര്യങ്ങളിൽ പേര്. സർഗധനരും സമർത്ഥരും പ്രസിദ്ധരുമായ യവനചരിത്രകാരന്മാർ അവലംബിച്ചിരുന്ന ഒരു സാഹിത്യരൂപമാണത്. അതിനുള്ളിൽ ലൂക്കാ ക്രിസ്തുസുവിശേഷം രുചികരമായി അവതരിപ്പിച്ചു. ലൂക്കാ ''വിവരണം'' (*ഡിയഗേസിസ്*) എന്ന സാഹിത്യരൂപത്തെ പഴയ നിയമത്തിലെ രക്ഷാ[കര]ചരിത്രമെന്ന സാഹിത്യരൂപത്തോടു കൂട്ടിയിണക്കിയാണ് അതു സാധിച്ചത്. സകല മനുഷ്യർക്കും വേണ്ടിയുള്ള തന്റെ രക്ഷാപദ്ധതി ദൈവം യേശുക്രിസ്തുവിൽ പൂർത്തിയാക്കിയ കഥ അങ്ങനെ ലൂക്കാ സർഗാത്മകമായി അവതരിപ്പിച്ചു. രണ്ടാം വാല്യമായ അപ്പോസ്തലപ്രവർത്തനങ്ങൾ കൂടി എഴുതിയതിനാൽ ഗ്രേക്കോ-റോമൻ പാരമ്പര്യത്തിലെ അതിപ്രശസ്തരായ ഗുരുക്കന്മാരുടെ ജീവചരിത്രത്തിന്റെ ഛായയും ലൂക്കായുടെ സുവിശേഷഭാഷ്യരചനയിൽ പ്രതിഫലിക്കുന്നുണ്ട്. ലൂക്കാ രചനയിൽത്തന്നെ എന്തെന്തു സാഹിത്യരൂപങ്ങളും സാഹിത്യസങ്കേതങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നോ! ''വിവരണം'' എന്ന സാഹിത്യരൂപത്തിൽ ക്രിസ്തുസുവിശേഷം അവതരിപ്പിച്ച് ലൂക്കാ ക്രിസ്തീയ രക്ഷാചരിത്രമെന്ന സാഹിത്യരൂപം സൃഷ്ടിച്ചു. ലൂക്കാ അന്ത്യോഖ്യയിലെ ഒരു വിജാതിയ ക്രിസ്ത്യാനിയായിരുന്നു. അദ്ദേഹത്തിന്റെ ഈ സുവിശേഷഭാഷ്യരചന അഥവാ വചനസാക്ഷ്യം ക്രിസ്തീയ സഭയ്ക്കും ക്രിസ്തീയ സാഹിത്യത്തിനും മാത്രമല്ല, ലോകസാഹിത്യത്തിനുതന്നെ വിലപ്പെട്ടൊരു സംഭാവനയും സമ്പാദ്യവുമായി.

യേശുക്രിസ്തു പൂർത്തിയാക്കിയ രക്ഷാകരശുശ്രൂഷ സകല മനുഷ്യരുടെയും, വിശേഷിച്ച് ഏതെങ്കിലും തരത്തിൽ പീഡിതരായവരുടെ, സമഗ്രമോചനമാണെന്ന് ലൂക്കാ ഉദാഹരണങ്ങൾ ഉദ്ധരിച്ചും വ്യാഖ്യാനിച്ചു വിവരിക്കുന്നു. *രക്ഷാകരമായ ഭൂതവർത്തമാനഭാവികളെ ഒരേ സമയം രക്ഷാകരമായി ആഘോഷിക്കുകയും ജീവിക്കുകയും അതിന്റെ വക്താക്കളായിരിക്കയും ചെയ്യുന്ന* ക്രിസ്തീയ വിശ്വാസികളെ, പ്രത്യേകിച്ച് സഭയുടെ യുവജനത്തെ, തങ്ങളുടെയും സമസ്തമനുഷ്യസമൂഹത്തിന്റെയും സമഗ്രവളർച്ചയ്ക്ക് സമ്പൂർണമായി സമർപ്പിക്കാൻ ലൂക്കായുടെ സുവിശേഷരചന ആവേശഭരിതരാക്കേണ്ടതാണ്. തങ്ങളുടെ സ്ഥലകാലസാഹചര്യങ്ങളിൽ സ്വീകാര്യതയും ആധികാരികതയുമുള്ള, പാരമ്പര്യവും പുതുമയും കോർത്തിണക്കപ്പെട്ട, പലവിധ കലാസാഹിത്യരൂപങ്ങളിൽ ക്രിസ്തുസുവിശേഷം സർഗാത്മകമായി അവതരിപ്പിക്കാൻ അനുഗൃഹീതർ ശ്രദ്ധിക്കുന്നത് ലൂക്കാ സ്വീകരിച്ച വഴിക്കുള്ള സവിശേഷമായ സാക്ഷ്യശുശ്രൂഷയാണ്.

കത്തിന്റെ രൂപത്തിലുള്ള ലേഖനങ്ങളിലാണ് പൗലോസ് സുവിശേഷഭാഷ്യം രചിച്ചിട്ടുള്ളത്. ബാഹ്യരൂപം കത്തിന്റേത്. ഘനമുള്ള ഉള്ളടക്കം. രക്ഷാകരകർമം പൂർത്തിയാക്കിയ കർത്താവ് അതിന്റെ പരിസമാപ്തിഘട്ടത്തിന് സമാഗതമാകുന്നതിനെക്കുറിച്ചുള്ള വിചാരങ്ങൾ തെസലോനിക്കാ ലേഖനങ്ങളുടെ കേന്ദ്രവിഷയമെന്നു പറയാം. അവ നമ്മെ കൂടുതൽ ഉന്നതചിന്തകരും ഉത്സാഹികളുമാക്കുന്നു. ഇപ്പോൾ കത്തിനെക്കാൾ എസ്.എം.എസുകളുടെ കാലമാണ്. വിശേഷിച്ച് യുവജനങ്ങൾക്ക്. 2010ൽ ഇന്ത്യയിൽ മാത്രം 50 കോടി മൊബൈൽ ഫോൺ വരിക്കാരാവുമെന്നാണ് കണക്ക്. ലൂക്കായും പൗലോസും നാമോരോരുത്തരോടും സഭയോടും വ്യക്തിപരമായ ബന്ധം നിലനിർത്തിക്കൊണ്ടാണ് സുവിശേഷസാക്ഷ്യരചനകൾ നിർവഹിച്ചിട്ടുള്ളത്. മനുഷ്യസമൂഹത്തിന്റെ ഉയർച്ചയ്ക്കു വേണ്ടി ക്രിസ്ത്വനുഭവത്തിൽ പ്രവർത്തിക്കാൻ അവ നമ്മെ പ്രേരിപ്പിക്കുന്നു.

# വിശുദ്ധ ലൂക്കാ എഴുതിയ സുവിശേഷവും
# വിശുദ്ധ പൗലോസ്
# തെസലോനിക്കായിലെ സഭയ്ക്ക് എഴുതിയ
# ഒന്നും രണ്ടും ലേഖനങ്ങളും
## ലഘുപഠനങ്ങൾ
## മാതൃകാചോദ്യങ്ങളും

കുര്യൻ വാലുപറമ്പിൽ
(എഡിറ്റർ)

പ്രസിദ്ധീകരണം
**ബൈബിൾ അപ്പോസ്റ്റലേറ്റ്**
**തിരുവനന്തപുരം മേജർ ആർക്കി എപ്പിസ്കോപ്പൽ ഭദ്രാസനം**
**2006**

## ഉള്ളടക്കം

മുഖവുര

**ഭാഗം ഒന്ന്**

വിശുദ്ധ ലൂക്കാ എഴുതിയ സുവിശേഷം (ഫാദർ കുര്യൻ വാലുപറമ്പിൽ) 1
ആമുഖവിവരങ്ങൾ 1
സുവിശേഷത്തിന്റെ രൂപരേഖ 7
സുവിശേഷത്തിന്റെ പൊതുവായ ഉള്ളടക്കം 7
സുവിശേഷത്തിന്റെ പൊതുഘടനയും അതിന്റെ വിശദീകരണവും 7
സുവിശേഷത്തിന്റെ ആമുഖപ്രസ്താവന (1,1–4) 8
യേശുക്രിസ്തുവിന്റെ പരസ്യ ജീവിതത്തിന്റെ പശ്ചാത്തലവും ഒരുക്കവും (1,5–4,13) 10
ദൈവിക വാഗ്ദാനപൂർത്തീകരണത്തിന്റെ ആരംഭസംഭവങ്ങൾ (1,5–2,52) 10
യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയുടെ അടുത്ത പശ്ചാത്തലവും ഏറ്റവുമടുത്ത ഒരുക്കവും (3,1–4,13) 13
യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷ യൂദയാദേശം മുഴുവൻ (4,14–24,53) 15
യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭവും ഒന്നാം ഭാഗവും ഗലീലിയിൽ (4,14–9,51) 15
യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയുടെ രണ്ടാം ഭാഗം: ഗലീലിയിൽ നിന്ന് ജറുസലേമിലേക്കുള്ള യാത്ര (9,51–19,46: *യാത്രാവിവരണം*) 17
യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയുടെ മൂന്നാം ഭാഗം: പരിസമാപ്തി (പൂർത്തീകരണം) ജറുസലേമിൽ (19,47–24,53) 19

**ഭാഗം രണ്ട്**

യേശുക്രിസ്തു പൂർത്തിയാക്കിയ രക്ഷയുടെ സമഗ്രതയും ലക്ഷ്യവും ... 20
ചില മേഖലകളുടെ വിശദ പഠനം 22
ദേവാലയബന്ധം; പ്രാർത്ഥന; ദൈവവചനത്തോടും അപ്പംമുറിക്കലിനോടും ബന്ധം; പരിശുദ്ധാത്മാവനുഭവം 22–27
ശിഷ്യത്വം തീർത്ഥയാത്ര; തീർത്ഥയാത്ര പ്രേഷിതയാത്ര; ശിഷ്യത്വം സന്തോഷിക്കാനുള്ള വിളി; ശിഷ്യത്വം സമാധാനം അനുഭവിക്കാനുള്ള വിളി; ശിഷ്യത്വം അനുതപിക്കാനുള്ള വിളിയുടെ സ്വീകരണം; ശിഷ്യത്വം നാം ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതിനെപ്രതി നമ്മെ പീഡിപ്പിക്കുന്നവരെ സ്നേഹിക്കാനുള്ള ജീവിതം 28–31
ലൂക്കായുടെ സുവിശേഷം ദൈവകരുണയുടെ സുവിശേഷം 31
ലൂക്കായുടെ സുവിശേഷം സ്ത്രീശാക്തീകരണത്തിന്റെ സുവിശേഷം 33
ദാരിദ്ര്യവും സമ്പത്തും ദൈവരാജ്യപ്രവേശനത്തിന് 37
അജ്ഞാനത്തിൽ നിന്നു മോചനവും ജ്ഞാനത്തിൽ വളർച്ചയും 40
*ഇന്നിനെ* പ്രയോജനപ്പെടുത്തുക 43

**ഭാഗം മൂന്ന്**

വിശുദ്ധ പൗലോസ് തെസലോനിക്കായിലെ സഭയ്ക്ക് എഴുതിയ ലേഖനങ്ങൾ 44
(ഫാദർ ദാനിയേൽ പൂവണ്ണത്തിൽ– ഫാദർ കുര്യൻ വാലുപറമ്പിൽ)
1 തെസലോനിക്കാ 44
2 തെസലോനിക്കാ 48

**ഭാഗം നാല്**

മാതൃകാചോദ്യങ്ങൾ 51
ഉപസംഹാരം 54

# മുഖവുര

യുവജനങ്ങളോടു മാർപ്പാപ്പാ:

2006 ഏപ്രിൽ 9 ഓശാന ഞായറിലാചരിച്ച ലോകയുവജനദിനത്തിലേക്കുള്ള തന്റെ സന്ദേശത്തിൽ പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ യുവജനങ്ങളെ അഭിസംബോധന ചെയ്തു: "***എന്റെ പ്രിയപ്പെട്ട യുവസ്നേഹിതരേ, നിങ്ങൾ ദൈവവചനത്തെ സ്നേഹിക്കുക, സഭയെ സ്നേഹിക്കുക, ... എന്റെ പ്രിയപ്പെട്ട യുവജ നങ്ങളേ, നിങ്ങൾ വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ച് കൂടുതൽ പരിജ്ഞാനമുള്ള വരാകുവാനും, നിങ്ങൾ പോകേണ്ടതായ മാർഗം കാണിക്കുന്ന ഒരു ദിശാസൂചിക പോലെ അത് എപ്പോഴും നിങ്ങളുടെ കൂടെ സൂക്ഷിക്കുവാനും ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു; അതു വായിക്കുന്നതിലൂടെ, യേശുവിനെ അറിയുന്നതിന് നിങ്ങൾ പഠിക്കും ... ദൈവവചനം പഠിക്കുന്നതിനും ആഴത്തിൽ അനുഭവിക്കുന്നതിനുമുള്ള പരമ്പരാഗതമായ ഒരു മാർഗമാണ് ദൈവവചനവായന (lectio divina). അത് യഥാർത്ഥവും അർത്ഥപൂർണവുമായ, ഘട്ടംഘട്ടമായുള്ള ഒരു ആത്മീയ യാത്രയാണ്...***"

പരിശുദ്ധ പിതാവ് ചൂണ്ടിക്കാട്ടിയ ആത്മീയ യാത്രയുടെ 2006ലെ ഭാഗം കെ.സി.ബി.സി.ബൈബിൾ കമ്മീഷന്റെ *ലോഗോസ് ക്വിസ്* ബൈബിൾപഠനപദ്ധതിയോടു സഹകരിച്ച് എത്രയും ഫലപ്രദമായി നടത്തുവാൻ മലങ്കര കത്തോലിക്കാ സഭയുടെ തിരുവനന്തപുരം മേജർ ആർക്കി എപ്പിസ്കോപ്പൽ ഭദ്രാസനത്തിന്റെ യുവജനപ്രസ്ഥാനത്തിലെ സുഹൃത്തുക്കൾ കൂട്ടായി തീരുമാനിച്ചു. അവർക്കും ബൈബിൾപഠനത്തിനാഗ്രഹിക്കുന്ന മറ്റനേകർക്കും എളിയൊരു കൈത്താങ്ങായി ഈലഘുഗ്രന്ഥം പ്രസിദ്ധീകരിക്കാൻ അതിയായ സന്തോഷമുണ്ട്. ഇതിന് മുഖവുരയും ഉപസംഹാരവും കൂടാതെ നാലു ഭാഗങ്ങളുണ്ട്. ഒന്നും രണ്ടും ഭാഗങ്ങൾ ലൂക്കാ എഴുതിയ സുവിശേഷവും മൂന്നാം ഭാഗം പൗലോസ് തെസലോനിക്കായിലെ സഭയ്ക്ക് എഴുതിയ രണ്ടു ലേഖനങ്ങളും പഠിക്കാനും പരിചിന്തനവിഷയമാക്കാനും സഹായകമായ ലഘുപഠനങ്ങളാണ്. നാലാം ഭാഗം മാതൃകാചോദ്യങ്ങൾ.

ഇതു പ്രസിദ്ധീകരിക്കാൻ സഹായിച്ച എല്ലാവർക്കും, പ്രത്യേകിച്ച് മോറാൻ മോർ സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവായ്ക്കും ബഹു.പൂവണ്ണത്തിൽ ദാനിയേലച്ചനും, ഏറെ നന്ദി. പരിശുദ്ധ പിതാവിന്റെ ആഹ്വാനം സർവാത്മനാ സ്വീകരിച്ച മലങ്കര കത്തോലിക്കാ സഭയുടെ തിരുവനന്തപുരം മേജർ ആർക്കി എപ്പിസ്കോപ്പൽ ഭദ്രാസനത്തിലെ യുവജനപ്രസ്ഥാനത്തിന്റെ ഡയറക്ടർ ബഹു. മേലൂട്ട് ബോവാസച്ചനും യുവജനനേതൃത്വത്തിനും പ്രവർത്തകർക്കും നന്ദിയും അഭിനന്ദനങ്ങളും! നാലാഞ്ചിറ സൂര്യാ പ്രസിനോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം — ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്
15.6.2006 — തിരുവനന്തപുരം മേജർ ആർക്കി എപ്പിസ്കോപ്പൽ ഭദ്രാസനം

***visudha lukka ezhutiya suviseshavum***
***visudha paulos tesalonikkayile sabhackezhutiya***
***onnum rantum lekhanangalum***
***lekhupathanagal***
***matrka chodyangalum***

A Publication of the Bible Apostolate of the Major Archiepiscopal Eparchy of Trivandrum, Thiruvananthapuram 695015, Kerala, India.

Copy Right: Bible Apostolate of the Major Archiepiscopal Eparchy of Trivandrum (2006)

Type Setting & Printing: Surya Printers, Nalanchira, Trivandrum - 695 015.